# ഗുരുനാഥൻ.

പുസ്തകം 14 | 110 ഇടവം | ലക്കം 10

## നമ്മുടെ ബാലപാഠക്ലാസ്സ്.

(എം. രാമവർമ്മതമ്പാൻ ബി. എ., എൽ. ടി.)

മലയാംപള്ളിക്കൂടങ്ങളിൽ ബാലപാഠക്ലാസ്സുകളിലെ അദ്ധ്യയനസമ്പ്രദായം ഒന്നു മാററേണ്ടിയിരിക്കുന്നു. ഇന്നു നടപ്പിലിരിക്കുന്ന അദ്ധ്യയനരീതിയല്ലെ അനവധി കുട്ടികൾ കരഞ്ഞുകൊണ്ടു സ്കൂളിൽ പോകാൻ കാരണം? അതുതന്നെയാണൊ കുട്ടികളിൽ പഠിക്കുന്നതിനു കാണുന്ന നീരസത്തിനും നിരുത്സാഹത്തിനും ഉള്ള കാരണങ്ങളിൽ പ്രധാനമായ ഒന്ന്. ഈ അദ്ധ്യയനസമ്പ്രദായം ഒന്നു മാററിയാൽ കൊള്ളാമെന്നു വളരെക്കാലംമുമ്പെ ഒരു മോഹം എന്നിൽ ഉണ്ടായി. ഞാൻ ഇൻസ്പെക്ടരായിരുന്നകാലത്ത് ഇതു ദൃഢിയായി എന്നിൽ കാണാൻ തുടങ്ങി. ഉത്സാഹികളായ ചില ചെറുപ്പക്കാർ—അദ്ധ്യാപകന്മാർ—എന്റെ നിർദ്ദേശങ്ങളെ നടപ്പിൽ വരുത്താൻ ഉത്സാഹിച്ചുതുടങ്ങാതെയുമിരുന്നില്ല. പരേതനായ രാമസ്വാമിഅയ്യർ ഉദ്യോഗം വിട്ടൊഴിയുന്നതിനു സ്വല്പംമുമ്പ് അദ്ദേഹത്തോട്ട് എന്റെ അഭിപ്രായം ഞാൻ പറയുകയുണ്ടായി. അദ്ദേഹത്തിന് അതു രസിച്ചു. നമുക്കൊന്നു പരീക്ഷിച്ചുനോക്കാമെന്ന് അദ്ദേഹം എന്നോടു പറയുകയും ചെയ്തു. പക്ഷെ അപ്രതീക്ഷിതമായി പെട്ടെന്ന് അദ്ദേഹം പെൻഷൻ പററുകയാൽ എന്റെ ആശയം ഫലിക്കാതെ കിടന്നുപോയി! ഇന്നുള്ള പ്രതിഭാശാലികളായ ഇൻസ്പെക്ടറന്മാർക്കൊ അദ്ധ്യാപകന്മാർക്കൊ ഉത്സാഹം തോന്നി ഈ രീതി നടപ്പിൽ വരുത്തി കാണാൻ ഞാൻ ആഗ്രഹിക്കുന്നുണ്ട്. അതിനാൽ അതിന്റെ ഒരു ഏകദേശരൂപം ഇവിടെ കുറിക്കാമെന്നു വിചാരിക്കുന്നു.

ഒന്നാംക്ലാസ്സായ ബാലപാഠക്ലാസ്സിൽ വന്നുചേരുന്ന കുട്ടികളുടെ ശരാശരി വയസ്സ് അഞ്ചായിരിക്കുമെന്നു തോന്നുന്നു. അതുവരെ അവർ വീട്ടിൽ ഓടിച്ചാടി കളിച്ചും പാട്ടു കേട്ടും, പാടിയും കഥകേട്ടും, പറഞ്ഞും

പല സാധനങ്ങളും ഉണ്ടാക്കിയും ഉടച്ചും, പലതും തിന്നും, തമ്മിത്തല്ലിയും, കരഞ്ഞും ചിരിച്ചും, ശൈശവാരാമത്തിൽ സ്വസ്വാതന്ത്ര്യത്തോടെ ജീവിച്ചിരുന്നവരായിരിക്കണം. ഒന്നാംക്ലാസ്സിൽ വന്ന ഉടനെ അവരുടെ പ്രസരിപ്പിനെ കൊന്ന് അവർ ഓരോ പീരിയേഡായ അൻപതുമിനിട്ടുനേരം ബഞ്ചിൽ ഒരേ ഇരിപ്പിൽ ഇരിക്കണമെന്ന വിധി ഉച്ചരിച്ചുകേൾക്കുന്നു. വീട്ടിൽ അപൂർവ്വംമാത്രം കാണാറുണ്ടായിരുന്ന വടി അദ്ധ്യാപകൻെറ കൈയിൽ തൻെറ തൊഴിലിൻെറ കൊടിഅടയാളമായി ഉച്ചലിച്ചുകൊണ്ടിരിക്കുന്നു. വീട്ടിൽവച്ചു കൂടക്കൂടെ കിട്ടിയിരുന്ന ചുംബനങ്ങളും ആശ്ലേഷണങ്ങളും കണികാണ്മാൻകൂടിയില്ല. അദ്ധ്യാപകൻ അവരുടെ പിഞ്ചുമേനികളെ കൈകൊണ്ടു തൊടുന്നതുതന്നെ അപൂർവ്വം. തൻെറ യോഗദണ്ഡ് കുട്ടികളെ അടിച്ച് ഒടിഞ്ഞുപോയാൽമാത്രം നുള്ളുകയോ, പിച്ചുകയോ, പിടിച്ചു വലിക്കുകയോ, തള്ളുകയോ ചെയ്യുമ്പോൾമാത്രമാണ് അദ്ധ്യാപകൻെറ കരസ്പർശം കുട്ടികൾക്കു ലഭിക്കുന്നതു്. തങ്ങൾക്ക് ഒരു രസവുമില്ലാത്ത അക്ഷരങ്ങൾ എഴുതാനും വായിക്കാനും തങ്ങളുടെ ജയിലറന്മാരായ അദ്ധ്യാപകന്മാർ തങ്ങളെ നിർബ്ബന്ധിക്കുന്നു. ഇതിൽനിന്നു സ്വല്പമായ ഒരു മോക്ഷം മൂത്രംവീഴ്ത്താൻ പോകുമ്പോൾ മാത്രമേയുള്ളു. അതിനാലത്രെ അവർ കൂടക്കൂടെ മൂത്രംവീഴ്ത്താൻ പോകുന്നതു്. ആവശ്യമില്ലെങ്കിലും സ്വല്പനേരമെങ്കിലും ദുർമ്മുഖനായ ഈ വടിക്കാരനിൽനിന്ന് ഒന്ന് അകന്നിരിക്കാമല്ലോ എന്നു വച്ചാണു കുട്ടികൾ ഈ നയം സ്വീകരിക്കുന്നതു്. വീട്ടിലെപ്പോലെ വല്ലതും ഇടയ്ക്കിടയ്ക്കു തിന്നുക എന്നതൊ സ്മരിച്ചിട്ടുകൂടി ആവശ്യമില്ല! ഭാവിമന്ത്രിമാരും ന്യായാധിപന്മാരും, ശാസ്ത്രിമാരും, കലാനാഥന്മാരും, മററുമാകാൻ പോകുന്ന ദിവ്യചൈതന്യങ്ങളുടെ അരങ്ങേററം ഏതാണ്ടിപ്രകാരമല്ലെ! ശൈശവാരാമം (കിൻെറർഗാർട്ടൻ) മുതലായി കളിരൂപത്തിലുള്ള പല അനുഗ്രഹങ്ങളും ലോകത്തിലുണ്ടായിട്ടുണ്ടെങ്കിലും അവയ്ക്കു നമ്മുടെ വിദ്യാലയങ്ങളിൽ പ്രവേശിക്കാൻ ഇനിയും പൂർണ്ണമായി അനുവാദം കിട്ടിക്കഴിഞ്ഞിട്ടില്ല! ആ ആരാമത്തിൽ ചിലച്ചു കളിക്കുന്ന കിളികളാവാൻ ഭാഗ്യം വന്നുകഴിഞ്ഞിട്ടില്ലെങ്കിലും, ഇന്നത്തെ അന്ധകാരമയമായ ജീവിതത്തിൽ സ്വല്പമെങ്കിലും വെളിച്ചം കാണാൻ കുട്ടികൾക്ക് ആഗ്രഹവും അവകാശവും ഉണ്ടെന്നാണ് എൻെറ വിശ്വാസം. അതിനാൽ എൻെറ നിർദ്ദേശത്തെ ദയാപൂർവ്വം ശ്രദ്ധിക്കാൻ ഇൻസ്പെക്ടറന്മാരോടും, ഹെഡ്മാസ്റ്ററന്മാരോടും, ഒന്നാംക്ലാസ്സ് അദ്ധ്യാപകന്മാരോടും ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

ഒന്നാമതായി അദ്ധ്യയനസമയം ഒരുദിവസം രണ്ടുമണിക്കൂറിൽ കൂടരുതു്. അതു കാലത്തു് എട്ടുമണിമുതൽ പത്തുമണിവരെ മതിയാകും. ആ സമയം സ്കൂൾകെട്ടിടം മുഴുവനും അവൎക്കുപയോഗിക്കാമല്ലോ. ഈ രണ്ടു മ

ണിക്കൂർ കുറഞ്ഞപക്ഷം ആറു പീരിയേഡാക്കാം. അവയിൽ, വിഷയങ്ങൾ കഥ, കളി, പാട്ട്, ഡ്രായിംഗ്, ക്ലെമാഡെലിംഗ്, അക്ഷരം കണ്ടുപിടിക്കുക, കണക്ക് ഇവയാകണം. ഇവയെല്ലാം കുട്ടികൾക്കു രസമായി പഠിക്കാൻ തക്കരീതിയിലായി ഏൎപ്പാടു ചെയ്യിരിക്കണം.

അദ്ധ്യാപകത്വം ആരിലാണ് നിക്ഷേപിക്കേണ്ടതു്? കുട്ടികളെ വാത്സല്ലിക്കാനും, അവരോടു ചേൎന്നു കളിക്കാനും, അവരുടെ ദുഃഖങ്ങളിൽ പങ്കുകൊള്ളുന്നതിനും തയ്യാറുള്ളവർ ആണായാലും പെണ്ണായാലും ഇത്തരം അദ്ധ്യാപകവൃത്തിക്കു പററിയവരാണ്. ഒന്നെങ്കിലും പ്രസവിച്ച സ്ത്രീയായിരിക്കും നല്ല അദ്ധ്യാപിക എന്ന് ആദൎശമായി പറയാമെങ്കിലും ഇതു് ഒരു സാധാരണ തത്വമായി കരുതിയാൽ പലപ്പോഴും അപകടമുണ്ടാകും. അദ്ധ്യാപികമാൎക്ക്, അദ്ധ്യാപകന്മാരെപ്പോലെ ഡിസിപ്ലിൻ ചെലുത്താൻ സാധിക്കുകയില്ല എന്നുള്ള അപവാദം ഭയന്നു പല അദ്ധ്യാപികമാരും അവരുടെ സ്വഭാവത്തിനു പററാത്ത ഗൌരവവും ക്രൂരതയും ശീലിക്കാറുണ്ട്. പുരുഷന്മാരെപ്പോലെ വടിവീശി അടിക്കയില്ലെങ്കിൽ നഖം ഉപയോഗിച്ചു നുള്ളുന്നതിൽ തീരെ ഉപേക്ഷ അവർ കാണിച്ചില്ലെന്നും വരാം. അതിനാൽ ഒന്നാംക്ലാസ്സിലെ അദ്ധ്യാപകത്വത്തിനു സ്ത്രീപുരുഷഭേദം മാത്രം പ്രമാണമാക്കാതെ അതിന് ഉത്സാഹവും പ്രതിഭയും ഉള്ള ആളെ വേണം നിയമിക്കുവാൻ. ആദ്യമായി അദ്ധ്യാപകവൃത്തി തുടങ്ങുന്നവരെ അതിനാക്കരുതുതന്നെ.

മേൽവിവരിച്ച വിഷയങ്ങൾ തന്നെ എങ്ങിനെ പഠിപ്പിക്കണമെന്നു വിസ്തരിച്ച് ഒരു പാഠപദ്ധതി എഴുതാൻ ഉദ്യമിക്കുന്നില്ല. അതു് ഓരോ അദ്ധ്യാപകൻേറയും പ്രതിഭയ്ക്കു വിട്ടുകൊടുക്കുകയായിരിക്കും നല്ലതു്. ഓരോ അദ്ധ്യാപകൻേറയും മുറ അവനെപ്പോലെതന്നെ വളൎന്നു വരികയായിരിക്കും ഉത്തമം. പ്രത്യേകം ഒരു അദ്ധ്യാപനമുറ നിൎമ്മിക്കുകയാണെങ്കിൽ പലരും കണ്ണടച്ച് അതുതന്നെ തത്തമ്മപ്പാട്ടാക്കി അദ്ധ്യാപനം നിർജീവമാക്കിത്തീൎത്തേക്കുമോ എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. സഹഭാവസഹിതം ഒരു ഹെഡ്മാസ്റ്ററോ ഇൻസ്പെക്ടരോ ഇത്തരം അദ്ധ്യാപകന്മാരെ പ്രോത്സാഹിപ്പിച്ചു സഹായിച്ചാൽ നന്ന്. പക്ഷെ സാധാരണ സൂപ്പർവിഷൻ, ഇൻസ്പെക്ഷൻ, ഇവപോലെ അദ്ധ്യാപകൻെറ ദൂഷ്യം കണ്ടു രേഖപ്പെടുത്താൻ അവർ മോഹിക്കരുതു്. കുട്ടികളുടെ ഭാവി ഫലപ്രദമാക്കാൻ വേണ്ട അടിസ്ഥാനം ഇടുകയാണു തങ്ങൾ ചെയ്യുന്നതു് എന്നും അതിന് അററകുററം തീൎന്ന ഒരു ബോധനമുറ ഉണ്ടായിക്കഴിഞ്ഞിട്ടില്ല എന്നും തങ്ങൾ അതുണ്ടാക്കാനാണു ശ്രമിക്കുന്നതു് എന്നും ഉള്ള ബോധത്തോടെ പ്രയത്നിച്ചാൽ ഫലം നിശ്ചയമായും കാണും.

തുടങ്ങേണ്ടതായ രീതി ഏറെക്കുറെ ഒന്നു കുറിയ്ക്കാം. ആദ്യത്തെ പാഠം കഥ പറകയാകട്ടെ. കഥ കുട്ടികളുടെ പ്രായത്തിനും അനുഭവത്തിനും യോജിച്ചതായിരിക്കണം. അദ്ധ്യാപകൻ അതു സജീവമായി പറയണം. കുട്ടികളെ അതു് ആവർത്തിച്ചു പറയാൻ പ്രോത്സാഹിപ്പിക്കണം. അവക്കു പററിയ കഥയുടെ ലക്ഷണം അവർ അത്ഭുതപരതന്ത്രരായി കണ്ണുകൾ മിഴിച്ചും, കാതു വട്ടംപിടിച്ചും, വാതുറന്നും, ഏററവും ശ്രദ്ധയോടെ കേൾക്കത്തക്കതായിരിക്കണം. ഈ സ്ഥിതി വന്നില്ല എങ്കിൽ ആ കഥ കഥയില്ലാത്തതാകും. കഥ തിരഞ്ഞെടുക്കുന്നതിൽ അദ്ധ്യാപകൻെറ ശ്രദ്ധ കൂടിപ്പോയി എന്നു വരികയില്ല.

കളികളും കായികാഭ്യാസം കാണിക്കുന്നവയായിരിക്കണം. അതിൽ ചേരാൻ ഒരു കുട്ടികളും മടിക്കരുതു്. എന്നല്ല, അത്യുത്സാഹം കാണിക്കയും വേണം. മത്സരത്തിൽതുടങ്ങി സഹകരണത്തിൽ ചെന്നൊത്തുക എന്നായിരിക്കണം കളികളുടെ പ്രമാണം.

പാട്ടു്, കുട്ടികൾക്കുകൂടി ഏററുപാടുന്നവയായിരിക്കണം. അവയിലെ വിഷയവും അതിഗഹനമായ തത്വജ്ഞാനവും മററുമാകരുതു്. ഒരു പാട്ടു കഴിയുമ്പോൾ തങ്ങൾ ഒരു വലിയ കാൎയ്യം സാധിച്ചു എന്ന ഒരു ബോധം കുട്ടികൾക്കുണ്ടാകണം. അതിഗഹനമായ ഈശ്വരപ്രാർത്ഥനകൾ ഈ ക്ലാസ്സുകളിൽ തീരെ ഉപയോഗിക്കരുതു്.

ഡ്രായിംഗ്, നമ്മുടെ അദ്ധ്യയനസമയം രാവിലെ എട്ടുമണി മുതൽ പത്തുമണിവരെയാകയാൽ സ്കൂളിലെ ബോർഡുകൾ മുഴുവൻ നമുക്കു സ്വാധീനമാകുമല്ലൊ; ഒരു ബോഡിൽ രണ്ടു കുട്ടികൾക്കു ഡ്രായിംഗ് ശീലിക്കാം. കേവലം രേഖകളല്ല വരപ്പിക്കേണ്ടതു; സാധനങ്ങളുടെ ചിത്രങ്ങളത്രെ. ഒരു സാധനത്തിൻെറ ഏതെല്ലാം വശങ്ങൾ കൂടി സൂക്ഷിച്ചു അവലോകനം ചെയ്യുന്നു എന്നു് ഇതിൽനിന്നറിയാം. ഈ പാഠം ഏററവും രസപ്രദമായിരിക്കും. ബോർഡുകൾ ഇല്ലാത്ത സ്കൂളുകളിൽ—അങ്ങനെ ചിലവയുണ്ടെങ്കിൽ—നിലത്തും മണ്ണിലും ഡ്രായിംഗു ശീലിക്കാം. "സാധനദൃഷ്യമകൌശലലക്ഷണം." എന്നതു് അദ്ധ്യാപകന്മാർ ഈ വിഷയത്തിൽ കുഴങ്ങുമ്പോഴാണു പ്രത്യക്ഷപ്പെടുക. കളിമണ്ണുകൊണ്ടു സാധനങ്ങൾ ഉണ്ടാക്കുന്നതു കുട്ടികൾക്കു രസമായിരിക്കും. വാഴത്തട മുതലായ മൃദുസാധനങ്ങളും, ഈക്കിലു മുതലായവയും കൊണ്ടു പല സാധനങ്ങളും നിർമ്മിക്കാം. എന്തു സാധനവും കുട്ടികളുടെ നിർമ്മാണശക്തി പരീക്ഷിക്കാൻ പൎയ്യാപ്തങ്ങളാകും.

അക്ഷരം കണ്ടുപിടിയ്ക്കൂ. കാർഡുബോർഡിൽ കടലാസു വെട്ടി പതിച്ചോ, കാർഡുബോർഡുതന്നെ അക്ഷരാകൃതിയിൽ വെട്ടിയോ ഇതിനു് ഉപ

യോഗിക്കാം. ചിത്രങ്ങൾകൂടി ഇവയിൽ ചേർത്താൽ ഉത്തമം. ഉദാഹരണം ഒരു കാർഡ്ബോർഡിൽ അമ്മയുടെ ചിത്രവും, അ. എന്ന ചുവന്നമഷിയിൽ അച്ചടിച്ച അക്ഷരവും ഉണ്ടെന്നിരിക്കട്ടെ. അതു രണ്ടുമൂന്നു തവണ കണ്ടശേഷം അക്ഷരക്കൂട്ടത്തിൽനിന്നും 'അ' തിരഞ്ഞെടുക്കാൻ പറഞ്ഞാൽ കുട്ടികൾ രസമായി അതിന്നു ശ്രമിക്കും. ഇതുപോലെ മററക്ഷരങ്ങളേയും പഠിപ്പിക്കാം; എഴുതിതുടങ്ങാൻ വരട്ടെ. സ്വരങ്ങൾ ഉച്ചാരണത്തിന്നു കൂടുതൽ സൌകര്യം നൽകുന്നവയാകയാൽ ആദ്യം, സ്വരങ്ങൾ പഠിക്കട്ടെ. അവ കണ്ടു പറഞ്ഞാൽ മതി; വ്യഞ്ജനങ്ങൾകൂടി ഏറെക്കുറെ പഠിച്ചിട്ടു ലഘുവായവയെമാത്രം എഴുതിച്ചുതുടങ്ങാം. കുട്ടികൾ ഓരോന്നും കണ്ടുപഠിക്കണമെന്നായിരിക്കണം നമ്മുടെ മുഖ്യമായ ഉന്നം.

കണക്കും നടക്കുമ്പോൾ എണ്ണിപഠിക്കാം. ഡ്രിൽ എടുക്കുംപോലെ കൂട്ടമായി നടന്നു് ഒന്നു്, രണ്ടു് എന്നിങ്ങനെ ചുവടുകൾ എണ്ണി എണ്ണി വച്ചു അവർ ഗ്രഹിക്കട്ടെ. സാധനങ്ങൾ എണ്ണിയിട്ടും പഠിക്കട്ടെ. സങ്കലനവ്യവകലനങ്ങളും സാധനങ്ങൾ ഉപയോഗിച്ചു പറഞ്ഞു പഠിക്കണം. എഴുതിപഠിക്കുന്നതിനേക്കാൾ പറഞ്ഞുപഠിക്കയാണുത്തമം.

സ്കൂളുകളിൽനിന്നും ഗൃഹപാഠം എന്ന ഒന്നിനെ ബഹിഷ്കരിച്ചാൽ തന്നെ വിദ്യാർത്ഥിലോകത്തിനു സ്വർഗ്ഗപ്രാപ്തിയായി. സ്കൂളിൽ കുട്ടികൾ പഠിക്കാനാണു പോകുന്നതു്. അതു കുറേക്കൂടി പഠിക്കണമെന്ന മോഹം തോന്നിക്കാമെങ്കിൽ കുട്ടികൾ വീട്ടിലും പഠിച്ചുകൊള്ളും. അവൎക്കു് ആ മോഹം ജനിപ്പിക്കാൻ സാധിക്കുന്നില്ല എങ്കിൽ പഠിപ്പിക്കുക പരാജയത്തിലായി എന്നുവേണം പറയാൻ. തന്നത്താനെ പഠിക്കാൻ പ്രോത്സാഹിപ്പിക്കാം. നിർബ്ബന്ധിക്കേണ്ട. എല്ലാം രസമായി കണ്ടു പഠിക്കാനാകണം കുട്ടികളുടെ ഉദ്യമം.

ഇത്തരത്തിൽ ഒന്നാംക്ലാസ്സിലെ അദ്ധ്യയനരീതി ഒന്നു പരിഷ്കരിച്ചു പുലർത്തിയാൽ ബാലലോകത്തിനു് ഒരു വലിയ അനുഗ്രഹമായിത്തീരും.

# വൈരൂപ്യത്തിൽ വിജ്ഞാനസൌന്ദൎയ്യം.

(കാട്ടൂർ പി. കൃഷ്ണപ്പണിക്കർ.)

(മീനം ലക്കത്തിൽനിന്നും തുടർച്ച.)

സോക്രട്ടീസ് ഒരു വൃദ്ധനായി തീൎന്നു. അദ്ദേഹത്തിൻെറ കീൎത്തി എവിടേയും പരന്നു. ഏതൻസ് നഗരത്തിലുണ്ടായിരുന്ന സകല ഭവനങ്ങളും ലോകോത്തമനായിരുന്ന ആ ചിന്തകനെ സസന്തോഷം സ്വാഗതംചെയ്യുന്നതിന് എപ്പോഴും തുറന്നിട്ടിരുന്നുവെന്നാണു പറഞ്ഞിട്ടുള്ളതു്. ക്രമേണ അനവധി ശിഷ്യസമ്പത്തുകൾ അദ്ദേഹത്തിനു ചുററും കൂടിത്തുടങ്ങുകയും എവിടേയും അദ്ദേഹത്തെ അനുഗമിക്കയും ചെയ്തുതുടങ്ങി സോക്രട്ടീസിൻെറ അഭിപ്രായങ്ങളും അദ്ദേഹത്തിൻെറ താൎക്കികമാൎഗ്ഗങ്ങളും അതിനിയന്മാരിൽ പലരുടേയും അനുമോദനത്തിനും ആദരവിനും അദ്ദേഹത്തെ അർഹനാക്കിത്തീൎത്തു. ക്രൈറേറാ, ആരിസ്റ്റിപ്പസ്, ഫീഡർ, യൂക്ലിഡ്, ആൻസിബയാഡീസ്, സീനഫൺ, പ്ലേറേറാ എന്നിവർ അദ്ദേഹത്തിൻെറ ശിഷ്യഗണങ്ങളിൽ പ്രമാണികളായിരുന്നു. ഇവരിൽ 'പ്ലേറേറാ' ആചാൎയ്യനെപ്പോലെ തന്നെ പിൽക്കാലത്തു പാരിലെങ്ങും പ്രഥിതനായിത്തീൎന്നു.

ഉൽകൃഷ്ടതയിലേക്കുള്ള സോപാനപരമ്പരകൾ തടസ്സംകൂടാതെ തരണം ചെയ്യുന്നതിനാൎക്കുംതന്നെ സാധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഇതുവരെ കഴിഞ്ഞിട്ടുള്ള സകല മഹച്ചരിതങ്ങളും മേൽപറഞ്ഞ പരമാൎത്ഥത്തിൻെറ നഗ്നരൂപമാകുന്നു. സോക്രട്ടീസിൻെറ ജീവിതവും ഇതുതന്നെ വ്യക്തമാക്കുന്നുണ്ടെന്നുള്ളതിനുപരി പറയുന്ന സംഭവങ്ങൾ ധാരാളം മതിയാകും. സോക്രട്ടീസിനെ സ്നേഹിക്കുന്നതിനും അദ്ദേഹത്തിൻെറ വിജ്ഞാനവൈപുല്യത്തിൽ സന്തോഷിക്കുന്നതിനും ഏതൻസിലെ പൌരസഞ്ചയം മുഴുവൻ സന്നദ്ധമായിരുന്നില്ല. അവരിൽ ചില കൂട്ടർ അദ്ദേഹത്തെ വെറുത്തു. സോഫിസ്ററ്സ് എന്നൊരു ദേശീയകക്ഷി സോക്രട്ടീസിൻെറ ആദൎശങ്ങൾക്കു് എതിരായി തീൎന്നു. ഇവർ നഗരങ്ങൾ തോറും നടന്നു നിശ്ചിതമായ പ്രതിഫലം പററിക്കൊണ്ടു ജനസമൂഹത്തിനു പാഠങ്ങൾ നൽകിക്കൊണ്ടിരുന്നു. രണ്ടു പ്രത്യേകമായ പ്രധാനകാൎയ്യങ്ങളിൽ ഇവരും സോക്രട്ടീസും സാരമായ വ്യത്യാസമുള്ളവരായി വന്നുകൂടി. (1) ഏതുതരം സേവനത്തിനും സോക്രട്ടീസ് യാതൊരു പ്രതിഫലവും പററിയിരുന്നില്ല. (2) അദ്ദേഹം ഒരിക്കലും ഒരു ഉപദേഷ്ടാവിൻെറ സ്ഥാനം സ്വീകരിച്ചിരുന്നില്ലെന്നു മാത്രമല്ല, നേരെമറിച്ചു സ്വന്തം അജ്ഞതയേക്കുറിച്ചു പ്രസ്താവിക്കയും മററുള്ളവരിൽനിന്നും പഠിക്കുന്നതിനന്വേഷിച്ചുകൊണ്ടിരിക്കയും ആണു ചെയ്തിട്ടുള്ളതു്. ഇതു്

അദ്ദേഹത്തിൻെറ ഒരു പ്രത്യേകതപമായിരുന്നു. ഇതിന് 'സോക്രട്ടിക്ക് അയറാണി' എന്നു പറയുന്നു. ഈ ഒരു മാൎഗ്ഗത്തിൽ കൂടെയായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ സംഭാഷണത്തിലേൎപ്പെട്ടുന്നവരുടെ ചിന്താവിഷയമാക്കിത്തീൎത്തിരുന്നതു്.

ഈ പുരാതനചിന്തകനുണ്ടായിരുന്ന മറെറാരു സ്വഭാവവിശേഷം വിവാദമദ്ധ്യത്തിൽ കോപം ഉണ്ടാകാതിരിക്കുന്നതിനു പ്രത്യേകം ശീലിച്ചിരുന്നുവെന്നുള്ളതാണ്. ചെറുപ്പത്തിൽ പരിശീലനക്കുറവുകൊണ്ടു കോപം എന്ന രോഗം സോക്രട്ടീസിനെ ബാധിച്ചിരുന്നു. എന്നാൽ അതു തൻെറ ജീവിതവിജയത്തിനു ഹാനികരമെന്നു മാത്രമല്ല, വല്യതായ ആപത്തിനു നിദാനമാണെന്നുകൂടി അദ്ദേഹം പിന്നീടു മനസ്സിലാക്കി. ഈ സ്വഭാവദൂഷ്യം മാററുന്നതിന് അദ്ദേഹം സ്വീകരിച്ചമാൎഗ്ഗം രസാവഹവും ഫലപ്രദവും ആയിരുന്നു. വാദപ്രതിവാദങ്ങൾക്കിടയിൽ കോപം വരുകയാണെങ്കിൽ 'സോക്രട്ടീസേ, താങ്കൾക്കു കോപമുണ്ടാകുന്നു' എന്നു വിളിച്ചുപറയുവാൻ അദ്ദേഹം സ്നേഹിതന്മാരോടു ചട്ടംകെട്ടി. ഇതു കേട്ടുതീരുമ്പോൾ അദ്ദേഹം ക്രോധം നിയന്ത്രിക്കയും ലജ്ജിച്ചു സ്വരംതാഴ്ത്തി ക്ഷമയെ പുനരവലംബിക്കയും ചെയ്തുകൊണ്ടിരുന്നു. ഇങ്ങനെ അദ്ദേഹത്തിൽ പിന്നീടു ക്ഷമാഗുണം സഹജമായിത്തീൎന്നു. സോക്രട്ടീസിൻെറ ഭാൎയ്യ 'സാന്തിപ്പെ' കലഹശീലയായിരുന്നുവത്രെ. ഒരിക്കൽ അവരുടെ കഠിനമായ ശകാരം കേട്ടിട്ടു് അദ്ദേഹം നിശ്ശബ്ദനായിരുന്നതേയുള്ളു. കോപാന്ധയായി തീൎന്ന ആ സ്ത്രീ ഒരു കുടം വെള്ളം ഭൎത്താവിൻെറ തലയിൽ കമഴ്ത്തി. ഉടനെ നമ്മുടെ കഥാനായകൻ ചിരിച്ചുകൊണ്ടിങ്ങനെ പറഞ്ഞു. അതേ നിൻെറ ഭാവപ്രകൎഷ്യയാകുന്ന കാറും അട്ടഹാസമാകുന്ന ഇടിവെട്ടലും ഉണ്ടായപ്പോൾ തന്നെ ഒരു പെരുമഴ നനയേണ്ടിവരുമെന്നു ഞാൻ വിചാരിച്ചു. അദ്ദേഹത്തിൽ പ്രകാശിച്ച ഈ സഹനശക്തി ഭാൎയ്യയ്ക്കു പശ്ചാത്താപത്തേയും ലജ്ജയേയും ജനിപ്പിച്ചു.

ഒരു മനുഷ്യൻെറ സ്വന്തമനസ്സാണ് അവൻെറ നടത്തകൾക്കു പ്രേരകമായിരിക്കുന്നതു്. ദേവകളെ അവിടെ പ്രവേശിപ്പിക്കുന്നതനാവശ്യമാകുന്നു. 'അതീനിയാ'യിലേയ്ക്കാ മററു ദേവകൾക്കോ വേണ്ടി നടത്തുന്ന യജ്ഞകൎമ്മങ്ങളെക്കാൾ ഉൽകൃഷ്ടവും പാവനവുമായ അനേക പ്രവൃത്തികൾ ഉണ്ടു്. വിജ്ഞാനവും സത്യവും ആയിരുന്നു അദ്ദേഹത്തിൻെറ ആചാൎയ്യന്മാർ. ഉപയോഗതത്വവാദത്തിൻെറ സ്ഥാപകൻ നമ്മുടെ കഥാനായകനാണ്. കാൎയ്യത്തിൻെറ യാഥാൎത്ഥ്യത്തെ നിരൂപണമാൎഗ്ഗം വെളിപ്പെടുത്തുകയല്ലാതെ കേവലം ഉപദേശകനായിരിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ലേഖനകൃത്യത്തിൽ വിമുഖനായിരുന്ന അദ്ദേഹത്തിൻെറ അഭിപ്രായപ്രകടനപന്ഥാവു് സംഭാഷണം മാത്രമായിരുന്നു.

ഇതെല്ലാം ചില പുതിയ ക്രൂരതരങ്ങളായ ആഭിപ്രായങ്ങളാണെന്ന് അദ്ദേഹത്തിൻെറ പ്രതിപക്ഷക്കാർ പറഞ്ഞു. അദ്ദേഹത്തിൻെറ അത്യന്ത സ്നേഹിതന്മാർ സ്വരാജ്യനാശത്തിന്നു തുനിഞ്ഞവരും ഭീഷാവിലാസ ഭരണത്തിൻെറ പ്രചാരകന്മാരുമായിരുന്നൊന്നു 'സോഫിസ്റ്റ്സ്' ജനതയോടുൽഘോഷിച്ചു. ഏതൻസ്സുപട്ടണം ആരാധിച്ചുവന്ന ദേവതകളെ അദ്ദേഹം തിരസ്കരിച്ചെന്നു മാത്രമല്ല ഇതരദേവന്മാരെക്കുറിച്ചു പറഞ്ഞു നടന്നുവെന്നും അവർ അദ്ദേഹത്തിൽ അപരാധം കണ്ടു. അവർ അദ്ദേഹത്തിൽ ആരോപിച്ച രണ്ടാമത്തെ കുററം യുവാക്കന്മാരുടെ മനസ്സിനെ വഷളാക്കിത്തീർത്തുവെന്നുള്ളതായിരുന്നു. "മെലിററസ്" എന്ന ഒരു യുവാവ്—(ദേശീയകക്ഷിയിൽ പെട്ട ഒരാൾ) പഞ്ചശതമഹാസഭയിൽ ഏതാദൃശങ്ങളായ കുററങ്ങൾക്കുവേണ്ടി സോക്രട്ടീസിനെ ശിക്ഷിക്കേണ്ടതാണെന്നു വാദിച്ചു.

ക്ഷോഭിച്ചുപോയ അതീനിയൻ അന്തരീക്ഷം ഒന്നു ശാന്തമാകുന്നതുവരെ എവിടെയെങ്കിലും ഒളിച്ചു താമസിക്കണമെന്ന് അദ്ദേഹത്തിൻെറ ശിഷ്യന്മാരും സ്നേഹിതന്മാരും ആവശ്യപ്പെട്ടു. എന്നാൽ സോക്രട്ടീസ് തീരെ ഭീരുവായിരുന്നില്ല. നീതിയും യോഗ്യവും പരമാൎത്ഥവുമാണെന്നു ദൃഢബോധമുള്ള കാൎയ്യങ്ങൾ മാത്രമേ താൻ പഠിച്ചിട്ടുള്ളുവെന്നും അതിനുവേണ്ടി ഏതുപ്രാവശ്യം മരിക്കാനും അദ്ദേഹം തയ്യാറാണെന്നും പ്രസ്താവിച്ചു.

അഞ്ഞൂററി ഒന്നു പ്രാഡ്വിപാകന്മാരായിരുന്നു അദ്ദേഹത്തെ വിസ്തരിക്കാൻ കൂടിയതു്. കോടതി മുൻപാകെ അദ്ദേഹം നൽകിയ മൊഴികൾ കേട്ടവൎക്ക് അദ്ദേഹത്തിൻെറ ഔൽകൃഷ്ട്യം വ്യക്തമായി അറിയാൻ കഴിയുമായിരുന്നു. സോക്രട്ടീസ് യോഗ്യവും ശക്തിയുക്തവുമായ ഒരു പ്രഭാഷണം നടത്തി. എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം പറഞ്ഞു. അതിനീയന്മാരുടെ യഥാൎത്ഥമിത്രമായിരുന്നൊന്നു വിശദീകരിച്ചു. ജീവിതത്തിൻെറ അവസാനഘട്ടത്തിൽനിന്നു രണ്ടോ മൂന്നോ വൎഷങ്ങൾ എടുക്കുവാൻ മാത്രമേ ആ കോടതിക്കു കഴികയൊള്ളുവെന്ന് അദ്ദേഹം ഉച്ചൈസ്തരം പ്രസ്താവിച്ചു.

ഒടുവിൽ അറുപതുപേരുടെ ഭൂരിപക്ഷം അനുസരിച്ചു സോക്രട്ടീസിനു വധശിക്ഷ വിധിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ജനനിബിഡമായിരുന്ന കോടതിയിൽ വടിയൂന്നി നിന്നുകൊണ്ട് എഴുപതുവയസ്സു പ്രായമുണ്ടായിരുന്ന ആ വൃദ്ധചിന്തകൻ ചുററും നോക്കി പറഞ്ഞു.

"ഒരു നല്ല മനുഷ്യനു യാതൊരു തിന്മയും ഉണ്ടാകാനില്ല. ജീവിച്ചിരിക്കുമ്പോഴും മരണാനന്തരവും നല്ലവനെ തിന്മ ബാധിക്കയില്ല. എൻെറ അന്ത്യസമയം സമാഗതമായി. നമുക്കു നമ്മുടെ കാൎയ്യത്തിനു പോകാം. ഞാൻ മരിക്കാൻ പോകട്ടെ. നിങ്ങൾ ജീവിക്കാൻ പോകുക."

പടയാളികൾ സോക്രട്ടീസിനെ കാരാഗൃഹത്തിലേക്ക കൊണ്ടുപോയി. കലഹപ്രിയയായിരുന്ന അദ്ദേഹത്തിൻെറ ഭാൎയ്യയും മൂന്നു കുട്ടികളും അനവധി ശിഷ്യന്മാരും അദ്ദേഹത്തെ അനുഗമിച്ചു.

സോക്രട്ടീസിൻെറ മരണം. ഒരു പ്രത്യേകകാരണത്താൽ വിധി നടത്തുന്നതിനു മുമ്പു മുപ്പതു ദിവസത്തെ ഇടകിട്ടി. ആ സമയം മുഴുവൻ സോക്രട്ടീസിനെ ഒരു തടവുകാരനാക്കി വച്ചിരിക്കയായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ സ്നേഹിതന്മാൎക്ക് സ്വാതന്ത്ര്യമായി അദ്ദേഹത്തിൻെറ പാൎപ്പിടത്തിൽ കടന്നു ചെല്ലാമായിരുന്നു. അദ്ദേഹം അവരോട് സംഭാഷണം ചെയ്ത് ഈദിവസങ്ങൾ കഴിച്ചുകൂട്ടിവന്നു. അവസാന ദിവസത്തെ സംഭാഷണവിഷയം ആത്മാവിൻെറ അനശ്വരതയെ സംബന്ധിച്ചായിരുന്നുവത്രേ. മരണദിവസം മൂന്നു മണിയായപ്പോൾ "സാന്തിപ്പെ"യേ ക്രൈറേറായൊടൊന്നിച്ച് അവിടെനിന്നു അയച്ചു.

സൂൎയ്യൻ തരുശിഖരങ്ങളുടെ ഇടയിൽ മറഞ്ഞുതുടങ്ങി. ചെടികളുടെ നിഴൽ വരാന്തയിൽ വ്യാപിച്ചു. ചക്രവാളത്തിൽ രക്തരേഖകൾ കണ്ടു തുടങ്ങിയപ്പോൾ ഒരു ഭടൻ കാരാഗൃഹത്തിൽ എത്തി. സോക്രട്ടീസ് കുളികഴിഞ്ഞുവന്ന് സംഭാഷണത്തിലേൎപ്പെട്ടിരിക്കയായിരുന്നു.

ഭടൻ:— അല്ലയോ സോക്രട്ടീസേ, ആജ്ഞാനുസരണം ഹാലാഹലം പാനം ചെയ്യുന്നതിനു, ഞാൻ വധശിക്ഷക്ക വിധിക്കപ്പെട്ട തടവുകാരോടു പറയുമ്പോൾ അവർ കോപിക്കയും ശകാരിക്കയും ചെയ്യാറുണ്ട്. അപ്പോൾ ഞാൻ അവരോടു പെരുമാറുന്നതുപോലെ എനിക്ക് അങ്ങയെ അധിക്ഷേപിക്കേണ്ടതായിട്ടില്ല. അങ്ങ് ഇവിടെ ആയിരുന്നിടത്തോളം കാലം യോഗ്യനും സൌമ്യനും സല്ഗുണനും ആയിട്ടാണ് ഞാൻ കണ്ടിട്ടുള്ളതു്. ഇവിടെ ഇതിനു മുമ്പു വന്നിട്ടുള്ള ആരെ അപേക്ഷിച്ചും അങ്ങ് ഉൽകൃഷ്ടനാണെന്നെനിക്കറിയാം. അങ്ങ് എന്നോടു കോപിക്കയില്ലെന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു. ഇതെൻെറ കുററമല്ല. അങ്ങേക്ക നല്ലതുവരട്ടെ. സകലതും സഹിക്കുവാൻ ശ്രമിക്കുക.

അയാൾ പോകുവാൻ തിരിഞ്ഞു. അയാളുടെ നയനങ്ങൾ നിറഞ്ഞിരിക്കുന്നതു സോക്രട്ടീസ് കണ്ടു.

സോക്ര:— നിങ്ങൾക്കും നന്മയുണ്ടാകട്ടെ. നിങ്ങളുടെ ഇഷ്ടംപോലെ ഞാൻ ചെയ്യാം. (അവിടെയുണ്ടായിരുന്ന മററുള്ളവരെ നോക്കി.) എത്ര നല്ലയാൾ! അയാൾ എപ്പോഴും എൻെറ അടുക്കൽ വന്നുകൊണ്ടിരുന്നു. ഞങ്ങൾ പലപ്പോഴും സംസാരിച്ചു. എന്നെ സമീപിച്ചിട്ടുള്ള നല്ല

യാളുകളിൽ ഒരാളാണദ്ദേഹം. ഇപ്പോൾ എനിക്കുവേണ്ടി കണ്ണീർ പൊഴിച്ച് എത്രമാത്രം ഔദാര്യം പ്രദർശിപ്പിച്ചു. ക്രൈറേറാ! ഇവിടെ വരിക. അയാൾ നിഷ്കർഷിച്ചതുപോലെ ചെയ്യാം. ആരെങ്കിലും പോയി അതു തയാറായിട്ടുണ്ടെങ്കിൽ കൊണ്ടുവരട്ടെ. ഇല്ലെങ്കിൽ ഉടനെ തയാറാക്കാൻ ആവശ്യപ്പെടണം.

ക്രൈറേറാ:— സൂര്യൻ ഇപ്പോഴും പർവ്വതോപരി നില്ക്കുന്നതേ ഉള്ളു. ഇതുവരെ അസ്തമിച്ചിട്ടില്ല. ഇത്രവളരെ ധൃതി വയ്ക്കരുത്. ഇനിയും സമയം ധാരാളം ഉണ്ട്. ഇതുപോലെ ഉള്ളവർ ഈ കൃത്യം ഇതിലൊക്കെ എത്ര താമസിച്ചാണ് നിറവേററാറുള്ളതെന്നു ഞാൻ അറിഞ്ഞു. അവർ ഇഷ്ടന്മാരൊന്നിച്ച് ഭക്ഷണവും സംഭാഷണവും കഴിച്ചുകൊണ്ട് എത്രയോ നേരമിരുന്നിട്ടുണ്ട്.

സോക്ര:— ക്രൈറേറാ, നിങ്ങൾ ആരെപ്പററി സംസാരിക്കുന്നുവോ അവർ അങ്ങനെ ചെയ്യുന്നതിന് വല്ല കാരണവുമുണ്ടായിരിക്കും. അവർ വല്ല ലാഭവും ഉദ്ദേശിച്ചിരുന്നിരിക്കാം. ഞാൻ മതിയായ കാരണത്താൽ തന്നെ അവരെപ്പോലെ ചെയ്യുന്നില്ല. അല്പസമയത്തേക്കെങ്കിലും ഈ 'വിഷപാനം' മാററിവയ്ക്കുന്നതുകൊണ്ട് എന്തെങ്കിലും സാധിക്കാനുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ജീവിതത്തോടു പററിനില്ക്കുന്നതിന് എനിക്കുള്ള വൈമുഖ്യം വർദ്ധിക്ക മാത്രമെ ചെയ്യുന്നുള്ളു. ഞാൻ പറഞ്ഞതുപോലെ ചെയ്യു.

സമീപത്തു നിന്ന ഭൃത്യനോടു ക്രൈറേറാ അടയാളം കാണിക്കയും അയാൾ വെളിയിലേക്കു പോകയും ചെയ്തു. അല്പം കഴിഞ്ഞു വിഷപാത്രത്തോടുകൂടിയ മറെറാരു മനുഷ്യനുമൊന്നിച്ച് ആ വേലക്കാരൻ വീണ്ടും പ്രവേശിച്ചു.

സോക്ര:— [അയാളെക്കണ്ടിട്ടു] അതു കൊള്ളാം. എൻെറ പ്രിയസുഹൃത്തേ, ഇക്കാര്യം നിങ്ങൾ നല്ലപോലെ മനസ്സിലാക്കുന്നു. എന്തുചെയ്യണമെന്നെന്നോടു പറയുക.

മനുഷ്യൻ:— ഉടനെ, ഇതു കടിക്കണം. പിന്നീട് കാലുകൾക്കു ഭാരം തോന്നുന്നതുവരെ അങ്ങോട്ടുമിങ്ങോട്ടും നടക്കണം. പിന്നീടു കിടക്കണം. അങ്ങനെ ചെയ്താൽ അതു താനെ അതിൻെറ ജോലി നിർവ്വഹിച്ചുകൊള്ളും. [വിഷപാത്രം സോക്രട്ടീസിനു നീട്ടി.]

മുഖപ്രകൃതിക്ക് അല്പമെങ്കിലും മാററമോ നിറപ്പകർച്ചയോ കൂടാതെ കുലുക്കമെന്നിയെ ആ ഗംഭീരചിന്തകൻ കൃപാകടാക്ഷത്തോടെ ആ ഭാ

ജനം ഹസ്തത്തിൽ ഗ്രഹിച്ചു. "ഈ ലോകത്തിൽ നിന്നും അന്യലോകത്തേക്കുള്ള എൻെറ യാത്രയെ ജഗദീശൻ അനുഗ്രഹിക്കട്ടെ." എന്നു പ്രാർത്ഥിച്ചുകൊണ്ടു വിഷഭാജനം അധരപുടത്തിലേക്കുയർത്തി, വേഗത്തിൽ ഒരു കവിളിറക്കി.

അവിടെ ഉണ്ടായിരുന്നവരിൽ അധികംപേരും ഇതുവരെ അവരുടെ കണ്ണുനീരടക്കിക്കൊണ്ടിരിക്കാൻ ശക്തരായിരുന്നു. എന്നാൽ അദ്ദേഹം ഗരളപാനം ചെയ്യുന്നതുകണ്ടമാത്രയിൽ അടക്കുവാനുള്ള ശക്തി അവരിൽ നിശ്ശേഷം നശിച്ചു. കരച്ചിലടക്കാൻ കഴിയാതെ ക്രൈറേറാ എണിററു മുറിക്കുവെളിയിൽ പൊയ്ക്കളഞ്ഞു! ഈ സമയം മുഴുവൻ നിറുത്താതെ കരഞ്ഞുകൊണ്ടിരുന്ന 'അപ്പൊലോഡോറസ്' പെട്ടെന്ന് പൊട്ടിക്കരഞ്ഞു. അപ്പോൾ സോക്രട്ടീസ് ഒഴിച്ചുള്ള സകലരുടേയും സ്വയംഭരണശക്തി പതറിപ്പോയി. അതുകണ്ട് സോക്രട്ടീസ് "എൻെറ സ്നേഹിതന്മാരേ ഇതു് എന്തൊരു പ്രകൃതമാണു്, ഈ ഒരു പ്രധാനകാരണം കൊണ്ടാണു് ഞാൻ സ്ത്രീജനങ്ങളെ നേരത്തെ പറഞ്ഞയച്ചു കളഞ്ഞതു്. ഒരു മനുഷ്യൻെറ മരണസമയത്തു് ഒരു വിശുദ്ധമായ ശാന്തതയുണ്ടായിരിക്കണമെന്നു ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ട് സഹിച്ചു മിണ്ടാതിരിക്കുക."

സോക്രട്ടീസ് കുറച്ചുനേരം നടന്നപ്പോൾ അദ്ദേഹത്തിൻെറ കാലുകൾക്കു ഭാരംതോന്നുന്നു എന്നു പറഞ്ഞു. അദ്ദേഹം തറയിൽ മലർന്നുകിടന്നു. ഉടനെ ആ ഉദ്യോഗസ്ഥൻ അദ്ദേഹത്തിൻെറ കൈ പിടിച്ചുനോക്കി. അല്പം കഴിഞ്ഞു് പാദങ്ങളും ജംഘകളും പരിശോധിച്ചു. കാലടിയിൽ അമർത്തീട്ട് അമർത്തുന്നുണ്ടെന്നു തോന്നുന്നുവോ എന്നു ചോദിച്ചു "ഇല്ല" എന്നായിരുന്നു സോക്രട്ടീസിൻെറ മറുപടി. അദ്ദേഹത്തിൻെറ ജീവിതം തീരാറായിരിക്കുന്നു. ക്രൈറേറാ എന്നു വിളിച്ചു "ആസ്ക്ലിഷിയസിനോടു പററീട്ടുള്ള കടം തീർക്കണം അതു മറന്നുപോകരുതു്" ഇതായിരുന്നു അദ്ദേഹത്തിൻെറ ചരമവാക്യം. "ഞാൻ അങ്ങനെ ചെയ്യാം. മറെറന്തെങ്കിലും ഉണ്ടോ?" ക്രൈറേറായുടെ ഈ പ്രശ്നത്തിനുത്തരം ലഭിച്ചില്ല.

അല്പം കഴിഞ്ഞപ്പോൾ അദ്ദേഹത്തിൻെറ ശരീരത്തിൽ ആകപ്പാടെ ഒരു കുലുക്കം ബാധിച്ചു. സേവകൻ മുഖാവരണം മാററിയപ്പോൾ അദ്ദേഹത്തിൻെറ കണ്ണുകൾ തുറന്നിരിക്കുന്നതു കണ്ടു. ക്രൈറേറാ ഗുരുവിൻെറ കണ്ണും വായും തിരുമ്മി അടയ്ക്കുകയും ചെയ്തു.

ഇപ്രകാരമായിരുന്നു മഹാനായ ആ യവനാചാര്യൻെറ അവസാനം. മരണാനന്തരം അദ്ദേഹത്തിൻെറ മാഹാത്മ്യം അഥീനിയന്മാർക്കു ബോധപ്പെട്ടു. എങ്കിലും അവർ അദ്ദേഹത്തിൻെറ മക്കളിൽചിലരേ വധിച്ചു. അദ്ദേഹത്തിൻെറ സ്മരണക്കു വേണ്ടി ഒരു പീതലോഹപ്രതിമ പ്രതിഷ്ഠിച്ചതായും കാണുന്നുണ്ട്.

# ജപ്പാനിലെ വിദ്യാഭ്യാസം.

## II.

[എൻ. പി. മാരാർ.]

ജപ്പാനിലെ സെക്കൻഡറി വിദ്യാഭ്യാസത്തെക്കുറിച്ചാണ് ഇതിനു പരി വിവരിക്കുവാൻ ഭാവിക്കുന്നതു്. അതിനായി, ആൺകുട്ടികൾക്കു മിഡിൽ സ്കൂളുകളും പെൺകുട്ടികൾക്കു ഹൈസ്കൂളുകളും അവിടെ നടത്തി വരുന്നു. പ്രാഥമിക പാഠശാലകളിലെ പരിശീലനത്തിനു ശേഷം, കുട്ടികളുടെ സാമാന്യജ്ഞാനവും ദേശീയസന്മാൎഗ്ഗികബോധവും പരിപോഷിപ്പിക്കുവാനായിട്ടാണ് പ്രസ്തുത മിഡിൽ സ്കൂളുകളും ഹൈസ്കൂളുകളും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. അവയിലെ വിദ്യാഭ്യാസകാലം അഞ്ചുവൎഷമാണ്. സന്മാൎഗ്ഗിക പാഠങ്ങൾ, ജപ്പാൻ ഭാഷ, ചീനക്കാരുടെ പുരാണങ്ങൾ, ഇംഗ്ലീഷ്, ഫ്രെഞ്ച് ജൎമ്മൻ ഇവയിലേതെങ്കിലും വിദേശഭാഷ, ചരിത്രം, ഭൂമിശാസ്ത്രം കണക്ക്, പ്രകൃതിപാഠം, രസതന്ത്രം, നിയമം, പ്രകൃതിശാസ്ത്രം, ധനതത്വശാസ്ത്രം, വ്യവസായം, ഡ്രായിംഗ്, സംഗീതം, ഡ്രിൽ മുതലായ വിവിധ വിഷയങ്ങളും മിഡിൽ സ്കൂളുകളിലെ പാഠപദ്ധതിയിൽ ചേൎത്തിരിക്കുന്നു. ഗേൾസ് ഹൈസ്കൂളുകളാകട്ടെ, സ്ത്രീസഹജമായ പ്രത്യേക ഗുണങ്ങളും സാമാന്യ ജ്ഞാനവും ദേശീയസന്മാൎഗ്ഗികബോധവും വൎദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. അവയിലെ വിദ്യാഭ്യാസ കാലം നാലോ അഞ്ചോ കൊല്ലമാണ്. ഗാൎഹിക വിഷയങ്ങളിൽ പ്രത്യേക പരിജ്ഞാനം സമ്പാദിക്കണമെന്നാഗ്രഹമുള്ള പെൺകുട്ടികൾക്ക് പ്രത്യേകമായി ഡൊമെസ്റ്റിക്ക് ഗേൾസ് ഹൈസ്കൂളുകളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഗേൾസ്ഹൈസ്കൂളുകളിൽ സന്മാൎഗ്ഗപാഠം, ജപ്പാൻ ഭാഷ, ഇംഗ്ലീഷ്, ഫ്രെഞ്ച് എന്നീ വിദേശഭാഷകൾ, ചരിത്രം, ഭൂമിശാസ്ത്രം, കണക്ക്, പ്രകൃതിവിജ്ഞാനം, ഡ്രായിംഗ്, ചിത്രമെഴുത്ത്, ഗാൎഹികശാസ്ത്രം, തയ്യൽ, സംഗീതം, ഡ്രിൽ മുതലായ പല വിഷയങ്ങളും ഹൈസ്കൂളുകളിൽ പെൺകുട്ടികൾക്ക് പഠിക്കേണ്ടതായിട്ടുണ്ട്. ഇതിനു പുറമെ, പരിതസ്ഥിതികൾക്കനുകൂലമായി നിയമം, സാമ്പത്തികശാസ്ത്രം, വ്യവസായം, കലാവിദ്യകൾ മുതലായവയും, ആവശ്യമെന്നു കണ്ടാൽ അഭ്യസിപ്പിക്കപ്പെടുന്നതാണ്. ഗേൾസ്ഹൈസ്കൂളുകൾ മൂലമുണ്ടാകുന്ന പ്രയോജനങ്ങൾ മനസ്സിലാക്കിയ പൊതുജനങ്ങളുടെ ആവശ്യപ്രകാരം, അവ ആണ്ടുതോറും വൎദ്ധിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. ജപ്പാനിൽ ഒരു സ്ത്രീസൎവ്വകലാശാല സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അതു് അനൌദ്യോഗികമായ സ്വകാൎയ്യസ്ഥാപനം മാത്രമാണ്. ഇതിനെ മാതൃകയായി

സ്വീകരിച്ചു കൊണ്ടാണ് പ്രൊഫസർ കാർവ്വെ, പൂനയിലെ സ്ത്രീസർവ്വകലാശാല സ്ഥാപിച്ചിരിക്കുന്നതു്. കൃഷി, വാണിജ്യം, മത്സ്യവ്യവസായം മുതലായവ പരിശീലിപ്പിക്കുന്നതിനായി പ്രത്യേക സാങ്കേതിക വിദ്യാലയങ്ങളും അവിടെ ഉണ്ടു്.

ഉൽകൃഷ്ടവിദ്യാഭ്യാസം.

ഹയ്യർ സ്കൂളുകൾ, സ്പെഷ്യൽസ്കൂളുകൾ, സർവ്വകലാശാലകൾ, സാങ്കേതികപാഠശാലകൾ ഈ സ്ഥാപനങ്ങൾ മൂലമാണ് ജപ്പാനിൽ ഉൽകൃഷ്ടവിദ്യാഭ്യാസം നടത്തുന്നതു്. അവയിലെ വിദ്യാഭ്യാസകാലം ഏഴു വർഷം വരെ നീണ്ടുനില്ക്കുന്നതാണ്. ഹയ്യർ കോഴ്സിനു ചേരുന്നവർക്ക് സർവ്വകലാശാലാവിദ്യാഭ്യാസവിഷയങ്ങൾ പഠിക്കേണ്ടിയിരിക്കുന്നു. ആ കോഴ്സ്, സാഹിത്യമെന്നും സയൻസെന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആദ്യത്തേതിൽ, സന്മാർഗ്ഗവിദ്യാഭ്യാസം, ജപ്പാൻഭാഷ, ചൈനയിലെ പുരാണഗ്രന്ഥങ്ങൾ, വിദേശഭാഷകൾ, ചരിത്രം, ഭൂമിശാസ്ത്രം, തത്വശാസ്ത്രം. തർക്കം, നിയമം, ധനതത്വശാസ്ത്രം, കണക്ക്, പ്രകൃതിപാഠം, കായികവിദ്യാഭ്യാസം, മുതലായവയും രണ്ടാമത്തേതിൽ സന്മാർഗ്ഗപാഠങ്ങൾ. ജപ്പാൻഭാഷ, ചൈനയിലെ പുരാണഗ്രന്ഥങ്ങൾ, കണക്ക്, പ്രകൃതിശാസ്ത്രം, രസതന്ത്രം, സസ്യശാസ്ത്രം, മൃഗശാസ്ത്രം, ലോഹശാസ്ത്രം, ഭൂഗർഭശാസ്ത്രം, മനഃശാസ്ത്രം, ഡ്രായിംഗ്, കായികപരിശീലനം, ധനശാസ്ത്രം മുതലായവയും യഥാക്രമം ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. പ്രസ്തുതപാഠപദ്ധതിപ്രകാരം പഠിച്ചു പാസ്സായാൽ ടൊക്കുഗ്യോഷി (ബി. എ.) എന്ന ബിരുദം ആണ് ദാനം ചെയ്യുന്നതു്.

സർവ്വകലാശാലകൾ.

ജപ്പാൻ സർവ്വകലാശാലകളുടെ ഉദ്ദേശ്യത്തെയും ഉപയോഗത്തെയും വിവരിച്ചുകൊണ്ടു് 1926—27-ലെ വാർഷികറിപ്പോർട്ടിൽ വിദ്യാഭ്യാസമന്ത്രി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "സയൻസിന്റെ വിവിധശാഖകളിലും പ്രാമാണികവും പ്രായോഗികവും ആയ പരിജ്ഞാനം നൽകുന്നതിനും, അവയിൽ ക്രൂലംകഷമായ ഗവേഷണം നടത്തുന്നതിനും, പ്രത്യേകവ്യക്തികളുടേയും പൊതുജനതയുടേയും സ്വഭാവസംസ്ക്കരണവും ദേശീയബോധദൃഢീകരണവും സാധിക്കുന്നതിനും വേണ്ടിയാണു സർവ്വകലാശാലകൾ സംസ്ഥാപിതങ്ങളായിരിക്കുന്നതു്. ടോക്കിയോ ഇമ്പീരിയൽ യൂണിവേഴ്സിററിയെപ്പററിയുള്ള ഒരു വിവരണം, സ്ഥാലീപുലാകന്യായേന, ജപ്പാൻ സർവ്വകലാശാലകളുടെ പ്രവർത്തനസമ്പ്രദായത്തിനു മകുടോദാഹരണമായിരിക്കുന്നതാണ്. നിയമം, വൈദ്യം, എൻജിനീയറിംഗ്, സാഹിത്യം, സയൻസ്, കൃഷി, സാമ്പത്തികശാസ്ത്രം എന്നിങ്ങനെ ഏഴു ശാഖകൾ, സർവ്വകലാശാലാമഹാവൃക്ഷ

ത്തിന്നുണ്ട്. നിയമശാഖയ്ക്കു രാജ്യതന്ത്രം എന്ന ഉപശാഖയും കൂടി ഉണ്ട്. എൻജിനീയറിങ്ങ് ശാഖയ്ക്കാകട്ടെ, സിവിൽ എൻജിനീയറിംഗ്, മെക്കാനിക്കൽ എൻജിനീയറിംഗ്, ഇലക്ട്രിക്കൽ എൻജിനീയറിംഗ്, പ്രായോഗികരസതന്ത്രം, ലോഹശാസ്ത്രം, ശില്പകല എന്ന പല ഉപശാഖകളാണുള്ളതു്. സാഹിത്യശാഖയ്ക്കാകട്ടെ, ജപ്പാൻസാഹിത്യം, ജപ്പാൻചരിത്രം, ചീനസാഹിത്യം, ചീനതത്വശാസ്ത്രം, ഭാരതീയതത്വശാസ്ത്രം, നൈതികധർമ്മശാസ്ത്രം, മതചരിത്രം, സമുദായശാസ്ത്രം, സംസ്കൃതം, ഇംഗ്ലീഷ്, ജർമ്മൻ ഫ്രഞ്ച് മുതലായ വിദേശസാഹിത്യങ്ങൾ എന്നിങ്ങനെ വിവിധങ്ങളായ ഉപശാഖകളുണ്ട്. ശാസ്ത്രീയവകുപ്പിൽ, ഗണിതം, നക്ഷത്രശാസ്ത്രം, പ്രകൃതിശാസ്ത്രം, രസതന്ത്രം, സസ്യശാസ്ത്രം, മൃഗശാസ്ത്രം, ലോഹശാസ്ത്രം, ഭൂമിശാസ്ത്രം മുതലായ സകല ശാസ്ത്രങ്ങളും ചേർത്തിട്ടുണ്ട്. കൃഷിവകുപ്പിൽ കൃഷിശാസ്ത്രം, കാർഷികരസതന്ത്രം, വനശാസ്ത്രം, മൃഗശാസ്ത്രം, മത്സ്യവ്യവസായം, കാർഷികമിതവ്യയം മുതലായ ഉപയോഗകരങ്ങളായ പല വിഷയങ്ങളും പഠിക്കണമെന്നു നിർബ്ബന്ധമാണ്. സാമ്പത്തികശാസ്ത്രവകുപ്പിൽ രാഷ്ട്രീയധനശാസ്ത്രവും, വാണിജ്യശാസ്ത്രവും അഭ്യസിപ്പിക്കപ്പെടുന്നതാണ്. മതിയായ ജ്ഞാനം സമ്പാദിച്ചിട്ടുള്ളവക്കും, പത്തൊൻപതു വയസ്സു പ്രായമുള്ളവക്കും, പ്രസ്തുത വകുപ്പുകളിലേതിലെങ്കിലും നടത്തുന്ന പ്രസംഗങ്ങൾ കേൾക്കുന്നതിനോ പ്രായോഗികപരീക്ഷണങ്ങൾ കണ്ടു പഠിക്കുന്നതിനോ സകല സൌകര്യങ്ങളും ചെയ്തിട്ടുണ്ട്. സന്ദർശകന്മാരായ വിദേശിയവിദ്യാർത്ഥികൾക്കും, പ്രത്യേകാപേക്ഷകന്മാക്കും ക്ലാസ്സുകളിൽ, താല്ക്കാലികമായ പ്രവേശനം നൽകുന്നതാണ്. പക്ഷെ, ഓരോ വകുപ്പിലും നടപ്പിലിരിക്കുന്ന സകല വ്യവസ്ഥകളും അവരും സ്വീകരിക്കണമെന്നു് നിർബ്ബന്ധമുണ്ട്.

## ശാസ്ത്രീയ ഗവേഷണാലയങ്ങൾ.

ശാസ്ത്രീയവിഷയങ്ങളിൽ, കൂലംകഷവും, കാര്യക്ഷമവും, ആയ ഗവേഷണങ്ങൾ നടത്തുന്നതിനു് ഉൽകൃഷ്ടമായ പല സ്ഥാപനങ്ങളും ജപ്പാനിലുണ്ട്. നാഷണൽ റിസർച്ച് കൌൺസിൽ, ഭൂകമ്പപര്യാന്വേഷണകൌൺസിൽ, ഇരുമ്പും ഉരുക്കും റിസർച്ച് ഇൻസ്റ്റിററ്യൂട്ട്, സാംക്രമികരോഗപര്യവേഷണ ഇൻസ്റ്റിററ്യൂട്ട് മുതലായ ഗവേഷണ സ്ഥാപനങ്ങൾ അവയിൽ ചിലവ മാത്രമാണ്. ഗവേഷണവിഷയത്തിൽ ജപ്പാൻകാർ എത്രമാത്രം നിഷ്കർഷയുള്ളവരാണെന്നു് മുൻപറഞ്ഞ സംഗതികൾ മൂലം തെളിയുമല്ലൊ.

## അദ്ധ്യാപകപരിശീലനം.

ജപ്പാനിലെ അദ്ധ്യാപകന്മാക്ക്, മഹത്തായ തങ്ങളുടെ തൊഴിലിൽ ശരിയായ പരിശീലനം നൽകുന്നതിനു മതിയായ ഏപ്പാടുകൾ ചെയ്തിട്ടുണ്ട്.

തത്സംബന്ധമായ സകല ചുമതലകളും ഗവമ്മെണ്ടാണ് കൈകാര്യം ചെയ്യുന്നതു്. പരിശീലനകാലത്തേക്ക്, അദ്ധ്യാപകവിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പെൻഡ് ഗവമ്മെണ്ടിൽനിന്നോ പൊതുസ്ഥാപനങ്ങളിൽനിന്നോ നൽകുന്നതാണ്. അദ്ധ്യാപകവൃത്തിയോടു് പ്രത്യേകാഭിരുചിയും ആഗ്രഹവുമുള്ള സർവ്വകലാശാലാവിദ്യാർത്ഥികൾക്കും പ്രത്യേകസ്കൂളുകളിലെ വിദ്യാർത്ഥികൾക്കും പൊതുഫണ്ടിൽ നിന്നും ധനസഹായം ചെയ്യും. ഫീസുസൗജന്യവും അനുവദിക്കപ്പെട്ടിട്ടുണ്ടു്. വിദ്യാർത്ഥിജീവിതത്തിൽ, പ്രത്യേക വൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചിട്ടുള്ളവരെ, വിദേശരാജ്യങ്ങളിൽ, ഉപരിപരിശീലനത്തിനയക്കാറുണ്ടു്. നാമ്മൽസ്കൂളുകളിലേയും, മിഡിൽസ്കൂളുകളിലേയും, ഗേൾസ്ഹൈസ്ക്കൂളുകളിലേയും, സാങ്കേതികപാഠശാലകളിലേയും, അദ്ധ്യാപകന്മാർ ശരിയായ പരിശീലനം നടത്തിയവരായിരിക്കണമെന്നു് നിർബ്ബന്ധമുണ്ടു്. അതിനായി പ്രത്യേക ഇൻസ്റ്റിററ്യൂട്ടുകൾ സ്ഥാപിച്ചിരിക്കുന്നു. അവ, സാങ്കേതികപാഠശാലാദ്ധ്യാപകന്മാരുടെ പരിശീലനത്തിനായി യൂണിവേഴ്സിററികളോടു് അനുബന്ധിക്കപ്പെട്ടിരിക്കുന്നു. അന്ധന്മാരേയും മൂകന്മാരേയും വിദ്യാഭ്യാസം ചെയ്യിക്കുവാൻ, ടോക്കിയോവിലെ പ്രത്യേകസ്കൂളുകളിൽ അദ്ധ്യാപകന്മാരെ പ്രത്യേകം പരിശീലിപ്പിക്കുന്നു. സ്ത്രീകൾക്കുള്ള നാർമ്മൽസ്കൂളുകളിലും ഹയ്യർനാമ്മൽ സ്ക്കൂളുകളിലും ആണു് കിൻഡർഗാർട്ടൻ മിസ്ട്രസ്സുകളെ പരിശീലിപ്പിക്കുന്നതു്. ഇതിനും പുറമെ, പഴക്കവും തഴക്കവും ഉള്ള അദ്ധ്യാപകന്മാരെ തിരഞ്ഞെടുത്തു്, അമേരിക്ക, ഇംഗ്ലണ്ടു്, ജമ്മനി, ഫ്രാൻസ്, ഇററലി, സ്വിററ്സർലൻഡ്, ആസ്ത്രിയ, ചൈന, ഹാളൻഡ് മുതലായ വിദേശരാജ്യങ്ങളിലയച്ചു്, ഗവമ്മെണ്ടുചിലവിൽ പഠിപ്പിക്കുകയും ചെയ്യാറുണ്ടു്. പ്രാഥമികവിദ്യാഭ്യാസത്തേയും ഡിപ്പാട്ടുമെൻറുഭരണത്തേയും കുറിച്ചു് ശരിയായ ജ്ഞാനം നൽകേണ്ടതിലേക്കായി ലെക്ചർ ഇൻസ്റ്റിററ്യൂട്ടുകൾ സ്ഥാപിച്ചിരിക്കുന്നു. സ്ക്കൂൾസൂപ്രണ്ടന്മാർ, യൂണിവേഴ്സിററി പ്രഫസരന്മാർ മുതലായ വിദഗ്ദ്ധന്മാരാണ് ഇൻസ്റ്റിററ്യൂട്ടുകളിൽ പ്രസംഗങ്ങൾ നടത്തുന്നതു്. വിദ്യാർത്ഥികളുടെ ആരോഗ്യപരിപാലനത്തിനുവേണ്ട പരിജ്ഞാനം നൽകുന്നതിനും, അതിനു് അദ്ധ്യാപകന്മാക്കു വേണ്ട പ്രത്യേക പരിശീലനം നൽകുന്നതിനും ആരോഗ്യപ്രസംഗങ്ങളും നടത്തുന്നു. സവ്വോപരി, വിദ്യാഭ്യാസഡിപ്പാട്ടുമെൻറിനെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളെപ്പററി പരിചിന്തനംചെയ്തു്, അപ്പോഴപ്പോൾ ആവശ്യമെന്നു കാണുന്ന തീരുമാനങ്ങൾ ഉണ്ടാക്കി നടപ്പിൽവരുത്തുന്നതിനായി ജപ്പാനിലെ വിവിധവിദ്യാലയങ്ങളിലേയും ഡയറക്ടരന്മാരുടെ സമ്മേളനങ്ങൾ കൂടക്കൂടെ വിളിച്ചുകൂട്ടാറുണ്ടു്.

## അദ്ധ്യാപകന്മാരുടെ നിലയും വിലയും.

ജപ്പാനിലെ അദ്ധ്യാപകന്മർ, വളരെ വിലയും നിലയും ഉള്ള പൊതുജന സേവകന്മാരായിട്ടാണു് പരിഗണിക്കപ്പെട്ടിട്ടുള്ളതു്. പൊതു സ്ഥാപനങ്ങളിലേയും പ്രൈവററുസ്ഥാപനങ്ങളിലേയും സമത്ഥന്മാരായ അദ്ധ്യാപകന്മാക്കു്, അവരുടെ പൊതുജനസേവനതല്പരതയെ അഭിനന്ദിച്ചു കീത്തിമുദ്രകളും പ്രശംസാപത്രങ്ങളും ചക്രവത്തിയും വിദ്യാഭ്യാസമന്ത്രിയും അവക്കു നൽകുകയും, തദ്വാരാ അവരെ ബഹുമാനിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യാറുണ്ടു്. അദ്ധ്യാപകന്മാക്കു്, പെൻഷ്യൻ നൽകുന്നതിനായി പ്രത്യേക ഫണ്ടുകൾ ശേഖരിച്ചുകൊള്ളണമെന്നു് ജപ്പാനിൽ നിർബന്ധമായ നിയമവ്യവസ്ഥ ഏപ്പെടുത്തിയിരിക്കുന്നു. ഫണ്ടിൻെറ പലിശയിൽനിന്നും, അദ്ധ്യാപകന്മാരുടെ കുടുംബങ്ങൾക്കു് അലവൻസ് നൽകിവരുന്നു. അവരുടെ താമസസൌകര്യത്തിനായി ഭംഗിയും വൃത്തിയുമുള്ള വീടുകൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു, നഗരസഭകളെ ഗവമ്മെണ്ടു പ്രോത്സാഹിപ്പിക്കുന്നു. ഇപ്രകാരമുള്ള പല ആനുകൂല്യങ്ങളും, അദ്ധ്യാപകലോകത്തിനു് അതിയായ സംതൃപ്തി ഉളവാക്കുന്നവയാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലൊ. അദ്ധ്യാപകന്മാരുടെ സംതൃപ്തിയും കാര്യക്ഷമതയും രാജ്യാഭിവൃദ്ധിക്കു് അത്യന്താപേക്ഷിതവുമാണെന്നു് ഗവമ്മെണ്ടിനു ബോദ്ധ്യമുണ്ടു്.

## പരീക്ഷ.

നമ്മുടെ വിദ്യാലയങ്ങളിലേപ്പോലെയല്ല അവിടെ പരീക്ഷകൾ നടത്തുന്നതു്. വിദ്യാത്ഥികൾക്കു് അവയെക്കുറിച്ചു് ഇവിടത്തെപ്പോലെ ഭയാശങ്കകളില്ല. തന്മൂലം പല പരാതികൾക്കും കുറവുണ്ടു്. എന്നു മാത്രമല്ല ആശാസ്യമായ പല പ്രയോജനങ്ങൾ ഉണ്ടാകുന്നുണ്ടുതാനും. ടേംലി (Tirmly) പരീക്ഷാഫലങ്ങളെ അടിസ്ഥാനപ്പെടുത്തി അദ്ധ്യാപകന്മാരുടെ അനുകൂലാഭിപ്രായത്തോടുകൂടിയാണു പ്രമോഷൻ നൽകുന്നതു. ഇക്കാര്യത്തിൽ ഉദാരമായ മനോഭാവമാണു് അദ്ധ്യാപകന്മാർ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നതു്.

## പാഠപുസ്തകങ്ങൾ.

ഈരാജ്യത്തിൽ പാഠപുസ്തകതിരഞ്ഞെടുപ്പു്, പല അനീതികൾക്കും അഴിമതികൾക്കും ഇടവരുത്തുന്നുണ്ടെന്നാണു് ജനസംസ്സാരം. എന്നാൽ ജപ്പാനിലെ വിദ്യാഭ്യാസാധികൃതന്മാർ ഈ വിഷയത്തിൽ വളരെ ശ്രദ്ധിക്കുന്നുണ്ടു്. ഡിപ്പാട്ടുമെൻറിൽ നിന്നുതന്നെ, സന്മാഗ്ഗവിദ്യാഭ്യാസം, ജപ്പാൻ ഭാഷ, കണക്കു്, ചരിത്രം, ഭൂമിശാസ്ത്രം, സയൻസു്, ഡ്രായിംഗു് ഈ വിഷയങ്ങളെപററിയുള്ള പാഠപുസ്തകങ്ങളും പാട്ടുകളും പ്രസിദ്ധീകരിക്കുന്നു. പുസ്തകങ്ങളുടെ ഗുണത്തിനു കൂടുതൽ പ്രാധാന്യം കല്പിക്കപ്പെട്ടിരിക്കുന്നു. ഗവ

മെൻറിന് ആദായമെച്ഛ ഉണ്ടാകേണ്ട ആവശ്യമില്ലല്ലോ. ഡിപ്പാർട്ടുമെൻറിൽനിന്നോ, ഡിപ്പാർട്ടുമെൻറിൻെറ അനുവാദത്തോടുകൂടി ബുക്കഡിപ്പോക്കാരോ, മററു പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു. പാഠപുസ്തകങ്ങളായി തിരഞ്ഞെടുക്കുവാൻ യോഗ്യതയുണ്ടോ എന്നു പരിശോധിച്ചു നിർണ്ണയിക്കുന്നതു ഡിപ്പാർട്ടുമെൻറു തന്നെയാണ്. അതിനായി അയയ്ക്കുന്ന പുസ്തകത്തോടുകൂടി, ഇരുപതു പ്രതികളുടെ വിലയുംകൂടി ഫീസു കൊടുക്കണമെന്നു നിർബന്ധമുണ്ട്.

ശിക്ഷ.

ജപ്പാനിലെ സ്കൂളുകളിൽ അടിശിക്ഷ നിശ്ശേഷം നിറുത്തിയിരിക്കുന്നു. അടിശിക്ഷ അവമാനകരമായിട്ടാണു ഗണിക്കപ്പെട്ടിരിക്കുന്നതു്. അതിനാൽ സവ്വശക്തികളും ഉപയോഗിച്ചു്, പൊതുജനങ്ങൾ അടിശിക്ഷയെ എതിർക്കുന്നു. അടിശിക്ഷ അനുഭവിക്കുവാൻ വിദ്യാർത്ഥികൾ ഒരിക്കലും സന്നദ്ധരാകുന്നതല്ല. ഉപദേശവും ശാന്തമായ ശകാരവും കൂടുതൽ പ്രയോജനകരമാണെന്നു് അവിടെ അനുഭവബോദ്ധ്യമാണു്.

സ്കാളർഷിപ്പും സമ്മാനവും.

സ്കാളർഷിപ്പോ സമ്മാനങ്ങളോ ജപ്പാനിലെ സ്കൂളുകളിൽ നൽകപ്പെടുന്നില്ല. വർഷാവസാനപ്പരീക്ഷകൾ എന്ന ഏർപ്പാടുതന്നെ ഇല്ലാത്തതുകൊണ്ടു, മാർക്കുകളെ അടിസ്ഥാനപ്പെടുത്തിയല്ലാ അവിടെ പരീക്ഷാഫലം തയ്യാറാക്കുന്നതു്. മാർക്കു കിട്ടുന്ന തോതനുസരിച്ചു യോഗ്യതാനിർണ്ണയം ചെയ്യുന്നതു ശരിയല്ലെന്നാണു ജപ്പാനിലെ വിദ്യാഭ്യാസപ്രവർത്തകന്മാരുടെ വിശ്വാസം.

കായികവിദ്യാഭ്യാസം.

"സുസംഘടിതശരീരത്തിൽ സംസ്കൃതചിത്തം", "ശരീരമാദ്യം ഖലുധർമ്മസാധനം" മുതലായ ആരോഗ്യതത്വങ്ങൾ സമാദരണീയങ്ങളായിട്ടാണു ജപ്പാൻകാർ ഗണിച്ചിരിക്കുന്നതു്. അതിനാൽ എല്ലാ സ്കൂളുകളിലേയും പാഠപദ്ധതിയിൽ കായികപരിശീലനത്തിനു വളരെ പ്രാധാന്യം കല്പിക്കപ്പെട്ടിരിക്കുന്നു. കളികൾ, കായികവിനോദങ്ങൾ, ഗുസ്തി, ടെന്നിസ്സ് മുതലായവയെല്ലാം അത്‌ലെററിക് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ പതിവായി വിദ്യാലയങ്ങളിൽ നടത്തിക്കൊള്ളണമെന്നു നിർബന്ധനിയമമുണ്ട്. വെക്കേഷൻകാലങ്ങളിൽ, പർവ്വതാരോഹണം, നീന്തൽ മുതലായ വിനോദങ്ങളിലും വിദ്യാർത്ഥികളെ ഡിപ്പാർട്ടുമെൻറുതന്നെ [illegible] ഏപ്രിൽമാസത്തിൽ, എല്ലാ പബ്ലിക്സ്കൂളും [illegible]

ആരോഗ്യപരിശോധന നടത്തുന്നതിനായി വൈദ്യവിദഗ്ദ്ധന്മാരെ ഗവമ്മേണ്ടിൽനിന്നുംതന്നെ നിയമിച്ചിട്ടുണ്ട്. കായികപരിശീലനം നൽകുന്നതിനു പ്രാപ്തിയുള്ള പ്രവത്തകന്മാരുണ്ടായിരിക്കത്തക്കവണ്ണം, പ്രധാനനഗരങ്ങളിൽ കായികപരിശീലനപയ്യവേക്ഷണാലയങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. വിദ്യാർത്ഥികളുടെ ആരോഗ്യപരിപാലനം, കായികസംസ്കാരം ഇവയുടെ മേലന്വേഷണം നടത്തുന്നതിനായി ഗവമ്മേൻറിൽനിന്നും സൂപ്രണ്ടന്മാരേയും നിയമിച്ചിട്ടുണ്ട്.

പൊതുവായനശാലകൾ.

പ്രായമായവരുടെ വിദ്യാഭ്യാസത്തിന് അത്യന്താപേക്ഷിതങ്ങളായ സ്ഥാപനങ്ങളായിട്ടാണു ജപ്പാനിൽ വായനശാലകൾ പരിഗണിക്കപ്പെട്ടിരിക്കുന്നതു്. ആറുലക്ഷം ഗ്രന്ഥങ്ങളടങ്ങിയ ഒരു പബ്ളിക്‌ലൈബ്രറി, ഗവമ്മേണ്ടിൽനിന്നും, ടോക്കിയോനഗരത്തിൽ നടത്തിവരുന്നു. പ്രാദേശികപട്ടണങ്ങളിലും വായനശാലകൾ സ്ഥാപിച്ചു നടത്തുവാൻ ഗവമ്മേണ്ടിൽനിന്നും തന്നെ, വേണ്ട പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട്. ജപ്പാനിൽ 4000 പബ്ളിക്‌ലൈബ്രറികളാണുള്ളതു്. അതായതു് ആയിരം ചതുരശ്രമയിൽ സ്ഥലത്തു്, 30 വായനശാലകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഉദ്ദേശം രണ്ടുകോടി വായനക്കാർ അവയെ ഉപയോഗിക്കുന്നുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. വത്തമാനപ്പത്രങ്ങൾ പാരായണം ചെയ്യുന്നതിലും ജപ്പാൻകാർ വളരെ അഭിരുചിയുള്ളവരാണ്. വീട്ടുവേലക്കാരികൾ, ഹോട്ടൽവേലക്കാരികൾ, ആഫീസ്ശിപായിമാർ, റിക്ഷാവണ്ടിക്കാർ മുതലായ സാമാന്യജനങ്ങൾപോലും പ്രഭാതപത്രങ്ങളും സായാഹ്നപത്രങ്ങളും വിലകൊടുത്തു വാങ്ങി പതിവായി വായിക്കുന്നു. പുസ്തകശാലകളിൽ, സ്ത്രീപുരുഷഭേദമെന്യേ, എല്ലാവരും, രാത്രികാലങ്ങളിൽ, ചെന്നിരുന്നു പുതിയ പുസ്തകങ്ങൾ വായിക്കുന്ന പതിവുണ്ട് അതിനു വേണ്ട സകല സൌകര്യങ്ങളും പുസ്തകശാലയുടെ ഉടമസ്ഥന്മാർ നൽകുന്നതു സവ്വസാധാരണമാണ്. പൊതുജനങ്ങളുടെ ഇടയിൽ സാമാന്യജ്ഞാനം വദ്ധിപ്പിക്കുന്നതിനായി, വിദ്യാലയങ്ങൾതോറും, വിദഗ്ദ്ധന്മാരെക്കൊണ്ടു വിവിധവിഷയങ്ങളെപ്പററി, വിജ്ഞാനപ്രദങ്ങളായ പ്രസംഗങ്ങൾ, വിദ്യാഭ്യാസഡിപ്പാർട്ടുമെൻറുതന്നെ നടത്തിക്കുന്നു.

യുവജനപ്രസ്ഥാനം.

ഏതു രാജ്യത്തിന്റെയും നാനാമുഖങ്ങളായ അഭിവൃദ്ധിക്കും സത്വരമായ പുരോഗതിക്കും കാരണം യുവജനപ്രസ്ഥാനമാണ്. അതിനാൽ രാജ്യമൊട്ടുക്കു യുവജനസമാജങ്ങൾ സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. തദ്വാരാ, ഉപയോഗപ്രദങ്ങളായ പല കാര്യങ്ങളും നിവ്വഹിക്കുവാൻ വളരെ സൗക

ട്ടുമുണ്ട്. പുസ്തകവായന, തൊഴിൽ, കായികപരിശീലനം, സന്മാർഗ്ഗവിദ്യാഭ്യാസം മുതലായവയിൽ യുവജനങ്ങൾക്ക് അഭിരുചി വർദ്ധിപ്പിക്കുന്നതിന്, വിദ്യാഭ്യാസഡിപ്പാർട്ടുമെൻറുതന്നെ വേണ്ടതെല്ലാം ചെയ്യുന്നു. 16000 യുവജനസംഘടനകളും, 12000 യുവതിജനസമാജങ്ങളും, ജപ്പാനിൽ ഉപയോഗപ്രദമായ ഊർജ്ജിതപ്രവർത്തനം നടത്തുന്നുണ്ട്. കാലോചിതമായ സാമുദായികപരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിന്, ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിൽ, സാമുദായിക വിദ്യാഭ്യാസബ്യൂറോകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. സാമുദായിക വിദ്യാഭ്യാസശാഖയുടെ ഭരണാധികാരിയായി ഒരു ഡയറക്ടരേയും നിയമിച്ചിട്ടുണ്ട്. വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക ജപ്പാൻകാർ കല്പിച്ചിട്ടുള്ള പ്രാധാന്യം, മുൻവിവരിച്ച സംഗതികളിൽനിന്നും നല്ലപോലെ തെളിയുന്നുണ്ടല്ലോ. അനുകരണീയങ്ങളായ പലതും, ഈ രാജ്യത്തിലും സ്വീകരിക്കുന്നതു വളരെ നന്നായിരിക്കും.

# നേപ്പാളയുദ്ധം

അഥവാ

## ഭാരതവർഷത്തിൻെറ രോമഹർഷം.

(വിദ്വാൻ, വൈ. നാരായണയ്യർ)

ക്രിസ്തുവർഷം 1814-ൽ ഇംഗ്ലീഷ്ഗവമ്മെണ്ട് നേപ്പാളരാജ്യത്തിനെതിരായി യുദ്ധപ്രഖ്യാപനം ചെയ്തു. ജനറൽ മാർണിയെ കാട്ടാമണ്ഡു (നേപ്പാളരാജധാനി) വിനെ ആക്രമിക്കാൻ ഗവമ്മേണ്ടു നിയോഗിച്ചു. ജനറൽ വുഡ് ഗോരക്ഷപുരത്തിൽ പാളയമുറപ്പിച്ചു "തറായി" പ്രദേശത്തെ ആക്രമിച്ചു. ജനറൽ അക്ടർലോണി, നേപ്പാളത്തിൻെറ പശ്ചിമപ്രാന്തത്തിൽ, അമരസിംഹൻെറ സൈന്യത്തെ നിരോധിപ്പാൻ നിയുക്തനായി. ജനറൽ ഗിലേസ്പി ഡേറാഡൂൺവഴി "കലംഗാ"ദേശത്തെ പിടിപ്പാൻ യാത്രയായി. ഈവിധം നേപ്പാളരാജ്യത്തിൻെറ നാലു വിഭിന്നപാർശ്വങ്ങളിൽ കൂടി ഒരേസമയം ആക്രമണം ആരംഭിച്ചു. നേപ്പാളരാജ്യത്തിലെ സൈന്യസംഖ്യ ആകെ മൊത്തം പന്ത്രണ്ടായിരം; ഇതിനോടെതിർക്കാൻ ഇംഗ്ലീഷ്

ഗവൎമ്മെണ്ടു് അയച്ച ഭടന്മാർ മുപ്പത്തൊൻപതിനായിരം. യുദ്ധത്തിന്റെ കാരണം എന്തെന്നുള്ളതു് ഈ പ്രബന്ധത്തിലെ ആലോചനാവിഷയമല്ല, ആവശ്യവുമില്ല.

തീയിൽ വറുക്കാതെ സ്വൎണ്ണത്തിന്റെ ശുദ്ധി പരീക്ഷിക്കാവുന്നതല്ല. മനുഷ്യനും അഗ്നിയാൽ പരീക്ഷിക്കപ്പെടുന്നു. വീരപുരുഷസിംഹങ്ങളുടെ മാററു് അപ്പോഴത്രെ ശരിക്കു പ്രത്യക്ഷമാകുന്നതു്.

യുദ്ധപ്രഖ്യാപനകാലത്തു് നേപ്പാളത്തിന്റെ അതിൎത്തിപ്രദേശത്തിൽ "കലുംഗാ" എന്ന സ്ഥലത്തു് ഒരു ചെറിയ ഗോരക്ഷസൈന്യം ഉണ്ടായിരുന്നു. "ബലഭദ്രഥാപാ"—യാണു് അതിന്റെ നായകൻ. അവിടെ അത്യന്തം പഴക്കം ചെന്ന ഒരു ദുൎഗ്ഗത്തിന്റെ നഷ്ടശിഷ്ടം മാത്രം നില്പുണ്ടായിരുന്നു. ആയുധസന്നാഹങ്ങളൊ തീരെച്ചുരുക്കം. ചിലൎക്കു് അമ്പും വില്ലും വാളുമുണ്ടു്; ചിലരുടെ കൈയിൽ ജാംബവാന്റെ കാലത്തെ തോക്കും ഉണ്ടു്—ഇവയാണു യുദ്ധോപകരണങ്ങൾ. കുറെയേറെനാളായി യുദ്ധത്തിനെപ്പററിയുള്ള പ്രതീക്ഷയില്ലാതിരുന്നതിനാൽ, സൈന്യങ്ങൾ സ്ത്രീപുത്രസമേതം ഇവിടെത്താമസിക്കുകയായിരുന്നു. സ്ത്രീകളും കുട്ടികളും കൂടി ഇരുനൂററിയൻപതോളം വരും.

പെട്ടെന്നു് ഒരു ദിവസം ഈ വൎത്തമാനം കിട്ടി; ഇംഗ്ലീഷുകാർ യുദ്ധപ്രഖ്യാപനം ചെയ്തിരിക്കുന്നു, കലുംഗയെ ആക്രമിപ്പാൻ അവർ തിരിച്ചുകഴിഞ്ഞു—എന്നു്. ബലഭദ്രഥാപാ ഇതുകേട്ടു്, പൊളിഞ്ഞ കോട്ടയെ ഒരു വിധം കേടുപാടുതീൎത്തു ശരിയാക്കി. ഗോരക്ഷസേനാധിപൻ സ്ത്രീകളും ശിശുക്കളുമുണ്ടല്ലൊ എന്നു വിചാരിച്ചു വിഷണ്ണനായിരിക്കുന്നു; സൈന്യങ്ങളാകട്ടെ ആയുധാഭാവത്താൽ വിഷാദഗ്രസ്തരായിരിക്കുന്നു. അങ്ങനെയിരിക്കെ, ഇംഗ്ലീഷ് സേനാനായകനായ "മൗബ്രി" മൂവ്വായിരത്തിയഞ്ഞൂറു ഭടന്മാരോടും അസംഖ്യം പീരങ്കികളോടുംകൂടി അതിവേഗത്തിൽ അതിനെ അവരോധിച്ചു.

ജയം ആശിക്കാവുന്ന ഒരു യുദ്ധത്തിൽ പലരും ഏപ്പെട്ടു പൊരുതു എന്നു വരാം. എന്നാൽ തോലി സുനിശ്ചിതമായ ഒരു യുദ്ധത്തിൽ ഏപ്പെട്ടുവാൻ അമാനുഷികമായ ബലമാണു വേണ്ടതു്.

ഞൊടിയിടക്കുള്ളിൽ ഇംഗ്ലീഷ് സൈന്യം കോട്ടയുടെ നാലുപാടും വളഞ്ഞുകഴിഞ്ഞു. ബലഭദ്രൻ വിചാരിക്കയാണു്—നല്ല മുഹൂൎത്തത്തിലാണു തന്നെ രാജാവു കലുംഗസേനാനായകനാക്കി നീട്ടുതന്നു പറഞ്ഞയച്ചതു്; ആട്ടെ! ഉപ്പുകൂട്ടിത്തിന്നതിന്റെ ഔചിത്യപരീക്ഷയാവാം ഇതു്!

അക്ടോബർ 25-ാംനു- അൎദ്ധരാത്രി—സൂക്ഷ്മം പന്ത്രണ്ടുമണിക്കു്—ഇംഗ്ലീഷ് ദൂതൻ ബലഭദ്രഥാപായുടെ കൈവശം യുദ്ധപത്രം കൊണ്ടുക്കൊട്ടു

ത്തു. പകൽ മുഴുവൻ പണിയെടുത്തു ക്ഷീണിച്ചിട്ടു ബലഭദ്രഥാപാ കിടക്കാൻ ഭാവിക്കുന്നു; അപ്പോഴാണ് ഇംഗ്ലീഷ്സേനാധിപൻെറ കത്തിൻെറ വരവ്. കത്തിലെ ഉള്ളടക്കം ഇങ്ങനെയാണ്.—"ഈ അസമയുദ്ധത്തിൽ തോലി സമ്മതിക്കുന്നതു വീരപുരുഷന്മാൎക്കു ഗൗരവക്ഷയമല്ല. രക്തപ്രവാഹം കൂടാതെ കോട്ടയുപേക്ഷിച്ചു പിൻമാറുകയാണു ഗോരക്ഷസേനാപതിക്കു നന്മ" ഇതിനു മറുപടി ഗോരക്ഷസേനാധിപൻ വാമൊഴിയിൽ നൽകി.—"നിൻെറ സുബേദാരിനോടു പറ, നാളെ രാവിലെ യുദ്ധക്കളത്തിൽ വെച്ച് ഇതിൻെറ മറുപടി തരുന്നുണ്ട് എന്ന്."

ഈ ബലഭദ്രധാൎഷ്ട്യത്തിനുള്ള മറുപടിയുംകൊണ്ടു പിറേറദിവസം പ്രഭാതത്തിൽ പീരങ്കിയുണ്ടകൾ ഹാജരായി. പീരങ്കികളുടെ ആഗ്നേയധൂമം നാലുപാടുംനിന്ന് ഒതുങ്ങുന്നതിനുമുമ്പുതന്നെ, ഇംഗ്ലീഷ് സേനാപതി സകല സൈന്യവുംകൊണ്ടു കോട്ടയെ ആക്രമിച്ചു. എന്നാൽ ഗോപുരക്കൽക്കെട്ടിൻെറ പുറകിലായി അധൃഷ്യമായ ഒരു ശക്തി, പ്രച്ഛന്നമായ് ഇരുന്നു; അതിനെ പീരങ്കിയുണ്ടകൾക്കു പിളൎക്കുവാൻ സാധ്യമല്ല; ആ മാനസികമഹാശക്തി മിന്നൽപിണരെന്നപോലെ അവിടെ പ്രത്യക്ഷപ്പെട്ടു, അതു സേനാനായകനിൽനിന്നും ഓരോ ഭടൻെറ ഹൃദയത്തിലും ആവേശിച്ചു; യോദ്ധാക്കളുടെ ഹൃദയങ്ങളിൽ മാത്രമല്ല, അബലകളായ നാരികളിലും, അനന്യഗതികളായ ശിശുക്കളിലും ആ തീവ്രമായ അഗ്നിശിഖ ഉജ്ജ്വലമായി ഉദ്ദീപിച്ചു.

ഇംഗ്ലീഷ്സൈന്യം വീണ്ടും വീണ്ടും ആക്രമണം നടത്തിയിട്ടും കോട്ട കൈവശപ്പെടുത്താൻ സക്ഷമമായില്ല; ഒടുവിൽ ജയാശ ഇല്ലെന്നു കണ്ടു ഡോറാഡൂണിലേക്കു പിൻവാങ്ങി.

അനന്തരം ജനറൽ "ഗിലേസ്പി" കോട്ട തകൎക്കുവാൻ പര്യാപ്തങ്ങളായ പുത്തൻ പീരങ്കികളും, പുതിയ സൈന്യസംഘവുമായി വന്നു മൗബ്രിയോടുകൂടിച്ചേൎന്നു. ഒരേസമയം, നാലുവശത്തുനിന്നും സൈന്യങ്ങൾ കോട്ടയെ ആക്രമിക്കണമെന്നും, പീരങ്കിയുണ്ടകൾകൊണ്ടു കോട്ട തകൎത്തു കവാടനിരോധം കൂടാതെ ഉള്ളിൽ കടക്കണമെന്നും തീൎച്ച ചെയ്യപ്പെട്ടു.

26-ാംതീയതി ഒൻപതുമണിക്ക് ഈ ഗംഭീരമായ ആക്രമണം ആരംഭിക്കപ്പെട്ടു. എന്നാൽ അല്പസമയത്തിനുള്ളിൽ ഇംഗ്ലീഷ്സൈന്യം തോൽപ്പിക്കപ്പെട്ടു പിൻവാങ്ങി. എന്നിട്ട്, ജനറൽ ഗിലേസ്പിതന്നെ പുതിയ മൂന്നു സൈന്യസംഘത്തോടുകൂടി കോട്ടയെ ആക്രമിച്ചു. അസംഖ്യം പീരങ്കികൾ ഒന്നുചേൎന്ന് അഗ്നിജ്വാലകൾ ഉദ്വമിച്ചുകൊണ്ടു കോട്ടയിന്മേൽ തീമയമായ ഉണ്ടകളെ ദ്രുതതരമായി പായിച്ചുതുടങ്ങി.

നാമമാത്രമായ കോട്ടമതിൽ, ഈ കൊടുങ്കാററിൽ രക്ഷനേടുന്നതെങ്ങനെ? പീരങ്കിയുണ്ടകൾക്കു സ്വാഗതമരുളി മതിൽക്കെട്ട് വീണ്ടുവീണ്ടുതുട

ങ്ങി. ഗോരക്ഷസൈന്യത്തിൻെറ ഭാഗ്യലക്ഷ്മിയും വഴതിമാറി. എന്നാൽ ഈ സമയം പെട്ടെന്ന് ഒരു അത്ഭുതദർശനം അവിടെ പ്രത്യക്ഷപ്പെട്ടു. മതിലിൻെറ പൊളിഞ്ഞ സ്ഥാനത്തിൽ, നിമിഷത്തിനുള്ളിൽ മറെറാരു മതില്ക്കെട്ടു പൊന്തിക്കാണപ്പെട്ടു! ഈ പുതിയ മതിൽക്കെട്ടു എന്തൊരു ഇന്ദ്രജാലം? ആ മതിൽക്കെട്ട്, ശിരീഷസുകുമാരങ്ങളായ സജീവനാരീശരീരങ്ങൾ പടുത്തുപണിയപ്പെട്ടതായിരുന്നു. ഗോരക്ഷമഹിളാമണികൾ സ്വന്തം ശരീരങ്ങളാൽ, പൊളിഞ്ഞഭാഗത്തെ പൂർത്തീകരിച്ചു. ഇത്തരത്തിലൊരു കാഴ്ച ഭൂമണ്ഡലത്തിലൊരെടത്തും ഒരിക്കലും കണ്ടിട്ടില്ല. കാർഥേജിയൻ സ്ത്രീകൾ തങ്ങളുടെ കേശപാശം അറുത്തെടുത്തു വില്ലിനു ഞാണുണ്ടാക്കിക്കൊടുത്തിട്ടുണ്ട്; എന്നാൽ രക്തമാംസസമ്പൃക്തമായ സജീവശരീരത്താൽ ഒരെടത്തും കോട്ടമതിൽ പണിതീർക്കുക, ഉണ്ടായിട്ടില്ല. അതു ഒരു മതിൽകെട്ടു മാത്രമല്ല, പിന്നെയോ,—ഈ ദുർബ്ബലങ്ങളും ക്ലേശാസഹിഷ്ണുക്കളും ആയ ശരീരങ്ങൾ വജ്രംപോലെ കഠോരങ്ങളും, ഭീഷണസംഹാരദക്ഷങ്ങളും ആയ ശസ്ത്രങ്ങളും കൂടി ആയിത്തീർന്നു.

ഈ സമയം ജനറൽഗിലേസ്പി കോട്ടമതിലിലേക്കു കടക്കുവാൻ മുന്നോട്ടു നടകൊണ്ടു. എന്നാൽ പെട്ടെന്നു നെഞ്ചിൽ വെടിയുണ്ടയേററു മരിക്കേണ്ടിവന്നു. അനുചരന്മാർ അമ്പുകൊണ്ടും വെടിയേററും ചിന്തിച്ചിതറി. ഇംഗ്ലീഷ്സൈന്യത്തിൻെറ നഷ്ടശിഷ്ടങ്ങൾ ഡേറാഡൂണിലേക്കു പിൻവാങ്ങുകയും ചെയ്തു.

അനന്തരം ഡെൽഹിയിൽനിന്നും പുതിയ കുറെ സൈന്യങ്ങളും, അസംഖ്യം പീരങ്കിപ്പട്ടാളവും യുദ്ധരംഗത്തിലേക്കു നിയോഗിക്കപ്പെട്ടു. നവംബർ 24-ാംതീയതി ഈ പുതിയ സൈന്യസംഘം വീണ്ടും കലുംഗയെ ആക്രമിച്ചു.

ഇത്തവണ പീരങ്കിയുണ്ടകൾ ഇടവിടാതെ കോട്ടയിലേക്കു പാഞ്ഞുകൊണ്ടിരുന്നു—ഉണ്ടകളല്ല, ഉണ്ടകൾ അടക്കം ചെയ്ത വാണങ്ങൾ. ഈ ആഗ്നേയവാണങ്ങൾ തറയിൽകൊണ്ടയുടനെ ഭയങ്കരഗർജ്ജനത്തോടുകൂടി നുറായിപ്പൊട്ടിച്ചിതറി മൃത്യുവിൻെറ ഭീഷണച്ഛായയെ നാലുപാടും പരത്തിത്തുടങ്ങി. ഇതേവരെ യമൻ, ഓരോ പടയാളിയെ വീതം പിടികൂടിയിരുന്നു. ഇപ്പോഴാകട്ടെ, കാലൻ, സർവ്വഗ്രാസിയായി സർവ്വത്ര വിഹരിച്ചുതുടങ്ങി.

കലുംഗാ ആക്രമണം തുടങ്ങി ഇതാ മാസം ഒന്നിനുമേലായിരിക്കുന്നു. ആഹാരസാമഗ്രികൾ തീർന്നിരിക്കുന്നു; യുദ്ധോപകരണങ്ങളും ഒടുങ്ങിയിരിക്കുന്നു! ഇത്തരം ഘോരവിപത്തിൽപ്പെട്ടിട്ടും ഗോരക്ഷയോദ്ധാക്കൾക്കു കൂസലില്ല. ആസന്നമരണന്മാരായ ശത്രുക്കളെ മൂലച്ഛേദം ചെയ്യാൻ വേണ്ടി ഇംഗ്ലീഷ്സൈന്യസമൂഹം തിരമാലകൾപോലെ അലച്ചു പാഞ്ഞുകൊണ്ടിരുന്നു; എന്നാൽ ഗോരക്ഷസൈന്യം അമാനുഷശക്തിയോടുകൂടി പടവെട്ടിക്കൊണ്ടു

മിരുന്നു. ഉണ്ടകൾ ഒടുങ്ങിയപ്പോൾ തോക്കെറിഞ്ഞും, അമ്പുകൾ ഒടുങ്ങിയപ്പോൾ വില്ലെറിഞ്ഞും, അതും ഒടുങ്ങിയപ്പോൾ പാറക്കല്ലുകൾ എറിഞ്ഞും അവർ ശത്രുസൈന്യത്തെ നശിപ്പിക്കാൻ തുടങ്ങി. ഈ "അസമ"യുദ്ധത്തിൽ ഗോരക്ഷന്മാർക്കുതന്നെ ജയം സിദ്ധിച്ചു. കോട്ട കൈവശപ്പെടാനുള്ള ആശാലേശവുമേശാതെ ഇംഗ്ലീഷുസൈന്യം ഡേറാഡൂണിലേക്കു മടങ്ങുവാൻ നിർബ്ബന്ധിതമായി.

ഈ സമയത്ത്, ഒരു ഇംഗ്ലീഷ് ചാരൻ, കലുംഗാദുർഗ്ഗത്തിൽ കുടിക്കാൻ ജലമില്ലെന്നും, കോട്ടയ്ക്കു വെളിയിൽ ദൂരെയുള്ള ഒരരുവിയിൽനിന്നും അർദ്ധരാത്രിയിലെ അന്ധകാരത്തിൽ ഗോരക്ഷന്മാർ ജലംകൊണ്ടുവരികയാണെന്നും, ആ വെള്ളം തടഞ്ഞാൽ മാത്രമേ ശത്രുക്കൾ പോക്കുമുട്ടി കീഴ്പ്പെടുകയുള്ളുവെന്നും നായകനു് അറിവുകൊടുത്തു.

അരുവിനീർ തടയപ്പെട്ടു. അനന്തരം ദുർഗ്ഗത്തിൽ ഉണ്ടായ ഭീഷണദുരന്തദുരിതങ്ങൾ ഊഹിക്കാൻപോലും വഹിയാ. പരുക്കേററും മരിക്കാറായും കിടക്കുന്ന സ്ത്രീപുരുഷന്മാരുടേയും ശിശുക്കളുടേയും "വെള്ളം—വെള്ളം" എന്നുള്ള ആർത്തനാദം മാത്രമേ കേൾക്കുവാനുള്ളു. കാലൻെറ വരവോടുകൂടിയ ആ ആരവാരം നിലയ്ക്കുകയുള്ളു.

ഇംഗ്ലീഷുകാർ, ശത്രുക്കൾ ഈവിധം ആപത്തിൽ കുടുങ്ങിയതുകണ്ടു്, സിംഹകുട്ടികളെ ജീവനോടെ ചങ്ങലയിട്ടു തളയ്ക്കാനുത്സാഹിച്ചു. കോട്ടയുടെ നാലുചുററിലും സൈന്യങ്ങൾ പാറാവിരുന്നു. കോട്ടയുടെ വാതിൽക്കൽ അസംഖ്യം സൈന്യങ്ങൾ കാത്തുനിന്നു; രാവും പകലും ഇളവുകൂടാതെ ഭദ്രമായി സൂക്ഷിച്ചുനിന്നു.

ഗോരക്ഷസൈന്യത്തിൻെറ എണ്ണം ആദ്യം മുന്നൂറായിരുന്നു. ഒരു മാസത്തിലധികം യുദ്ധം കഴിഞ്ഞശേഷം അതു എഴുപതു മാത്രമായി. ഈ എഴുപതുപേരിൽ ഒരുത്തനെങ്കിലും, നാലു ദിവസമായി, ഒരുതുള്ളി വെള്ളം സ്പർശിച്ചിട്ടില്ല;—വിശപ്പും ദാഹവും മൗനമായി സഹിച്ചിരിക്കുന്നു—അവർ ഈ കഷ്ടങ്ങളെല്ലാം ക്ലേശമില്ലാതെ സഹിച്ചു; എന്നാൽ സ്ത്രീകളുടേയും ശിശുക്കളുടേയും ആർത്തനാദം ക്രമേണ അവർക്കു ദുസ്സഹമായിവന്നു. ശത്രുവിൻെറ കൈയിൽ കോട്ട ഏല്പിച്ചുകഴിഞ്ഞാൽ ഈ ദാരുണമായ കഷ്ടത്തിനു് അവതികിട്ടും. എന്നാൽ കൈയിലെ വാളിനെ, ശത്രുവിൻെറ കാൽക്കൽ വെയ്ക്കുക, ജീവനുള്ളപ്പോൾ സാദ്ധ്യമല്ല.

അർദ്ധരാത്രിസമയത്തു പെട്ടെന്നു കോട്ടയുടെ വാതിൽ തുറക്കപ്പെട്ടു. ഈ വാതിൽ, പീരങ്കിയുണ്ടകളേററു തുറന്നതല്ല; തനിയേ തുറക്കപ്പെട്ടു. ജീവനെ ബലികൊടുപ്പാൻ കച്ചകെട്ടിയ ആ എഴുപതു വീരന്മാരും എണ്ണമററ

ശത്രുക്കളുടെ സംഘത്തിൽ ചാടിവീണു വാളു വീശി വഴി തെളിയിച്ചുകൊണ്ടു നിമിഷനേരത്തിൽ അദൃശ്യരായ്ത്തീൎന്നു.

പിറേറന്നു രാവിലെ ഇംഗ്ലീഷുസൈന്യം, യോദ്ധാക്കളാൽ പരിത്യജിക്കപ്പെട്ട കോട്ടയ്ക്കുള്ളിൽ നിർബാധം പ്രവേശിച്ചു. ഉള്ളിൽക്കടന്നിട്ട് അവർ കണ്ട കാഴ്ച അവരുടെ ഉല്ലാസത്തെ വിഷാദമായി മാററി. ഇതു കോട്ടയോ ശ്മശാനമോ? ശവശരീരം നിറഞ്ഞ ഈ തറയിൽ ഇത്രയുംനാൾ മനുഷ്യർ എങ്ങനെ പാൎത്തു? മുറിവേററു വീണവരുടേയും, ജീവൻ പോകാത്തവരുടേയും, ചത്തവരുടേയും ഭയാനകമായ സമ്മേളനം. മുൻവശത്തു ഗിലേസ്പിയുടെ മൃതശരീരം; മടിയിൽ നാലു വയസ്സുള്ള ഒരു ശിശു കിടന്നു കരയുന്നു. അതിനു മുൻവശം ഒരു സ്ത്രീ മരിക്കാറായി കിടക്കുന്നു; തുടരണ്ടും പിളൎന്നുകൊണ്ടു് ഒരു ഉണ്ട പാഞ്ഞിരിക്കുന്നു. അട്ടക്കലായി, അസംഖ്യം കൈകാൽമുറികൾ ചുററിലും ചിതറിക്കിടക്കുന്നു; ഇവിടെയാണു് ആഗ്നേയവാണം വീണു പൊട്ടിത്തെറിച്ചതു്. അടുത്തു കുറെ കുഞ്ഞുങ്ങൾ ചോരയു മണിഞ്ഞു തറയിൽ ഇഴയുന്നു; ഇനിയും അവയുടെ പ്രാണവായു നിലച്ചിട്ടില്ല. നാലുവശവും "വെള്ളം! വെള്ളം" എന്നുള്ള കരച്ചിൽ!

ബലഭദ്രഥാപാ, കൂട്ടുകാരായ എഴുപതുപേരോടുംകൂടി "ഷേത്ഗഡ്" കോട്ടയിൽ ചെന്നു രക്ഷനേടി. ഈ കോട്ടയേയും ഇംഗ്ലീഷുസൈന്യം ആക്രമിച്ചു, പക്ഷെ കിട്ടിയില്ല. അനന്തരം ബലഭദ്രഥാപാ സേനാനായകസ്ഥാനത്തിലിരുന്നു് അസംഖ്യം കോട്ടകളുടെ ആധിപത്യം വഹിച്ചു; നേപ്പാളയുദ്ധം അവസാനിച്ചപ്പോൾ, ഇനി സ്വദേശത്തിൽ തന്റെ വാളിന്റെ ആവശ്യമില്ലെന്നുകണ്ടു്, കൂട്ടരോടൊരുമിച്ചു്, രണജിത്സിംഹന്റെ സിക്ഖ സൈന്യത്തിൽ ചേൎന്നു.

അക്കാലം, രണജിത്സിംഹൻ അഫ്ഘാൻ യുദ്ധത്തിൽ ഏൎപ്പെട്ടിരിക്കയായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു സൈന്യസംഘം അസംഖ്യം അഫ്ഘാന്മാരോടു എതിരിടേണ്ടതായി വന്നു. മിക്കവരും ഓടി രക്ഷപ്പെട്ടു. എഴുപതുപേർ മാത്രം യുദ്ധക്കളം വിട്ടു മാറിയില്ല. ഇവർ അണ്ണിനിരന്നു ശത്രുസൈന്യത്തിനെതിരെ നിശ്ചലമായി പൎവ്വതമെന്നപോലെ നിന്നു. നിരവധി വിപത്തുകളിൽ കൂട്ടുപിരിയാത്ത വീരന്മാർ, ഒടുവിലും കൂട്ടു പിരിയാതെ നിലകൊണ്ടു. ദൂരത്തുനിന്നും പീരങ്കി മുഴക്കം കേട്ടുതുടങ്ങി; ആ മേഘഗൎജ്ജനം പൎവ്വതശൃംഗങ്ങളിലും താഴ്വരകളിലും മാറെറാലി കൊണ്ടു; അതോടുകൂടി ഈ അണിയിൽ ഓരോ ഭടന്റെ സ്ഥാനം ശൂന്യമായി; എങ്കിലും അണിമാറിയില്ല. ഒടുവിൽ അടുത്തടുത്തായി എഴുപതു ശവശരീരം അനന്തമായ ശയ്യയിൽ ശയിച്ചു.

ഇംഗ്ലീഷ്സൈന്യം കല്യംഗയെ കൈവശപ്പെടുത്തി, കോട്ടയെ മൈതാനത്തറയാക്കി. ഇപ്പോൾ, കോട്ടയിരുന്നേടത്തു ഗിലേസ്പിയുടെ ഒരു സ്മാരകശില സ്ഥാപിച്ചിരിക്കുന്നു. ആ ദാരുണയുദ്ധരംഗത്തിൽ ഇപ്പോൾ ഗംഭീരമായ നിർജ്ജനതപം കളിയാടുന്നു. മരണത്തിന്റെ ഇങ്ങേപ്പുറത്തേ കോളിളക്കമുള്ളൂ; അങ്ങേപ്പുറം നിത്യശാന്തിയാണ്. ഗിലേസ്പിയുടെ സ്മാരകശിലയുടെ അടുക്കലായി ഇംഗ്ലീഷ്കാർ മററൊരു സ്മാരകസ്തംഭവും സ്ഥാപിച്ചിട്ടുണ്ട്. രണ്ടാമത്തേതിൽ ഈവിധം രേഖപ്പെടുത്തിക്കാണുന്നു:-*

> ഞങ്ങളുടെ വീരശത്രു, കല്യംഗാദുർഗ്ഗാധിപതി
> ബലഭദ്രഥാപായും, തദധീനരായ വീരസേനകളും
> യുദ്ധത്തിൽപ്രാണനെ തൃണവൽഗണിച്ചു!
> ആഫ്ഘാൻ പീരങ്കിയുടെ മുൻവശംനിന്നു്
> ഓരോരുത്തരായി സധൈര്യം പ്രാണാഹുതിചെയ്തു!
> ആ വീരസിംഹങ്ങളുടെ സ്മരണാത്ഥം
> ഈ സ്മാരകസ്തംഭം സ്ഥാപിക്കപ്പെട്ടു.

# പണ്ടത്തെ സർവ്വകലാശാലകൾ

## 1. തക്ഷശില.

(സി. പി. ഗോവിന്ദപ്പിള്ള എം. ആർ. ഏ. എസ്സ്.)

പുരാതനകാലത്തിലെ സർവ്വവിജ്ഞാനകേന്ദ്രമായിരുന്ന തക്ഷശില. ഇക്കാലത്തു റാവിൽപിണ്ഡിക്കു വടക്കുപടിഞ്ഞാറും ഹസൻ അബ്ദലിന്നു തെക്കുകിഴക്കുമായി ഏകദേശം പന്ത്രണ്ടു ചതുരശ്രമൈൽ വിസ്താരത്തിൽ കിടക്കുന്ന ശൂന്യഭൂമിയായിരുന്നു പോൽ ഇതിന്റെ സ്ഥാനം. (വിൻസൻറ് സ്മിത്തിന്റെ ഇൻഡ്യാചരിത്രം). സർ ജാൺ മാർഷലിന്റെ അഭിപ്രായം ശരിയാണെങ്കിൽ മൂന്നു പ്രസിദ്ധനഗരങ്ങളുടെ നടുക്കായിരുന്നു തക്ഷശില. തെക്കെ അതിരിലുള്ള ബിർമൌണ്ടു് ക്രിസ്തുവിനു് 1500 വഷം മുൻപു മുതൽ

* ജെ. സി. ബോസ് ബങ്കാളിയിൽ രചിച്ചതു്.

മൌൎയ്യരാജാക്കന്മാരുടെ വാഴ്ച അവസാനിച്ചതുവരെ അഭിവൃദ്ധിയിലായിരുന്നു. വടക്ക് സർക്ക്യാപ് എന്ന പ്രദേശം ക്രിസ്തുവിനു മുൻപു രണ്ടാംനൂററാണ്ടിൻെറ മുൻപകുതിയിൽ യവനന്മാർ സ്ഥാപിച്ചതാണത്രെ. ക്രിസ്തുവിനു പിൻപ് എഴുപതാമാണ്ടുവരെ യവനന്മാരും പിൻഗാമികളും സിതിയരും പാർത്തിയന്മാരും ഇവിടം ഭരിച്ചിരുന്നു. അതിനും വടക്കു സർസൂക് എന്ന സ്ഥലം—കുശനരാജാക്കന്മാർ മാററി സ്ഥാപിച്ച ഒരു തലസ്ഥാനനഗരിയായിട്ടാണ് ഇതിനെ ഗണിക്കുന്നതു്. നാലു നൂററാണ്ടുകൊണ്ടു തക്ഷശിലയ്ക്കു്, മാസിഡോനിയൻ, മൌൎയ്യൻ, ബാക്ട്രിയൻ, പാർത്തിയൻ, കുശനൻ എന്നീ അഞ്ചു സാമ്രാജ്യങ്ങളുമായി ബന്ധം ഭവിച്ചു. പടിഞ്ഞാറു യവനസ്ഥാനമായ ഗ്രീസു മുതൽ കിഴക്കു ചീനം വരെയും വടക്കു റഷ്യയിലെ തുണമഹാവനം മുതൽ തെക്കു വംഗസമുദ്രം വരെയും നീണ്ടു പരന്നു കിടക്കുന്ന ഭൂവിതാനത്തിൽ ഉൾപ്പെട്ട ആ അഞ്ചു ഭിന്നനാഗരികമാതൃകളുടെ സംയുക്തഫലം വഹിച്ചു വിളങ്ങിയിരുന്നു. തക്ഷശിലയിലെ ഒരു വിദഗ്ദ്ധവിഷയം വ്യവഹാരമായിരുന്നുവെന്നു രാമായണം ഘോഷിക്കുന്നു. (ഉത്തരകാണ്ഡം) ഈ സ്ഥലത്തെ വിശ്രുതമായ ഒരു വിജ്ഞാനസ്ഥാനമായി മഹാഭാരതത്തിലും പ്രസ്താവിച്ചിട്ടുണ്ടു്. ഇവിടത്തെ ആചാൎയ്യന്മാരിലൊരാളായിരുന്ന ധൌമ്യന് ഉപമന്യു, അരുണി, വേദൻ എന്നീമൂന്നുശിഷ്യന്മാരുണ്ടായിരുന്നുപോൽ. പാഞ്ചാലദേശീയനായ അരുണി ഗുരുഭക്തിവിഷയത്തിൽ ഒരു മാതൃകാശിഷ്യനായിരുന്നു. ഗുരുവിൻെറ വക ഒരു കൃഷിഭൂമിയിൽ നീർച്ചാലുടഞ്ഞുണ്ടായ കേടു നികത്താൻ പല ഉപായങ്ങളും നോക്കിയിട്ടും ഫലിക്കാഞ്ഞതുകൊണ്ടു ഒടുവിൽ തൻെറ ശരീരം നിക്ഷേപിച്ചു തന്നെ ഉടവടയ്ക്കാൻ ഒരുങ്ങിയ അരുണിയുടെ കഥ പ്രസിദ്ധമാണ്. കാശിയിൽ നിന്നു ശില്പശാസ്ത്രപഠനത്തിന് തക്ഷശിലയിലേക്കു ഒരു വിദ്യാൎത്ഥി പോയെന്നും അയാൾക്കു അഞ്ഞൂറു സതീൎത്ഥ്യന്മാരുണ്ടായിരുന്നുവെന്നും ധമ്മപദാൎത്ഥകഥയിൽ പറയുന്നു. തക്ഷശിലയിലെ അദ്ധ്യാപകന്മാരുടെ കീഴിൽ ശില്പശാസ്ത്രാഭ്യാസത്തിനു പല രാജ്യങ്ങളിൽ നിന്നു പലരും ചെന്നുകൂടിയിരുന്ന വിവരം മഹാവംശത്തിലും സൂചിപ്പിച്ചിട്ടുണ്ടു്. ബിംബസാര രാജധാനിയിലെ വൈദ്യപണ്ഡിതവിദഗ്ദ്ധനായ ജീവകൻ ഔഷധപ്രയോഗവും ശസ്ത്രക്രിയയും പഠിച്ചതു് തക്ഷശിലയിൽനിന്നു തന്നെയാണ്. ഈ സ്ഥലം തൻെറ പൂൎവ്വികന്മാരുടെ വാസസ്ഥാനമായിരുന്നുവെന്നു പറയുന്നതുപോലും ഒരുവനു മെച്ചമായി തോന്നിയിരിരുന്നുവെന്നു പാണിനിതന്നെ പ്രസ്താവിക്കുന്നു. അത്രത്തോളം യശസ്സ് വിജ്ഞാനവിഷയത്തിൽ തക്ഷശില ആൎജ്ജിച്ചിരുന്നു. വിജ്ഞാനവിഷയകങ്ങളായ വിവാദങ്ങളിൽ ഈ സ്ഥലത്തെ ജനങ്ങൾ നിസ്തുല്യരായിരുന്നതായി ഭാരതം ആദിപൎവ്വത്തിലും ലക്ഷ്യം കാണുന്നു. ഒരു സൎവ്വകലാശാലാനഗരം എന്ന നിലയിൽ ഈ പ്രദേശത്തി

നല്ല കീർത്തിയെ ജാതകകഥകളും സ്ഥാപിക്കുന്നുണ്ടു്. വയ്യാകരണാദ്വിതീയനായ പാണിനിയും ഭൂഭരണകാര്യപ്രമുഖനായ ചാണക്യനും ഇവിടെയാണു് അഭ്യസനം നിർവ്വഹിച്ചതു്. അലക്സാണ്ടറുടെ ആക്രമണകാലത്തു ഗ്രീക്കുകാർ ഇദംപ്രഥമമായി ബ്രാഹ്മണതത്വവേദികളോടിടപെട്ടു് അവരുടെ തപോനിഷ്ഠകളിലും തത്വോപദേശങ്ങളിലും അത്ഭുതവിവശരായി ഭവിക്കയാണുണ്ടായതു്. അശോകന്റെ കാലത്തു് ഇവിടം കിഴക്കൻ ഭൂഖണ്ഡത്തിൽ അതിമഹത്തും അത്യന്തം രമണീയവും ആയ നഗരമായിരുന്നു. എന്നുമാത്രമല്ല ഹൈന്ദവശാസ്ത്രകലാകേന്ദ്രമെന്നുള്ള സദ്യശസ്സും അന്നു സമ്പാദിച്ചിരുന്നു. കുലീനകുടുംബാംഗങ്ങളും പ്രഭുകുമാരന്മാരും ബ്രാഹ്മണരും കച്ചവടക്കാരും ഹൈന്ദവകലകളും ശാസ്ത്രങ്ങളും പഠിക്കാൻ ഇവിടെ തള്ളിത്തിങ്ങിനിറന്നിരുന്നു. വൈദ്യശാസ്ത്രത്തിൽ ജ്ഞാനസമ്പാദനത്തിനായി കൂട്ടന്നവരായിരുന്നു വിശിഷ്യ അധികം ഭാഗവും. യുവാൻചങ്ങിന്റെ സഞ്ചാരകാലത്തു് ഇവിടത്തെ ജനങ്ങളെപ്പററിയുണ്ടായിരുന്ന മതിപ്പ് അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. അതു് ഏതാണ്ടു് ഈ വാക്കുകളിലാണു്. “അവരുടെ സാഹിത്യകൃതികൾ സുസ്ഥാപിതങ്ങളാണു്. പ്രാപ്തിയിൽ സദ്യശസ്സ് അവർ ആർജ്ജിച്ചു. മനുഷ്യനേയും ചുററുമുള്ള മററു വകയേയും കുറിച്ചു ശരിയായ ജ്ഞാനം അവർക്കുണ്ടു്. അവരുടെ ബുദ്ധിശക്തി പ്രശംസാർഹമാണു്”.

തക്ഷശിലയ്ക്കു വിജ്ഞാനകേന്ദ്രമെന്നുള്ള കീർത്തി ലഭിച്ചതു് അദ്ധ്യാപകവർഗ്ഗത്തിന്റെ അസാമാന്യപ്രാവീണ്യത്താലായിരുന്നു. അവരിൽ ഒരാളെപ്പററി ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്.

“അദ്ദേഹത്തിന്റെ ശിഷ്യന്മാരായി കലാപരിശീലനത്തിന് ഭാരതത്തിന്റെ നാനാഭാഗങ്ങളിൽ നിന്നു ബ്രാഹ്മണരും ക്ഷത്രിയരുമായ യുവാക്കന്മാർ വന്നുകൊണ്ടിരിക്കുന്നു. അങ്ങനെ അഭ്യസനം ചെയ്യുന്ന ശാസ്ത്രങ്ങളിലെല്ലാം അവർ ലോകവിശ്രുതരും പ്രമാണകർത്താക്കളും വിശിഷ്ടരും വിദഗ്ദ്ധരുമായി ഭവിക്കുന്നു”.

ഈ വിധം വിദൂരസ്ഥങ്ങളായ കാശി, രാജഗൃഹം, മിഥില, ലാല്യദേശം, ഉജ്ജയിനി, കോസലം, ഔത്തരാഹങ്ങളായ ശിവി, കുരുരാജ്യങ്ങൾ മുതലായ സ്ഥലങ്ങളിൽ നിന്നു തക്ഷശിലയിൽ ചെന്നെത്തി യോഗ്യത നേടുന്നതിനു എല്ലാ ജാതികളിലും നിലകളിലും ഉള്ള വിദ്യാർത്ഥികളുടെ അനുക്രമമായ പ്രസ്ഥാനത്തിനിടയാക്കുന്ന സർവ്വഗുണസമ്പന്നരായ അദ്ധ്യാപകന്മാരുടെ സാന്നിദ്ധ്യത്തിൽ വിജ്ഞാനത്തിന്റെ പരമപദമായി വിളങ്ങാൻ ഈ ഭൂലലാമത്തിനു സാധിച്ചു.

തക്ഷശിലയിലേയ്ക്കു പോകുന്നതു് വിദ്യാഭ്യാസം തുടങ്ങാനാണെന്നാരും പറയാറില്ല. അഭ്യാസം പരിപൂർണ്ണമാക്കാനെന്നാണ്് പരക്കെയുള്ള പ്രസ്താവം. വിദ്യാർത്ഥികൾ പതിനാറാമത്തെ വയസ്സിനു മേലാകുന്നു ഇവിടെ അഭ്യസനത്തിനു ചേരുന്നതു്. ഇതിൽനിന്നു പ്രാഥമികവിദ്യാഭ്യാസമല്ല ഇവിടം കൊണ്ടു നിർവ്വഹിക്കുന്നതെന്നൂഹിക്കാമല്ലൊ. കാളേജ് പ്രവേശനത്തിന് ഇക്കാലത്തെ കലാശാലകൾ ചെയ്തിരിക്കുന്ന വയോനിർണ്ണയം അക്കാലത്തും നടപ്പുണ്ടായിരുന്നതായി കാണുന്നു. എന്നു മാത്രമല്ല അതിദൂരസ്ഥങ്ങളായ ദേശങ്ങളിൽ പോയി പാർത്തു പഠിക്കുന്നതിനും പ്രായക്കൂടുതൽ അത്യന്താപേക്ഷിതമായിരുന്നു.

പല ജാതിക്കാരും പല തരക്കാരുമായി പലേടങ്ങളിൽനിന്നു വന്നുചേരുന്ന വിദ്യാർത്ഥികളാകയാൽ അവർക്ക് ഒന്നിനൊന്നു സാമ്യലേശം ഇല്ലായിരുന്നുവെന്നുതന്നെ പറയണം. എങ്കിലും ചണ്ഡാളവർഗ്ഗത്തിലുള്ളവർക്ക് അവിടെ പ്രവേശനം കൊടുത്തിരുന്നില്ല. രണ്ടു ചണ്ഡാളവിദ്യാർത്ഥികൾ ബ്രാഹ്മണകുമാരന്മാരായി വേഷംമാറി രാജ്യമീമാംസ പഠിക്കാൻ തക്ഷശിലയിൽ വന്നുവെന്നും അവരുടെ നടപടികളും സംഭാഷണരീതിയും കൊണ്ടു മററുള്ളവർക്കു സംശയം ജനിച്ചുവെന്നും അങ്ങനെ ഇരിക്കെ ഒരിക്കൽ ഒരു ഭക്ഷണവേളയിൽ വായ്പൊള്ളി അവരെ പുറത്താക്കേണ്ടിവന്നുവെന്നു ചിത്തസംഭൂതിജാതകത്തിൽ പറഞ്ഞിരിക്കുന്നു. ചണ്ഡാളരൊഴിച്ചുള്ള ജാതിക്കാർക്കെല്ലാം അവിടെ പ്രവേശനം അനുവദിച്ചിരുന്നുവെങ്കിലും അവർ പാരമ്പര്യപ്രകാരമുള്ള കാര്യങ്ങൾ മാത്രമാണഭ്യസിച്ചിരുന്നതെന്നു പറഞ്ഞുകൂട. ഒരു ബ്രാഹ്മണകുമാരൻ ജൌതിഷവും മററൊരുവൻ ഇന്ദ്രജാലവും വേറൊരുവൻ കലകളും ഇനിയൊരുവൻ ശസ്ത്രപ്രയോഗവും പിന്നൊരുവൻ വേദങ്ങളും പതിനെട്ടു വിദ്യകളും അഭ്യസിച്ചതായി പറഞ്ഞുകാണുന്നു. അദ്ധ്യാപനവേതനം ധനരൂപമായി കൊടുക്കാൻ നിവൃത്തിയില്ലാത്ത പാവപ്പെട്ട കുട്ടികൾ വിദ്യാലയത്തിൽ ചില വൃത്തികൾ നിർവഹിച്ചാലും മതിയെന്നായിരുന്നു നിയമം. എന്നാൽ ഏതു പ്രവൃത്തിയും സത്യനിഷ്ഠയിൽ വ്യതിചലനം കൂടാതെ നടത്തുന്നവർക്കു ധനവാന്മാരായ മററു വിദ്യാർത്ഥികളെ അപേക്ഷിച്ച് അന്തസ്സിനു യാതൊരു കുറവും ഇല്ലായിരുന്നു. വിദ്യാശാലയിൽ സന്മാർഗ്ഗവും സാധാരണത്വവും കുബേരനും കുചേലനും ഒന്നുപോലെ അനുഷ്ഠിക്കയെന്നതു നിർബന്ധിതമായിരുന്നതിനാൽ അങ്ങനെയുള്ള ജീവിതംതന്നെ വിദ്യാർത്ഥികൾക്കു കൂട്ടുകാരുടെയിടയിൽ സമത്വം പരിപാലിക്കാൻ നിദാനമായി ഭവിച്ചു. കാശിയിലെ ബ്രഹ്മദത്ത രാജകുമാരനെ തക്ഷശിലയിലേയ്ക്കയച്ച കഥ പ്രസിദ്ധമാണ്. പാവപ്പെട്ട കുട്ടികൾക്കൊപ്പം രണ്ടു സാധാരണ ചെരിപ്പും നിസ്സാരമാതൃകയിൽ ഒരു കുടയും അദ്ധ്യാപനപ്രതിഫലത്തിന് ആയിരം താണതരം നാണയവും മാത്രമാണു രാജക

ല്പനപ്രകാരം കുമാരനു ലഭിച്ചതു്. അവിചാരിതമായുണ്ടാകുന്ന ആവശ്യങ്ങൾക്കുപോലും യാതൊന്നും കൂടുതലായി കിട്ടിയിരുന്നില്ല. ഇങ്ങനെ അദ്ദേഹം ഒരു നിർധനകുമാരനായിട്ടാണു വിദ്യാലയപ്രവേശനം ചെയ്തതു്. കാശിയിലെ ജൻഹരാജകുമാരൻെറ വൃത്താന്തവും ഈ വിധമായിരുന്നു. അദ്ദേഹം രാത്രിയിൽ ക്രരിരുട്ടത്തു് ഒരു ബ്രാഹ്മണനുമായി കൂട്ടിമുട്ടുകയാൽ ആ ബ്രാഹ്മണൻെറ ഭിക്ഷാപാത്രം ഉടഞ്ഞുപോയി. അതിനു പ്രായശ്ചിത്തമായി രാജകുമാരൻെറ ഒരു നേരത്തെ ആഹാരത്തിനുള്ള ചെലവു ബ്രാഹ്മണനു കൊടുക്കണമെന്നായിരുന്നു വിധി. അതിനു രാജകുമാരൻ ബ്രാഹ്മണനോടു പറഞ്ഞതു് ഇങ്ങനെയാണ്:—“അല്ലയോ ബ്രാഹ്മണ! അവിടത്തേയ്ക്കു് ഒരുനേരത്തെ ഭക്ഷണത്തിനുള്ള വക തരാൻ ഇപ്പോൾ ഞാൻ പ്രാപ്തനല്ല. ഞാൻ കാശിരാജപുത്രനായ ജൻഹനാണ്. എൻെറ രാജ്യത്തേക്കു ഞാൻ മടങ്ങിയാൽ അങ്ങു് അവിടെ വരിക. അപ്പോൾ തരാം.” ഇതുകൊണ്ടു വിദ്യാലയജീവിതദശയിൽ ഒരു രാജകുമാരൻ ഒരു കേവലകൃഷീവലകുമാരനെപ്പോലെ നിസ്വനായിരുന്നുവെന്നു കാണാം.

അഭ്യസിച്ചിരുന്ന വിഷയങ്ങളുടെ കൂട്ടത്തിൽ വേദത്രയങ്ങളും പതിനെട്ടു വിദ്യകളും പെലടത്തും ഉൾപ്പെടുത്തിക്കാണുന്നു. ഈ പാഠങ്ങൾ ബോധിസത്വൻ പഠിച്ചതെങ്ങനെയാണെന്നു ഭീമസേനജാതകത്തിൽ വിവരിച്ചിട്ടുണ്ടു്. ബ്രാഹ്മണവംശത്തിൽ ജനിച്ച ബോധിസത്വൻ തക്ഷശിലയിൽ വേദത്രയവും പതിനെട്ടു വിദ്യയും പരിശീലിച്ചുവെന്നു കോശ്യജാതകത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹം പതിനെട്ടാംവയസ്സിൽ തക്ഷശിലയിൽ ചെന്നു പതിനെട്ടു വിദ്യയും പഠിച്ചുവെന്നു ദുമ്മേഢജാതകം ഘോഷിക്കുന്നു. അശദിശജാതകത്തിലും അവിടന്നു വേദം മൂന്നും വിദ്യ പതിനെട്ടും വശമാക്കിയെന്നു കാണുന്നു. ഇദ്ദതവിധംതന്നെ മററു പല ജാതകങ്ങളിലും പ്രസ്താവിച്ചിട്ടുണ്ടു്. വേദം മൂന്നെന്നു് എല്ലാ രേഖകളിലും വ്യക്തമായിപ്പറയുന്നതുകൊണ്ടു് അഥർവ്വവേദം പാഠങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നില്ലെന്നു നിർണ്ണയിക്കേണ്ടിവരുന്നു. വേദങ്ങൾ കാണപ്പാഠം പഠിക്കയായിരുന്നു പതിവു്. തക്ഷശിലയിലെ ഒരദ്ധ്യാപകൻ ഒരേസമയത്തു് അഞ്ഞൂറു വിദ്യാർത്ഥികളെ വേദപാരായണം ചെയ്യിച്ചിരുന്നുവെന്നുള്ളതിലേക്കു ലക്ഷ്യമുണ്ടു്.

വിദ്യ പതിനെട്ടിൽ ഒന്നു് അസ്ത്രവിദ്യയാണ്. ബോധിസത്വൻ തക്ഷശിലയിൽ ശസ്ത്രപ്രയോഗം പരിചയിച്ചു പാർത്തിരുന്നതായി ഭീമസേനജാതകത്തിൽ പറഞ്ഞിട്ടുണ്ടു്. അദ്ദേഹം തക്ഷശിലയിൽവച്ചു് അസ്ത്രവിദ്യ പഠിച്ചശേഷം ഒരു രാജാവിൻെറ സേവനകൃത്യം നടത്തവെ രാജാജ്ഞയാ ഒരു മാവിൽനിന്നു് അമ്പുകൊണ്ടു മാങ്ങ കീഴിൽ വീഴ്ത്തിയതായി അശദിശജാതകം പ്രസ്താവിക്കുന്നു. ശരഭംഗജാതകത്തിൽ ഒരു ഭാഗം ഇങ്ങ

നെയാണ്. ബോധിസത്വൻ അസ്ത്രപ്രയോഗം പരിചയിച്ചതു തക്ഷശിലയിലാകുന്നു. അഭ്യാസാനന്തരം ജന്മദേശത്തെ രാജാവിൻെറ സന്നിധിയിൽ ഒരു പ്രകടനം നടത്തി. എട്ടുവിരൽ കനമുള്ള ഒരു പലകയും ഒരു വിരൽ കനമുള്ള ഒരു ഇരുമ്പുതകിടും മണൽ നിറച്ച ഒരു വണ്ടിയും ഒററയമ്പിനാൽ കുത്തി മറുവശം തുളച്ചു. പിന്നീട് ശരയഷ്ടി, ശരജം, ശരവേണി, ശരപ്രസാദം, ശരമണ്ഡപം, ശരസോപാനം, ശരപുഷ്കരണി, ശരപത്മം മുതലായ അപൂർവ്വപ്രയോഗങ്ങളുടെ പ്രദർശനവുമുണ്ടായി. കാശിരാജാവിൻെറ ഒരു പുത്രനായ ഈ ബോധിസത്വൻെറ സൈനികവിദ്യാപരിശീലനത്തെപ്പററി പഞ്ചവ്യൂഹജാതകത്തിലും പറഞ്ഞുകാണുന്നുണ്ട്. ഒരു കാര്യം തീർച്ചയാണ്. ആയോധന വിദ്യാഭ്യാസവിഷയത്തിൽ തക്ഷശിലയ്ക്കു പ്രത്യേക പ്രസിദ്ധിയുണ്ടായിരുന്നു. ഒരു സൈനിക വിദ്യാലയത്തിൽ ഒരേസമയത്ത് ഭാരതഖണ്ഡത്തിലെ പലരാജ്യങ്ങളിൽനിന്ന് ഒരുനൂററിമൂന്നു രാജകുമാരന്മാർ പഠിച്ചിരുന്നതായി ലക്ഷ്യം കാണുന്നുണ്ട്. കാശിരാജാവിൻെറ ചെലവിൽ അസ്ത്രവിദ്യാഭ്യാസത്തിനു തക്ഷശിലയിലേയ്ക്കയച്ച ജ്യോതിഷ്പാലൻ എന്ന ബ്രാഹ്മണകുമാരൻെറ കഥ ഈ അവസരത്തിൽ സ്മരിക്കേണ്ടതായിവരുന്നു. അദ്ദേഹം പഠിത്തം കഴിഞ്ഞു നാട്ടിലേയ്ക്കു മടങ്ങാൻ ഭാവിച്ചപ്പോൾ ആചാര്യൻ തൻെറ വാളും, വില്ലും, അമ്പും, പടച്ചട്ടയും ഒരു രത്നവും ശിഷ്യനു കൊടുക്കയും വയോധികനായ തൻെറ സ്ഥാനം സ്വീകരിച്ച് അഞ്ഞൂറു ശിഷ്യന്മാരുടേയും ഗുരുനാഥനായി അവരെ പരിശീലിപ്പിച്ച തനിക്കു വിശ്രമസൌഖ്യം ഉണ്ടാക്കണമെന്നാവശ്യപ്പെട്ടുവത്രെ.

ആലംബനമന്ത്രത്താൽ പാമ്പാട്ടുന്ന വിദ്യ തക്ഷശിലയിൽ പഠിപ്പിച്ചിരുന്നു. മതസംബന്ധങ്ങളായ ക്രിയകളും ഇവിടത്തെ പാഠങ്ങളിൽ ഉൾപ്പെട്ടിരുന്നു. ജ്യൌതിഷം, മന്ത്രവാദം, രസവാദം മുതലായ ഗുപ്തശാസ്ത്രങ്ങൾക്കുണ്ടായിരുന്ന സ്ഥാനവും വിശിഷ്യ വക്തവ്യമാണ്. കോസലത്തിലെ ഒരു രാജാവു നിഗൂഢാരണശാസ്ത്രമഭ്യസിച്ച് തൻെറ പിതാവു സ്ഥാപിച്ചിരുന്ന പലനിക്ഷേപങ്ങൾ കണ്ടറിഞ്ഞെടുത്ത് ഒരു കാലത്ത് അന്യാധീനമായിരുന്ന രാജ്യം വീണ്ടെടുക്കാൻ ഉപയോഗിച്ചതായി പറയപ്പെട്ടിരിക്കുന്നു. മരിച്ചവരെ കുറെനേരത്തേയ്ക്കു ജീവിപ്പിച്ചിരുത്തുക, ജീവികളെ മന്ത്രംകൊണ്ടു മയക്കുക, തിര്യക്കുകളുടെ ഭാഷ ഗ്രഹിക്ക, ഭാവിവൃത്താന്തങ്ങൾ മുൻപെ നിർണ്ണയിക്ക, അംഗലക്ഷണംനോക്കി ഫലം പറയുക മുതലായ വിദ്യകളും അവിടെ അഭ്യസിപ്പിച്ചിരുന്നു. വ്യവഹാരം തക്ഷശിലയിൽ ഒരു വിശേഷവിഷയമായി ഗണിച്ചിരുന്നുവെന്നും ഉജ്ജയിനിയിൽനിന്നു രണ്ടു ചണ്ഡാലകുമാരന്മാർ ബ്രാഹ്മണവേഷംധരിച്ചു വ്യവഹാരപഠനത്തിനായി ചെന്നുവെന്നും മുൻപു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ വൈദ്യശാസ്ത്രാഭ്യസനമാകുന്നു അവിടെ സർവ്വപ്രധാനമായി അംഗീകരിച്ചിരുന്നതെന്നുകൂടി പറയേണ്ടി

യിരിക്കുന്നു. ബിംബസാരന്റെ രാജധാനിയിലെ ജീവകൻ എന്ന ഭിഷഗ്വരൻ തക്ഷശിലയിൽ ആത്രേയന്റെ കീഴിൽ വൈദ്യശാസ്ത്രമഭ്യസിച്ച കഥ വൈദ്യലോകത്തിനിടയിൽ പ്രസിദ്ധമാണല്ലൊ. ഈ വിഷയത്തിൽ ബോധനവും പ്രയോഗവിധവും തുല്യനിലയിൽ ഇവിടെ നടത്തിയിരുന്നു. ജീവകൻ തക്ഷശിലയിൽ അഭ്യാസം കഴിഞ്ഞു നാട്ടിലേയ്ക്കു മടങ്ങിയശേഷം അദ്ദേഹം പല ശസ്ത്രപ്രയോഗങ്ങളും അത്ഭുതജനകമാംവിധം നടത്തി വിജയശ്രീസമ്പാദിച്ച വിവരം ഗ്രന്ഥങ്ങൾ മുഖേന വെളിവായിട്ടുണ്ട്.

അദ്ധ്യയനം ഇവിടെ പകൽസമയത്തു മാത്രമല്ല രാത്രിയിലും ഉണ്ടായിരുന്നു. പകൽ ശുശ്രൂഷകളിലേർപ്പെട്ടിരിക്കുന്ന പാവപ്പെട്ട കുട്ടികളുടെ അദ്ധ്യയനം രാത്രിയിലായിരുന്നു. നിശാപാഠശാലയിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിനുവേണ്ട സൌകര്യം ഉണ്ടായിരുന്നു. ഒരു രാത്രിയിൽ ഗുരുവിന്റെ ഉപദേശമെല്ലാം കഴിഞ്ഞശേഷം പുലർച്ചയ്ക്കുമുൻപുതന്നെ നാട്ടിലേയ്ക്കു തിരിച്ചുപോയ ജൻഹരാജകുമാരന്റെ വൃത്താന്തം പ്രസിദ്ധമാണ്. ഒരു പ്രത്യേകവിഷയത്തെക്കുറിച്ചുമാത്രം ഉപദേശം ലഭിക്കാൻ എത്തിയ ഒരു വിദ്യാർത്ഥി ഗുരുവിനോടു ഇങ്ങനെ പറഞ്ഞതായി കാണുന്നു. "ഈ ഒരു രാത്രിയിൽമാത്രം എനിക്കു സൌകര്യം തന്നാൽ മതിയാകും. ഒരു പാഠം കഴിഞ്ഞാൽ ശേഷമെല്ലാം ഞാൻ പഠിച്ചുകൊള്ളാം."

വൈദ്യവിഷയത്തിൽ ബോധനവും പ്രായോഗിക പരിശീലനവും അവിടെ നിർബന്ധിതമാണെന്നു പറഞ്ഞുവല്ലൊ. ഉത്തരദേശത്തുനിന്നു തക്ഷശിലയിൽ എത്തി അസ്ത്രവിദ്യ പഠിച്ച ഒരു ബ്രാഹ്മണകുമാരൻ പ്രയോഗപരിശീലനത്തിന് ആന്ധ്രദേശത്തുപോയ കഥ ഒന്നാമത്തെ ജാതകത്തിൽ വിവരിച്ചിരിക്കുന്നു.

രാജാക്കന്മാരും പ്രഭുക്കന്മാരും കൊടുക്കുന്ന സഹായധനമാണ് ഈ വക വിദ്യാമന്ദിരങ്ങളെ നിലനിറുത്തിയിരുന്നതു്. ചിലെടത്തു് എല്ലാ വിദ്യാർത്ഥികൾക്കും തുല്യമായുപയോഗിക്കാവുന്ന ഭക്ഷണശാലകൾ വിദ്യാലയം വകയായിട്ടുണ്ടായിരിക്കും. മററുചിലടത്തു നിസ്സാരരായ വിദ്യാർത്ഥികളെ സഹായിക്കാൻ ധനവാന്മാരുടെ ഔദാര്യത്താൽ അന്നദാനസ്ഥാപനങ്ങൾ ഏർപ്പെടുത്തിയിരിക്കും. ഏതു വിദ്യാമന്ദിരത്തിലും മതബോധനത്തിനുള്ള ഗ്രന്ഥങ്ങൾ മാത്രമല്ല അഭ്യസിപ്പിച്ചു വന്നിരുന്നതെന്നു കണ്ടുവല്ലൊ.

പൊതുവായ വിദ്യാലയങ്ങളുടെ കഥ അങ്ങനെ—ഇനി പ്രത്യേക വർഗ്ഗക്കാരെ മാത്രം ഉദ്ദേശിച്ചു നടത്തിയിരുന്ന സ്ഥാപനങ്ങളും ഉണ്ടായിരുന്നു. അഞ്ഞൂറു ശിഷ്യന്മാരോടു കൂടിയ ബ്രാഹ്മണാചാര്യന്മാരെക്കുറിച്ചു പ

ലയവസരങ്ങളിലും പറഞ്ഞുകാണുന്നു. ചിലെടത്തു വിദ്യാൎത്ഥികളെല്ലാം ബ്രാഹ്മണരോ ക്ഷത്രിയരോ ആയിരിക്കും. ഒരുനൂററൊന്നു രാജകുമാരന്മാർ മാത്രം പഠിച്ചിരുന്ന ഒരു വിദ്യാനിലയനത്തിൽ കാശിയിൽനിന്നും കുരുരാജ്യത്തിൽനിന്നും വന്നുചേൎന്ന രണ്ടു രാജകുമാരന്മാരും ഉൾപ്പെടെ ഒരുനൂററിമൂന്നായ വൃത്താന്തം ആദ്യജാതകത്തിൽ ഒന്നിലധികം ഭാഗങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടു്.

# അദ്ധ്യാപകന്മാരും ഗ്രാമീണപുനരുദ്ധാരണക്രമങ്ങളും.

(മാത്യൂ, എം. കഴിവേലി.)

ഇൻഡ്യയിൽ ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന വിദ്യാഭ്യാസപദ്ധതി നമ്മുടെ ജനങ്ങൾക്കും, ആദൎശങ്ങൾക്കും, കാലദേശാവസ്ഥകൾക്കും യോജിച്ചതല്ലെന്നും തന്മൂലമാണു് ഇന്നത്തെ വിദ്യാഭ്യാസഫലങ്ങളായി അനേകം ന്യൂനതകൾ കണ്ടുവരുന്നതെന്നും ഗണനീയന്മാരായ പല ഭാരതീയ വിദ്യാഭ്യാസനേതാക്കന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. പാശ്ചാത്യദേശങ്ങളിൽ തഴച്ചു വളരേണ്ട വിദ്യാഭ്യാസവിത്തുകളെ നമ്മുടെ ഉഷ്ണമേഖലകളിൽ വിതച്ചാൽ സമൃദ്ധിയായി വളരാതിരിക്കുന്നതിനെപ്പററി കുററം പറയാനില്ല. സാഹിത്യപരവും, പട്ടണജീവിതത്തിനു് അനുയോജ്യവും ആയിട്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതി ഗ്രാമീണജനങ്ങളേയും കൃഷീവലന്മാരേയും ഉദ്ദേശിച്ചു് നടപ്പിലാക്കിയപ്പോൾ, അതിൽനിന്നുളവായ സ്വാഭാവികഫലമാണു തൊഴിലില്ലായ്മ. പാശ്ചാത്യരാജ്യങ്ങളിലെ സാമ്പത്തികനില നമ്മുടേതിനേക്കാൾ വളരെ ഉയൎന്നതായതുകൊണ്ടു് ആ രാജ്യങ്ങളിലെ വിദ്യാഭ്യാസപദ്ധതികൾക്കു, നമ്മേപ്പോലെ തന്നെ സാമ്പത്തികസ്ഥിതിഗതികളെ പരിഗണിക്കേണ്ടതില്ല. എന്നാൽ ഇൻഡ്യയിലെ ദരിദ്രലക്ഷങ്ങളെ ഉദ്ദേശിച്ചുള്ള വിദ്യാഭ്യാസപദ്ധതിയിൽ സാമ്പത്തികമായ പ്രശ്നങ്ങളെ കൂടെ ഉൾപെടുത്താതെയിരുന്നാൽ അതു രാജ്യത്തിനു് ഒട്ടും അനുയോജ്യമായിരിക്കയില്ല.

ഇൻഡ്യയുടെ ഇന്നത്തെ ശോച്യമായ അവസ്ഥയ്ക്കു വല്ല പരിഹാരവും ഉണ്ടാകേണമെങ്കിൽ അവളുടെ സാമ്പത്തികവും, വിദ്യാഭ്യാസപരവു

മായ നിലകഠം ഉയരേണ്ടിയിരിക്കുന്നു. സാമാന്യവിദ്യാഭ്യാസം ജനങ്ങളുടെ ഇടയിൽ പ്രചരിക്കുന്നതിനുതന്നെ സാമാന്യം ഭേദമായ ഒരു സാമ്പത്തികനിലയും ജനങ്ങഠംക്കു് അനുപേക്ഷണീയമാണു്. സൌജന്യവിദ്യാഭ്യാസംവദ്ധിപ്പിച്ചതുകൊണ്ടോ നിർബന്ധവിദ്യാഭ്യാസം ഏപ്പെടുത്തിയതുകൊണ്ടോ മാത്രം രാജ്യത്തിൻെറ വിദ്യാഭ്യാസനില ശാശ്വതമായി ഉയരുന്നതല്ല. വെറും സംസ്കാരപരമായ ഉദ്ദേശങ്ങഠംക്കും, ജ്ഞാനസമ്പാദനത്തിനും മാത്രമായി വിദ്യാഭ്യാസം ചെയ്യുന്നതിനു ശേഷിയും, സന്നദ്ധതയും ഉള്ള ആളുകഠം നമ്മുടെ രാജ്യത്തിൽ പ്രായേണ ചുരുക്കമാണു്.

ഭാരതത്തിനു് അനുയോജ്യമായ ഒരു വിദ്യാഭ്യാസപദ്ധതിയാണു നടപ്പിൽ ഇരുന്നിരുന്നതെങ്കിലും, കഴിഞ്ഞ 25 കൊല്ലക്കാലങ്ങഠംക്കിടയിൽ വിദ്യാഭ്യാസസംബന്ധമായി ക്രമപ്രവൃദ്ധമായ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. എന്നാൽ ഈ പുരോഗതിയുടെ കാരണം വിദ്യാഭ്യാസപദ്ധതിയുടെ മേന്മയല്ലെന്നും, പ്രത്യുത മറെറന്തോ സംഗതിയാണെന്നും അല്പം ആലോചിച്ചാൽ മനസ്സിലാകുന്നതാണു്. ഇൻഡ്യയിൽ ബ്രി: സാമ്രാജ്യസ്ഥാപനഫലമായി പല പാശ്ചാത്യപരിഷ്കാരഫലങ്ങളും പ്രചാരത്തിലായി. ഉദ്യോഗലബ്ധിക്കും, പട്ടണജീവിതത്തിനും, വാണിജ്യവ്യവസായങ്ങളിൽ ഏപ്പെടുന്നതിനും എല്ലാം വിദ്യാഭ്യാസവും, വിശിഷ്യ ഇംഗ്ലീഷുപരിജ്ഞാനവും അപരിത്യാജ്യമായിത്തീരുകയാൽ, ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസത്തിനു കൂടുതൽ പ്രസക്തി ലഭിച്ചു. ഇപ്രകാരം പരിതസ്ഥിതികഠംകൊണ്ടും സാഹചര്യങ്ങഠംകൊണ്ടും മാത്രമുണ്ടായ ഒരഭിവൃദ്ധിയാണു നാം ഇന്നു കാണുന്നതു്. അല്ലാതെ ജനങ്ങളുടെ യഥാത്ഥമായ ആവശ്യങ്ങളിലും, ആദശ്ങ്ങളിലും അടിസ്ഥാനമുറപ്പിച്ചിട്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതിയുടെ പ്രവത്തനഫലങ്ങളല്ല.

സാഹചര്യങ്ങളാൽ മാത്രം പ്രചോദിതമാകുന്ന അഭിവൃദ്ധി അനുസ്യൂതമായി നിലനില്ക്കയില്ല. തിരുവിതാംകൂറിൽതന്നെ അടുത്തകാലങ്ങളിൽ ക്രമപ്രവൃദ്ധമായ വിദ്യാഭ്യാസാഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്നുള്ളതു നമുക്കേവക്കും അറിവുള്ളതാണല്ലൊ. പരീക്ഷാസർട്ടിഫിക്കററുകഠം ഉദ്യോഗലബ്ധിക്കുള്ള ഒരു പാസ്പോർട്ടു് ആയിരുന്നതിനാൽ വളരെയധികം ആളുകഠം ശക്തിയിൽക്കവിഞ്ഞും പണം ചെലവിട്ടു പരീക്ഷകഠം പാസ്സായി. എന്നാൽ ഉദ്യോഗലബ്ധി വിഷമവും, ബിരുദധാരികഠം അസംഖ്യവും ആയിതീന്നതോടുകൂടെ സാമാന്യജനങ്ങഠംക്കും, നിരാശാപൂണ്ണരായ അഭ്യസ്തവിദ്യക്കും, ഉന്നതവിദ്യാഭ്യാസത്തിൻെറ ഫലരാഹിത്യത്തേയും, അനാശാസ്യതയേയും കുറിച്ചു ബോദ്ധ്യമായിത്തുടങ്ങി. ഇപ്രകാരം സാഹചര്യഭേദംകൊണ്ടു് ഉന്നതവിദ്യാഭ്യാസത്തിനു ലോകരുടെ ദൃഷ്ടിയിൽ വലിയ ഫ

ലങ്ങ്ഠം കാണാത്തതിനാൽ, ഉന്നതവിദ്യാഭ്യാസം നിരുപയോഗവും, അനാവശ്യവും എന്ന് ഒരു അഭിപ്രായം സാമാന്യജനങ്ങളിൽ പ്രചരിക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ അഭിപ്രായപ്രചരണം കാലക്രമേണ വിദ്യാഭ്യാസാഭിവൃദ്ധിയെ സാരമായി ബാധിക്കാൻ ഇടയുണ്ട്. ഇപ്രകാരം ഒരനിഷ്ടഫലം ഉണ്ടാകാതെയിരിക്കണമെങ്കിൽ നമ്മുടെ വിദ്യാഭ്യാസപദ്ധതി നമ്മുടെ രാജ്യത്തിനും, ജനങ്ങൾക്കും, പരിതസ്ഥിതികൾക്കും, കാലദേശാവസ്ഥകൾക്കും അനുസൃതമായിരിക്കണം.

നമ്മുടെരാജ്യത്തിലെ വിദ്യാഭ്യാസത്തിന്റെ യഥാൎത്ഥമായ ഉദ്ദേശങ്ങളെപ്പററി ശരിയായ ബോധം ഇല്ലാതെയാണ നമ്മുടെ അദ്ധ്യാപകന്മാർ അവരുടെ വിദ്യാഭ്യാസരഥങ്ങളെ നയിക്കുന്നതു്. പ്രാഥമികപാഠശാലകളുടെ ഉദ്ദേശം, വെർണാകുലർ മിഡിൽസ്കൂളിലൊ, ഇംഗ്ലീഷ്മിഡിൽ സ്കൂളിലോ പ്രവേശനത്തിനുള്ള യോഗ്യത സമ്പാദിക്കയാണെന്നും, ഏഴാം ക്ലാസ്സ പാസ്സാകുന്നതു് അദ്ധ്യാപകവൃത്തിക്കോ താദൃശമായ ഒരു ജോലിക്കോ ഉള്ള പ്രാരംഭപരിശീലനമാണെന്നും, സ്കൂൾഫൈനൽ പാസ്സാകുന്നതു കാളേജുപ്രവേശനത്തിനോ, ക്ലാൎക്കുജോലിക്കോ ഉള്ള ഒരു പ്രാരംഭമാണെന്നും മാത്രമാണ നമ്മുടെ അദ്ധ്യാപകന്മാർ അധികവും ഗണിക്കാറുള്ളതു്. ഈദൃശമായ ഉദ്ദേശങ്ങളോടുകൂടി നമ്മുടെ വിദ്യാഭ്യാസത്തെ ഇനിയും നയിച്ചുകൊണ്ടുപോയാൽ നമുക്ക് അഭിവൃദ്ധി ഉണ്ടാകുന്നതല്ല.

ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസരീതി തൊഴിലുത്സാഹത്തേക്കാൾ കൂടുതൽ സാഹിത്യപരവും, ഗ്രാമീണജീവിതത്തേക്കാൾ കൂടുതൽ പട്ടണജീവിതത്തിനു യോജിച്ചതും ആണെന്നു സാമാന്യമായിപ്പറയാം. തിരുവിതാംകൂർ കൃഷിപ്രധാനമായ ഒരു രാജ്യവും, അവിടത്തെ ജനങ്ങൾ ഏററിയകൂറും നാട്ടിൻപുറങ്ങളിൽ അധിവസിക്കുന്നവരും ആകയാൽ നമ്മുടെ വിദ്യാഭ്യാസം ഗ്രാമീണോദ്ധാരണത്തിനു യോജിച്ചതായിരിക്കണം.

ഇപ്പോഴത്തെ വിദ്യാഭ്യാസരീതികൊണ്ടു നമ്മുടെ നാട്ടിൻപുറങ്ങൾ ക്രമേണ അധഃപതിച്ചുവരാനാണ് എളുപ്പമുള്ളതു്. നാട്ടിൻപുറങ്ങളിലെ സാമാന്യം ഭേദമായ സാമ്പത്തികനിലയും, ബുദ്ധിശക്തിയും ഉള്ള യുവാക്കന്മാർ വിദ്യാഭ്യാസം കഴിഞ്ഞാൽ ഓരോരോ ജോലികളിൽ പ്രവേശിച്ചോ, മററുതരത്തിലോ ഗ്രാമങ്ങളിൽനിന്നു വെളിയിലേക്കു പോകുന്നു. ജോലിയൊന്നും കിട്ടാതെ ഗ്രാമങ്ങളിൽതന്നെ താമസിക്കാൻ നിർബന്ധിതരാകുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ഗ്രാമീണജീവിതത്തിന് അപ്രാപ്തരായി നാട്ടിനും വീട്ടിനും കൊള്ളാതെ കാലയാപനം ചെയ്യുന്നു. ഈ രണ്ടു തരക്കാരെക്കൊണ്ടും ഗ്രാമത്തിനു യാതൊരു പ്രയോജനവും ലഭി

ക്കുന്നില്ല. ഇപ്രകാരം തുടച്ച്യയായി നാട്ടിൻപുറങ്ങളിലെ അഭ്യസ്തവിദ്യരായ ജനങ്ങൾ പട്ടണങ്ങളിലേക്ക് ആകർഷിക്കപ്പെടുകയാണെങ്കിൽ നാട്ടിൻപുറങ്ങളുടെ സ്ഥിതി അനുദിനം അധഃപ്പതിക്കുകയേയുള്ളു. ഇങ്ങനെയൊരു ദുസ്ഥിതി ഉണ്ടാകാതെ സൂക്ഷിക്കേണ്ടതു രാജ്യക്ഷേമകാംക്ഷികളായ എല്ലാവരുടേയും കർത്തവ്യമാകുന്നു. ഈ ദുരവസ്ഥയെ പരിഹരിക്കുന്നതിന് ഏററവും സുഗമമായി സാധിക്കുന്നതു് ഈ രാജ്യത്തിലെ അദ്ധ്യാപകന്മാർക്കാണ്. അതിനാൽ ഈ കാര്യത്തിലേയ്ക്കു് അവരുടെ അവഗാഢമായ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

മേൽപ്രസ്താവിച്ച പ്രശ്നം നമ്മുടെ ശ്രദ്ധയെ കാര്യക്ഷമമായി ആകർഷിക്കാൻ തുടങ്ങിയിട്ടില്ലെങ്കിലും, പല പാശ്ചാത്യരാജ്യങ്ങളിലും സർവ്വപ്രധാനമായ ഒരു സംഗതിയായി തീർന്നിട്ടുണ്ടു്. നമ്മുടെ നാട്ടിലും ഈ കാര്യം അത്യന്തം ഗൌരവാവഹമായിത്തീരുന്നതിനു മുൻപേതന്നെ അതിനുള്ള പ്രതിവിധികൾ കണ്ടുപിടിച്ചു നടപ്പിൽ വരുത്തിയാൽ പല അനിഷ്ടഫലങ്ങളും ഉണ്ടാകാതെ സൂക്ഷിക്കാവുന്നതാണ്.

പലവിധമായ മാർഗ്ഗങ്ങളിൽ കൂടെയും, പാശ്ചാത്യരാജ്യങ്ങളിൽ പലയിടത്തും ഗ്രാമീണപുനരുദ്ധാരണശ്രമങ്ങൾ നടക്കുന്നുണ്ടു്. എന്നാൽ ഇൻഡ്യയെ സംബന്ധിച്ചു നോക്കുന്ന പക്ഷം ഈ ശ്രമത്തിന് ഏററവും അനുയോജ്യമായ കേന്ദ്രം പ്രൈമറിസ്കൂളുകളും, ഇതിന് ഏററവും യോഗ്യനായ ഉദ്ധാരകൻ പ്രൈമറിസ്കൂൾ അദ്ധ്യാപകനും ആണെന്നത്രെ പല മഹാന്മാരുടേയും അഭിപ്രായം. ഇൻഡ്യയിലെ ഗ്രാമീണജനങ്ങൾ അധികവും അനക്ഷരന്മാരും, വിദ്യാവിഹീനന്മാരും ആകയാൽ അവിടെയുള്ള ഗ്രാമീണോദ്ധാരണജോലികൾക്ക് അദ്ധ്യാപകന്മാർ തന്നെയാണു സൂത്രധാരന്മാരാകേണ്ടതു്.

ഗ്രാമീണപുനരുദ്ധാരണശ്രമങ്ങളിൽ ഗണനീയമായ അഭിവൃദ്ധിയും, പുരോഗതിയും സമ്പാദിച്ചിട്ടുള്ള ഒരു രാജ്യമാണ് ഇംഗ്ലണ്ടു്. അവിടത്തെ ഗ്രാമീണസ്കൂളുകളും ഗ്രാമീണജനങ്ങളുടെ സമ്മേളനശാലകളും ഉദ്ധാരണപരിശ്രമങ്ങളുടെ കേന്ദ്രങ്ങളാണ്. ഇവിടെ പൊതുജനവിദ്യാഭ്യാസത്തെ ലാക്കാക്കിയുള്ള അനേകം പരിപാടികൾ നിർവ്വഹിച്ചുപോരുന്നു. ഗ്രാമീണഉദ്ധാരണത്തെ പ്രത്യേകം ഉദ്ദേശിച്ചുള്ള നാടകങ്ങൾ, പ്രസംഗങ്ങൾ, പ്രദർശനങ്ങൾ, വായനശാലകൾ, വിനോദങ്ങൾ, കായികാഭ്യാസങ്ങൾ, സമാജങ്ങൾ മുതലായ കാര്യങ്ങൾ നിർവ്വഹിക്കുന്നതു് ഈ കേന്ദ്രങ്ങളിലാണ്.

അടുത്ത കാലത്തു് അമേരിക്കയിലെ മെക്സിക്കൊ രാജ്യത്തിലും പ്രശംസാർഹമായ ഒരു വിദ്യാഭ്യാസപദ്ധതിയും, ഗ്രാമീണോദ്ധാരണപ്രസ്ഥാനവും നടപ്പിൽ വരുത്തിയിട്ടുണ്ടു്. ഇൻഡ്യയിലെ ഗ്രാമങ്ങളോടു് പല പ്ര

കാരത്തിലും സാമ്യമുള്ള മെക്സിക്കൻ ഗ്രാമങ്ങളിൽ പ്രയോഗിക്കുന്ന രീതികൾ പലതും നമുക്ക് അനുകരണീയങ്ങളാണ്. ഇൻഡ്യയിലെപ്പോലെ പാശ്ചാത്യ ആദർശങ്ങളിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതി പ്രചരിപ്പിക്കുന്നതു് കാലാന്തരത്തിൽ പല അനിഷ്ടഫലങ്ങൾക്കും ഇടയാകുമെന്നും, രാജ്യശ്രേയസ്സിനെ നിശ്ശേഷം നിഹനിക്കുമെന്നും, മനസ്സിലാക്കിക്കൊണ്ട്, അവിടത്തെ ജനങ്ങൾക്കും കാലദേശങ്ങൾക്കും ഏററവും അനുയോജ്യമായ ഒരു വിദ്യാഭ്യാസപദ്ധതിയാണ് ആ രാജ്യത്തിൽ ഇപ്പോൾ നടപ്പിൽ വരുത്തിയിരിക്കുന്നതു്.

നമ്മുടെ പ്രാഥമികപാഠശാലകളുടെ പ്രധാന ഉദ്ദേശം സാക്ഷരന്മാരുടെ എണ്ണം വർദ്ധിപ്പിക്കമാത്രമാണല്ലൊ. ഇതിനേക്കാൾ വളരെ വിപുലമായ ഉദ്ദേശങ്ങളാണ മെക്സിക്കൻപ്രാഥമികപാഠശാലകൾക്കുള്ളതു്. മെക്സിക്കോയിലെ ജനങ്ങളുടെ സാമ്പത്തികവും, സാമുദായികവും, ആരോഗ്യപരവും ആയ അഭിവൃദ്ധികളെ നയിക്കേണ്ടതു് അവിടത്തെ പ്രാഥമികപാഠശാലകളാണ്. അവിടത്തെ അദ്ധ്യാപകന്മാരാണ യഥാൎത്ഥത്തിൽ അഭിവൃദ്ധിയുടെ പുരോഹിതന്മാർ. ഓരോ ഗ്രാമത്തിനും യോജിച്ച ഉദ്ധാരണപരിപാടികൾ കണ്ടുപിടിച്ചു നടപ്പിൽ വരുത്തുന്നതിനുള്ള പൂൎണ്ണസ്വാതന്ത്ര്യം അദ്ധ്യാപകന്മാരിൽ തന്നെയാണ സ്ഥിതിചെയ്യുന്നതു്. ഗ്രാമനിവാസികളായ ജനങ്ങളുടെ അഭിവൃദ്ധിമാൎഗ്ഗങ്ങളിൽ സദാ പ്രവൎത്തിയ്ക്കുന്നതിനാൽ അവിടത്തെ അദ്ധ്യാപകൻ ഗ്രാമീണജനങ്ങളുടെ അഭിവന്ദ്യനേതാവും, മാൎഗ്ഗദൎശിയും, ബഹുമാനഭാജനവും ആണ്. എവിടെയും അദ്ധ്യാപകന്മാൎക്ക പ്രായേണ സമുദായത്തിൽ മതിപ്പും വിലയും കുറവായിട്ടാണ കണ്ടുവരുന്നതു്. എന്നാൽ മെക്സിക്കോയിലെ സ്ഥിതി അങ്ങനെയല്ല.

കൎഷകന്മാരായ മെക്സിക്കൻ ഗ്രാമീണരുടെ അഭിവൃദ്ധിയെ പുരസ്കരിച്ചു് അവിടത്തെ സ്കൂളുകളോടനുബന്ധിച്ചു് ഓരോ മാതൃകാപ്പൂന്തോട്ടവും സസ്യത്തോട്ടവും ഏൎപ്പെടുത്തിയിട്ടുണ്ട്. ഗ്രാമത്തിലെ ജനങ്ങൾക്കും ബാലികാബാലന്മാൎക്കും ഉപയോഗപ്രദമായി തീരത്തക്കവണ്ണമുള്ള കളിസ്ഥലങ്ങളും, നാടകവേദികളും പൊതുജനാരോഗ്യരക്ഷയ്ക്കാവശ്യമായ മരുന്നുകളും, എല്ലാ വിദ്യാലയത്തോടും ചേൎന്നുതന്നെയുണ്ട്. ആരോഗ്യശാസ്ത്രം, ദേശീയകലകൾ, കൈത്തൊഴിൽ പരിശീലനം, കൃഷിശാസ്ത്രം, കായികവിദ്യാഭ്യാസം ആദിയായ വിഷയങ്ങളാണ് അവിടെ പഠിപ്പിക്കുന്നതു്. ഗ്രാമീണവിദ്യാലയം ഗ്രാമീണരുടെ വായനശാലകൾ കൂടിയായിരിക്കുന്നതിനാൽ അതു ബാലികാബാലന്മാൎക്കും സാമാന്യജനങ്ങൾക്കും ഒരുപോലെ ഉപയോഗപ്രദമാണ്. ഗ്രാമീണവിദ്യാലയം ഗ്രാമീണജനങ്ങളുടെ ആവശ്യങ്ങളേയും അഭിവൃദ്ധിമാൎഗ്ഗങ്ങളേയും പ്രത്യേകം ലാക്കാക്കിയുള്ള സ്ഥാപനങ്ങളാകയാൽ, അവിടത്തെ

പള്ളിക്കൂടങ്ങൾ ഓരോ ഗ്രാമത്തിലേയും ഏററവും പ്രധാനമായ സ്ഥാപനങ്ങളാണ്.

തിരുവിതാംകൂറിലെ വിദ്യാഭ്യാസപദ്ധതിയിലും ഇതുപോലെ നാട്ടിനും നാട്ടാർക്കും അനുയോജ്യമായ ഭേദഗതികളും, പരിഷ്കാരങ്ങളും വരുത്തുന്നതു ജനങ്ങൾക്കും രാജ്യത്തിനും ശ്രേയസ്കരമായിരിക്കും. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസത്തിൻെറ അഹിതഫലങ്ങളിൽനിന്നു നമ്മെ രക്ഷിക്കുന്നതിനും രാജ്യത്തിൻെറ സാമ്പത്തികമായ നില ഉയൎന്നുവരുന്നതിനും അതു് ഇടയാക്കുന്നതായിരിക്കും.

നമ്മുടെ സ്കൂളുകളിൽ ഗ്രാമീണപുനരുദ്ധാരണപദ്ധതികൾ നടപ്പിലാക്കുന്നതിനും മുൻപിൽ നമ്മുടെ രാജ്യത്തിനും, ജനങ്ങൾക്കും യോജിച്ച പദ്ധതികൾ ഏവയെന്നു് ആരാഞ്ഞറിയേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിന് അനുയോജ്യമായ ഗ്രാമീണപുനരുദ്ധാരണശ്രമങ്ങളെപ്പററി മാൎത്താണ്ഡം ഗ്രാമീണപുനരുദ്ധാരണകേന്ദ്രത്തിൽ ഡോക്ടർ ഹാച്ച് അവർകളുടെ നേതൃത്വത്തിൽ ചെയ്തുവരുന്ന പരിശ്രമങ്ങൾ സ്തുത്യൎഹങ്ങളും, ആദരണീയങ്ങളും ആണ്. ഇവയിൽ പലതും അനുകരണയോഗ്യങ്ങളും ആണ്. തിരുവിതാംകൂറിലെ നാട്ടിൻപുറങ്ങളുടെ സ്ഥിതി ഇൻഡ്യയിലെ ഗ്രാമങ്ങളുടെ സാമാന്യസ്ഥിതിയിൽനിന്നു വളരെ വിഭിന്നമല്ലാത്തതിനാൽ, ഇൻഡ്യൻ ഗ്രാമീണപുനരുദ്ധാരണപദ്ധതികൾ മിക്കവാറും, തിരുവിതാംകൂറിനും യോജിക്കുന്നവയാണ്.

മനുഷ്യരുടെ ഭക്ഷണകാൎയ്യം ഏററവും പ്രധാനമായ ഒരു സംഗതിയാണല്ലോ. എന്നാൽ നമ്മുടെ നാട്ടിൽ മററു പല സംഗതികൾക്കും ഉണ്ടായിട്ടുള്ളതുപോലെയൊരു പരിഷ്കാരവും അഭിവൃദ്ധിയും ഇക്കാൎയ്യത്തിൽ ഉണ്ടായിട്ടില്ല. യാത്രയ്ക്കു മോട്ടാർ കാറുകളും, ദീപത്തിനു് ഇലക്ട്രിക്കു ലൈററുകളും, മുറുക്കിനു പകരം പുകവലിയും ഉണ്ടായിട്ടുണ്ടെങ്കിലും ഇന്നത്തെ ഭക്ഷണസാധനങ്ങളും, രീതിയും, പണ്ടത്തേതിൽനിന്നു് ഇപ്പോഴും അധികം വ്യത്യസ്തമല്ല എന്നു പറയുന്നതുകൊണ്ടു നമ്മുടെ ഭക്ഷണരീതി ധാരമാരുടേതുപോലെയാക്കണമെന്നു് ഉദ്ദേശിക്കുന്നു എന്നു് അൎത്ഥമാക്കേണ്ടതില്ല. നമ്മുടെ ആരോഗ്യത്തേയും ആവശ്യമായ പോഷണങ്ങളേയും അറിഞ്ഞു്, അതനുസരിച്ചു ഭക്ഷണകാൎയ്യങ്ങൾ നിയന്ത്രിക്കുന്നില്ലെന്നേ മനസ്സിലാക്കേണ്ടതുള്ളു. ആണ്ടിൽ 365 ദിവസവും ചോറും സൗകൎയ്യപ്പെടുന്ന കറികളും എന്നല്ലാതെ ഭക്ഷണകാൎയ്യത്തിൽ ശാസ്ത്രീയമായ വിധം യാതൊരു ഏൎപ്പാടും നമുക്കില്ല. പോഷണന്യൂനതകൾകൊണ്ടു പല സുഖക്കേടുകളും നമ്മുടെ ജനങ്ങളിലും, വിശിഷ്യ, വിദ്യാൎത്ഥികളിലും കാണുന്നുണ്ടു് എങ്കിലും ആരും അതേപ്പററി അത്ര ഗൗനിക്കാറില്ല. നമ്മുടെ ഗ്രാമീണോദ്ധാരണശ്രമങ്ങ

ളിൽ പ്രധാനമായ ഒരു സ്ഥാനം ജനങ്ങൾക്കു ശാസ്ത്രീയമായ രീതിയിൽ ഭക്ഷണങ്ങൾ ഉപയോഗിക്കാനുള്ള ജ്ഞാനം നൾകുന്നതിനു കൊടുക്കേണ്ടതാണ്.

രണ്ടാമത്തെ പ്രധാനകാര്യം വസ്ത്രധാരണമാണ്. ഉഷ്ണദേശങ്ങളിൽ അധിവസിക്കുന്നവർക്ക് അധികം വസ്ത്രങ്ങൾ ആവശ്യമില്ലെന്നിരുന്നാലും, നമ്മുടെ നാട്ടിൻപുറങ്ങളിലെ ഒററമുണ്ടോ, അഥവാ, ഒരു തോർത്തു മാത്രമൊ എന്നുള്ള വ്രതം ആവശ്യത്തിനു പലപ്പോഴും മതിയാകാത്തതാണ്. നല്ല വേനൽക്കാലത്തും, കഠിനമായ വർഷകാലത്തും, അതതു കാലസ്ഥിതിയനുസരിച്ചുള്ള വസ്ത്രധാരണം ആരോഗ്യരക്ഷയ്ക്ക് അത്യാവശ്യമാണെന്നുള്ളതു പലരും വിചാരിക്കുന്നില്ല. തന്മൂലം വേനൽക്കാലങ്ങളിലും, വിശിഷ്യ വർഷക്കാലങ്ങളിലും, സാമാന്യത്തിലധികമായി ജനങ്ങൾ രോഗബാധിതരായിത്തീരുന്നുണ്ട് എന്നുള്ള സംഗതിയും അധികമാളുകളും ചിന്തിക്കുന്നില്ല.

നമ്മുടെ നാട്ടിൻപുറങ്ങളിലെ ഗൃഹങ്ങൾ അധികവും ആരോഗ്യരക്ഷാശാസ്ത്രവിധിക്കനുസൃതമായി പണികഴിപ്പിച്ചിട്ടുള്ളവയല്ല. ധാരാളം സ്ഥലവും, വായുസഞ്ചാരത്തിനും വെളിച്ചപ്രവേശനത്തിനും സൌകര്യവും ഉള്ള വീടുകൾ ആരോഗ്യത്തിന് എത്രയും ആവശ്യപ്രദങ്ങളാണെന്നു നമ്മുടെ സാമാന്യജനങ്ങൾ ഇനിയും ശരിയായി മനസ്സിലാക്കിയിട്ടില്ല.

നമ്മുടെ കർഷകരുടെ അസഹനീയമായ ഋണബാദ്ധ്യതയും, ശോച്യമായ സാമ്പത്തികനിലയും, ശരിയായി മനസ്സിലാക്കിയുള്ള കാര്യക്ഷമമായ സംരംഭങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഒന്നോ, രണ്ടോ മുറിപുരയിടമേ സാധാരണ കൃഷീവലന്മാർക്ക് ഉണ്ടായിരിക്കു. അവയിലെ കൃഷിസമ്പ്രദായങ്ങൾ ഏററവും പ്രാചീനങ്ങളും അപരിഷ്കൃതങ്ങളും ആകയാൽ കർഷകൻെറ അഭിവൃദ്ധി ഇനിയും വിദൂരത്തിൽ സ്ഥിതിചെയ്യുന്നതേയുള്ളു. കൃഷിക്കാരനു ജോലി ചെയ്യാൻ ശക്തിയും സന്നദ്ധതയും ഉണ്ടെങ്കിലും, അയാളുടെ സാഹചര്യങ്ങൾ പലപ്പോഴും അയാളെ സ്വസ്ഥവൃത്തിയിലേക്കു നിർബന്ധിക്കുന്നു. തന്മൂലം ആദായകരമായി വ്യയം ചെയ്യേണ്ട സമയം വൃഥാ ഫലശൂന്യമായി ചെലവഴിച്ചുപോകുന്നു. കൃഷീവലനും, ഗൃഹാംഗങ്ങൾക്കും, വിശ്രമാവസരങ്ങളിൽ ചെയ്യാവുന്ന തൊഴിലുകളും, ഉപതൊഴിലുകളും ഉണ്ടായിരുന്നു എങ്കിൽ കർഷകൻെറ സാമ്പത്തികനില ഇപ്പോഴത്തേതിൽ ഭേദമായിരുന്നേനെ.

നമ്മുടെ നാട്ടിൻപുറങ്ങളിലെ കന്നുകാലി, ആട്, കോഴി മുതലായ വളർത്തുമൃഗങ്ങളുടെ സ്ഥിതിയും വളരെ ശോച്യമാണ്. കന്നുകാലികൾക്ക് എല്ലാക്കാലത്തും ശരിയായ തീററി കൊടുക്കുന്നതിനു മിക്ക സ്ഥലങ്ങളിലും

സൗകര്യങ്ങളില്ല. പാൽവ്യവസായം ആദായകരമായ ഒരു തൊഴിലാണെങ്കിലും അതു ചെയ്യുന്നതിനു പലയിടങ്ങളിലും സൗകര്യമില്ല. മിക്ക ഗൃഹങ്ങളിലും കോഴിയെ വളത്തുന്നുണ്ടെങ്കിലും അതും ക്രമമായ ഒരാദായമാർഗ്ഗമാകത്തക്ക ഒരു തൊഴിലായി അധികംപേരും സ്വീകരിച്ചിട്ടില്ല.

നമ്മുടെ രാജ്യത്തു ചില ജാതിക്കാരുടെ ഇടയിലുള്ള സ്ത്രീധനമെയ്പ്പാട്ടം, അടിയന്തിരച്ചിലവുകളും, ആഭരണപ്രസക്തിയും, ദരിദ്രരായ ജനങ്ങളുടെ ദാരിദ്ര്യത്തെ വളരെയധികം വർദ്ധിപ്പിക്കുന്നുണ്ട്.

ഇവിടത്തെ സാമാന്യജനങ്ങളുടെ ആരോഗ്യസ്ഥിതിയും അത്ര തൃപ്തികരമല്ല. ശിശുമരണവും, പ്രസവത്തോടുകൂടിയും, അതു കഴിഞ്ഞും മരിക്കുന്ന സ്ത്രീകളുടെ സംഖ്യയും ഒട്ടും കുറവല്ല. സാമാന്യജനങ്ങളുടേയോ വിദ്യാർത്ഥികളുടേയോ കായികപരിശീലനങ്ങൾക്കും, വ്യായാമങ്ങൾക്കും നമ്മുടെ വിദ്യാലയങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. ഇൻഡ്യയിലെ സാമാന്യജനങ്ങളുടെ ശരാശരി വയസ്സ് 25 മാത്രമാണെന്നറിയുമ്പോൾ അവരുടെ ആരോഗ്യസ്ഥിതി എത്ര ശോചനീയമെന്ന് ഏകദേശം മനസ്സിലാക്കാം. തിരുവിതാംകൂറിലേതും അതിൽ വളരെയധികം മെച്ചമായിരിക്കുമെന്നു തോന്നുന്നില്ല.

ഗ്രാമീണഗൃഹങ്ങൾ അഭിവൃദ്ധിപ്പെടണമെങ്കിൽ ഗ്രാമീണസ്ത്രീകളുടെ ഇടയിൽ വിദ്യാഭ്യാസം നന്നായി പ്രചരിക്കണം. ശിശുപരിപാലനം, ഗൃഹഭരണം, വിശ്രമതൊഴിലുകൾ, ആരോഗ്യരക്ഷ മുതലായ കാര്യങ്ങൾ എല്ലാ സ്ത്രീകളും അറിഞ്ഞിരിക്കണം. അതുപോലെയൊരു കാലം വരുന്നതിനു സ്ത്രീവിദ്യാഭ്യാസത്തിനു പ്രത്യേകം ഉയച്ച് ലഭിച്ചിട്ടുള്ള തിരുവിതാംകൂറിൽതന്നെ ഇനി എത്രയെത്ര കൊല്ലങ്ങൾ കഴിയേണ്ടിയിരിക്കുന്നു.

മേൽ വിവരിച്ചതാണു നമ്മുടെ നാട്ടിൻപുറങ്ങളുടേയും, ഗ്രാമങ്ങളുടേയും ഏതാണ്ടൊരു പ്രകൃതം. ഈ പ്രകൃതത്തിൽനിന്ന് അഭിവൃദ്ധിപ്പെടുന്നതിനു പര്യാപ്തമായ ഉദ്ധാരണപദ്ധതികളാണു നമുക്കാവശ്യം. ഇവയെ കണ്ടുപിടിച്ചു പ്രവൃത്തിയിൽ വരുത്തുന്നതിന് അദ്ധ്യാപകന്മാരെപ്പോലെ സൌകര്യം മററാർക്കുമില്ല. ഈദൃശപദ്ധതികൾ അദ്ധ്യാപകൻെറ അഭ്യുന്നതിക്കും, ബഹുമാനവർദ്ധനവിനും നിദാനങ്ങളായി പരിണമിക്കുന്നതാണ്.

നമ്മുടെ ഗവമ്മേണ്ടിൻെറ സവിശേഷമായ ശ്രദ്ധ ഈ വിഷയത്തിൽ പെടുകയും, തദനുസരണമായ കാര്യപരിപാടികൾ നിമ്മിക്കുകയും ചെയ്താൽ കാര്യസാദ്ധ്യത്തിന് എളുപ്പമുണ്ട് എന്നുള്ളതിനു സംശയമില്ല.

എന്നാൽ ഗവമ്മേണ്ടിൻെറ ശ്രദ്ധയെ കാത്തിരിക്കാതെതന്നെ അദ്ധ്യാപകന്മാർ മനഃപൂർവ്വമായി പരിശ്രമിച്ചാൽ അനഘമായ പല കാര്യങ്ങളും സാധിക്കാവുന്നതാണ്. ഇങ്ങനെയുള്ള ചുരുക്കം ചില സംഗതികളെപ്പററി ഒരു സൂചനമാത്രം താഴെ പ്രസ്താവിക്കാം.

.1 എല്ലാ ഗ്രാമീണസ്ക്കൂളുകളോടും അനുബന്ധിച്ചു ചെറിയ തോതിൽ ഒരു മാതൃകാ കൃഷിതോട്ടം ഏപ്പെടുത്തുക. അദ്ധ്യാപകന്മാർ മനഃപൂർവ്വമായി ശ്രമിച്ചാൽ ഇക്കാര്യത്തിൽ ജനങ്ങളുടെ സഹകരണം നിശ്ചയമായും സിദ്ധിക്കുന്നതാണ്.

2. തേനീച്ചവളർത്തലോ, കോഴികൃഷിയോ സൌകര്യമുള്ള സ്ക്കൂളുകളിൽ ഏപ്പെടുത്തുക. കുട്ടികൾക്കും അദ്ധ്യാപകന്മാക്കും ഇവ രസപ്രദവും, സാമാന്യജനങ്ങൾക്കു മാതൃകാപരവും ആയിരിക്കും.

3. അദ്ധ്യാപകന്മാർ ആരോഗ്യശാസ്ത്രത്തിൽ കഴിയുന്നത്ര നൈപുണ്യം സമ്പാദിക്കുക. പ്രഥമശുശ്രൂഷകൾക്കെങ്കിലും അത്യാവശ്യമായ ജ്ഞാനവും, മരുന്നുകളും എല്ലാ അദ്ധ്യാപകന്മാരുടെ കൈവശവും ഉണ്ടായിരിക്കുക. സ്ക്കൂളിലെ സ്നേഹസംഘങ്ങൾ വഴി പൊതുജനാരോഗ്യപ്രദങ്ങളായ കാര്യങ്ങൾ ചെയ്യുക. മലമ്പനി, മസൂരി, വിഷൂചിക ആദിയായ സാധാരണ സാംക്രമികരോഗങ്ങൾ തടയുന്നതിനുള്ള പരിജ്ഞാനം പ്രസംഗങ്ങൾ വഴിയും, സ്നേഹസംഘങ്ങൾ വഴിയും ജനങ്ങൾക്കു കൊടുക്കുക. പൊതുജനാരോഗ്യത്തെപ്പററി പ്രത്യേകം പഠിച്ചു ചില ഒഴിവുദിവസങ്ങളിൽ സാമാന്യജനങ്ങളെ പ്രത്യേകം ഉദ്ദേശിച്ചു പ്രസംഗങ്ങൾ നടത്തുക. ശിശുസംരക്ഷണം, ബാലപ്രകൃതം മുതലായ കാര്യങ്ങളെപ്പററി അദ്ധ്യാപികമാർ പ്രത്യേകം പഠിച്ചു സാമാന്യസ്ത്രീജനങ്ങളെ ഉൽബോധിപ്പിക്കുക.

4. രണ്ടോ മൂന്നോ സ്ക്കൂളുകൾ ചേൻ ഗ്രാമീണപുനരുദ്ധാരണത്തിന പ്രത്യേകം യോജിച്ചതായ പ്രദശ്നങ്ങൾ നടത്തുക.

5. മദ്യവജ്ജനം, സ്ത്രീവിദ്യാഭ്യാസം. സ്ത്രീധനയേപ്പാട്, ആഭരണഭ്രമം, * സദാചാരം, സത്യം ആദിയായ കാര്യങ്ങളെ ആവിഷ്കരിക്കുന്ന നാടകങ്ങൾ ചിലപ്പോഴെല്ലാം കളിക്കുക.

6. സൌകര്യമുള്ളപ്പോഴെല്ലാ ഗ്രാമീണജനങ്ങളുടെ ഗൃഹങ്ങൾ സന്ദശിക്കയും, പ്രായോഗികനിദ്ദേശങ്ങൾ നൽകുകയും ചെയ്യുക

7. സൌകര്യമുള്ള സ്ഥലങ്ങളിൽ പൊതുജനങ്ങളെ ഉദ്ദേശിച്ചു നിശാപാഠശാലകൾ നടത്തുക.

---

* സ്ത്രീധനയേപ്പാടും ആഭരണഭ്രമവും ഇനിയും ആവിഷ്കരിക്കണമോ? ഗു. പ:

8. മിഡിൽസ്ക്കൂളുകളിലും, ഹൈസ്ക്കൂളുകളിലും നല്ല സ്കൌട്ടുസംഘങ്ങൾ സ്ഥാപിച്ച് അവ വഴിയായി പ്രചരണം നടത്തുക.

9. ആണ്ടിൽ ഒന്നോ രണ്ടോ പ്രാവശ്യം കുട്ടികളുടെ രക്ഷാകർത്താക്കന്മാരെ പ്രത്യേകം വിളിച്ചുവരുത്തി മീററിംഗുകൾ നടത്തുക.

10. പൊതുജനോപയോഗപ്രദമായ വിധത്തിൽ വിദ്യാലയങ്ങളിലെ ഗ്രന്ഥശാലകൾ വിപുലമാക്കുക എന്നിങ്ങനെ അനവധി കാര്യങ്ങൾ ഹൃദയംഗമമായി പരിശ്രമിക്കുന്നപക്ഷം അദ്ധ്യാപകന്മാർ‍ക്ക് ചെയ്യാൻ സാധിക്കുന്നതാണ്. മേൽപ്രസ്താവിച്ച പദ്ധതികളെല്ലാം, എല്ലാ സ്ക്കൂളുകളിലും, എല്ലാ അദ്ധ്യാപകന്മാർക്കും ഒരുവേള പ്രായോഗികമല്ല എന്നിരുന്നാൽ തന്നെയും സാമാന്യം ചിലതെങ്കിലും നടപ്പിൽ വരുത്താമെന്നുള്ളതിനു സംശയമില്ല. അതിനുള്ള സന്മനസ്സും സന്നദ്ധതയും മാത്രം ഉണ്ടായാൽ മതി.

ഏതായാലും ഈ കാര്യം അദ്ധ്യാപകന്മാരുടേയും, വിശിഷ്യ വിദ്യാഭ്യാസപ്രവർത്തകന്മാരുടേയും ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കുമെന്നു വിശ്വസിക്കുകയും, ഈ വിഷയത്തെപ്പററി കൂടുതൽ ജ്ഞാനമുള്ളവർ ഈ മാസിക മുഖേന അദ്ധ്യാപലോകത്തെ അറിയിക്കയും ചെയ്യണമെന്നു താല്പര്യപ്പെട്ടുകൊണ്ട് സമാപിച്ചുകൊള്ളുന്നു.

# ധീരവ്രതം

## ഒരു വിശിഷ്ട ഗദ്യനാടകം

(ഒരാലോകനം)

(പണ്ഡിതർ, ഇ. വി. രാമൻനമ്പൂതിരി)

വങ്ഗീയ(ബങ്കാളി)സാഹിത്യത്തിൽനിന്നു മലയാളഭാഷയ്ക്കു ആദ്യമായിക്കിട്ടിയ വിശിഷ്ടസമ്പത്ത്, ബങ്കിമചന്ദ്രശതോപാദ്ധ്യായൻെറ കൃതികളുടെ പരിഭാഷകൾ ആണെന്നുതന്നെ കരുതാം. രമേശചന്ദ്രദത്തൻ, ധീരേന്ദ്രനാഥപാലൻ, ഗിരീശചന്ദ്രഘോഷൻ മുതലായ മററു ചില വങ്ഗീയ മഹാന്മാരുടെ കൃതികളും മലയാളഭാഷയിൽ പകരുവാൻ ഭാഗ്യമുണ്ടായിട്ടുണ്ട്. ധീരവ്രതം നാടകം, വങ്ഗീയമഹാകവിയായ ദ്വിജേന്ദ്രലാലൻെറ

'ഭീഷ്മർ' എന്ന നാടകകൃതിയെ ഉപജീവിച്ച്, പ്രശസ്തനിരൂപകനും പണ്ഡിതാഗ്രേസരനും ആയ ആറവൂർ കൃഷ്ണപ്പിഷാരോടി അവർകൾ നിർമ്മിച്ചിരിക്കുന്നതത്രെ.

പാശ്ചാത്യസംസ്കാരത്തിൽ കേരളീയകവികളേക്കാൾ വളരെ അധികം പുരോഗമിച്ചവരായ ഔത്തരാഹമഹാകവികൾ, പുരാണപാത്രങ്ങളോടും ചരിത്രനായകന്മാരോടും ലേശംപോലും വൈരസ്യം വഹിക്കുന്നവരല്ലെന്നുള്ളതു ഗണനീയമായ ഒരു വിശേഷവിധിയാണ്. നേരേമറിച്ച്, ശ്രാവ്യകാവ്യങ്ങൾക്കു മാത്രമല്ല, ദൃശ്യകാവ്യങ്ങൾക്കുകൂടിയും, പുരാണപ്രസിദ്ധങ്ങളും ചരിത്രപ്രസിദ്ധങ്ങളും ആയ കഥകളെ അവർ സ്വീകരിച്ചുകാണുന്നു. അവരുടെ പാശ്ചാത്യപരിഷ്കാരാവേശം അവരെ പൗരാണികവിദ്വേഷികളാക്കുകയല്ല, പുരാണപാത്രപ്രണയികളും ചരിത്രകഥാസുഹിതന്മാരും ആക്കുകയാണു ചെയ്തിട്ടുള്ളതു്. സീതാനിർവ്വാസം, ശങ്കരാചാര്യർ, വിലപമംഗലടാഗ്രർ മുതലായ പ്രസിദ്ധനാടകങ്ങൾ ഇപ്പറഞ്ഞതിലേയ്ക്കു് ഉദാഹരണങ്ങളാകുന്നു.

'ധീരവ്രതം' നാടകവും പുരാണകഥയുടെ സരസരൂപാന്തരമാണ്. ഭാരതപ്രസിദ്ധനായ 'ഭീഷ്മ'രുടെ മഹത്തമമായ ചരിത്രമാണ് ഇതിലെ ഇതിവൃത്തം. ദ്വിജേന്ദ്രലാലന്റെ 'ഭീഷ്മ'നിൽനിന്നു സ്വീകരിച്ചിട്ടുള്ള ഭാഗങ്ങൾ ഏതെല്ലാം, ശ്രീമാൻ പിഷാരടിയുടെ സ്വന്തംവക ഏതെല്ലാം എന്നൊന്നും മി: പിഷാരടി പറഞ്ഞുതരുന്നില്ലെങ്കിലും, 'ധീരവ്രതം' ഭാഷയിലെ വിശിഷ്ടഗദ്യകാവ്യങ്ങളിൽ ഒന്നായിട്ടു പരിഗണിക്കപ്പെടാമെന്നുള്ളതുകൊണ്ടു്, ആ അംശത്തിൽ അദ്ദേഹം അത്യന്തം അഭിനന്ദനീയനാകുന്നു. ക്രൌൺ 8 വലുപ്പത്തിൽ, 159 വശങ്ങളുള്ള ഈ പുസ്തകത്തിൽ, ഏഴങ്കങ്ങളും അങ്കംപ്രതി അനേകം രങ്ഗങ്ങളും അടങ്ങിയിരിക്കുന്നു. ഓരോ അങ്കവും, ഓരോ രങ്ഗവും, ഓരോ പങ്ക്തിയും, വളരെ കരുതലോടുകൂടിയും രസാനുഗുണമായും ആണു ചമച്ചിരിക്കുന്നതു്. പുരാണത്തിന്റെ ഗൌരവം പാലിച്ചുംകൊണ്ടും, പുതുമയ്ക്കു പൊലിമ വരുത്തിയും, വിശിഷ്ടകാവ്യോദ്ദേശ്യമായ കൃത്യാകൃത്യോപദേശം സർവ്വത്ര ദൃഷ്ടാന്തപ്പെടുത്തിയും, ഭാഷയ്ക്കോ ഭാവനയ്ക്കോ അനൗചിത്യം പററാതെയും പ്രശോഭിക്കുന്ന ഇത്തരം "പ്രസന്നപ്രൗഢസരസ"മായ കൃതി ലഭിക്കുവാനുള്ള ഭാഗ്യം കൈരളിയ്ക്കു കാദാചിത്കമായേ കാണമാറുള്ളു. "അന്തസ്സും അവസ്ഥയും" ഉള്ള 'ഫലിതം' സുലഭമായും സുന്ദരമായും സമുചിതമായും പ്രയോഗിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു സഹൃദയത്വത്തിന്റെ സ്ഥൂലരസ്സൾപോലുമുള്ളവക്ക് ഈ കൃതിയോടു വിശേഷിച്ചൊരു മമതയ്ക്കു വകയുണ്ടു്. സാധാരണഭാഷകൊണ്ടു്, അത്ര വളരെ ലോകരഹസ്യങ്ങളെ ഇത്ര എളുപ്പത്തിൽ വെളിവാക്കുവാൻ, കേരളത്തിലെ

കേളികേട്ട സാഹിത്യകാരന്മാരിൽത്തന്നെ വളരെക്കുറച്ചുപേൎക്കേ പാടവം കണ്ടിട്ടുള്ളു. മി: പിഷാരടിയുടെ ഗദ്യത്തിനു സാരസ്യവും സൗന്ദൎയ്യവും പോരെന്നു 'പിറുപിറുക്കു'ന്ന ചില സരസമ്മന്യന്മാരെ കണ്ടിട്ടുണ്ട്. അവർ ഈ ധീരവ്രതം മുഴവൻ വായിച്ചുനോക്കുവാൻ ഞാനപേക്ഷിക്കുന്നു.

4, 3, 3, 2, 5, 3, 4 എന്നീ ക്രമത്തിൽ 7-ാമങ്കംവരെ, 24 രങ്ഗങ്ങൾ ഇതിൽ ഉണ്ട്. ഗങ്ഗാവിരഹിതനായ ശന്തനുമഹാരാജാവ്, വിരഹപീഡാനിവാരണാൎത്ഥം മാധവാഭിധനായ പ്രിയസുഹൃത്തോടുകൂടി മൃഗയയ്ക്കു പുറപ്പെട്ട് ഗങ്ഗാനദീതീരത്ത്, ഗങ്ഗാദേവിയെ ആദ്യമായ് കണ്ടെത്തിയ സ്ഥലത്ത്, ചെന്നുകൂടുകയും, ദിവ്യാസ്ത്രം പ്രയോഗിച്ച് ഗങ്ഗാനദിയുടെ പ്രവാഹം തടഞ്ഞുനിൎത്തിയിട്ട്, വെള്ളം പൊങ്ങിവരുന്നതു കണ്ടു രസിക്കുവാനായി നോക്കിനില്ക്കുന്ന ഭീഷ്മനെ ധനുർബാണധാരിയായ് കാണുകയും, ദിവ്യരൂപിണിയായ് സന്നിധാനം ചെയ്യുന്ന ഗങ്ഗാദേവിയുടെ പക്കൽനിന്ന്, ഭീഷ്മനെ സ്വപുത്രനെന്നറിഞ്ഞു സ്വീകരിക്കയും, പുത്രനൊന്നിച്ചു രാജധാനിയിലേയ്ക്കു പോവുകയും ചെയ്യുന്നതാണ് പ്രഥമരങ്ഗത്തിലെ പ്രതിപാദ്യം.

പിതൃനിയോഗമനുസരിച്ചു രാജ്യക്ഷേമമന്വേഷിച്ച്, രാജധാനിയിലേക്കു ഭീഷ്മർ തിരിച്ചുപോകുമ്പോൾ, വ്യാസാശ്രമത്തിനടുക്കൽ വെച്ച്, വ്യാസനെ കണ്ടെത്തുകയും, വ്യാസങ്കൽനിന്നു സ്വാൎത്ഥത്യാഗമാണു സാക്ഷാൽ ധൎമ്മതത്വമെന്നു മനസ്സിലാക്കുകയും ചെയ്യുന്നതാണു പിന്നത്തെ രങ്ഗത്തിലെ പ്രതിപാദ്യം

മൂന്നാമത്തെ രങ്ഗത്തിൽ, നിത്യയൗവനയായ സത്യവതി യമുനാതീരത്തിൽ ചിന്താകുലയായിരിക്കെ, ശന്തനു അവിടെ ചെല്ലുകയും അവളെ കാണുകയും, അവളുടെ സൗന്ദൎയ്യത്താൽ ആകൃഷ്ടനാവുകയും, ഒടുവിൽ മാധവനിൽനിന്ന് "അവൾ മുക്കുവത്തി കാളിയാണ്" എന്ന് അറിയുകയും ചെയ്യുന്നതാണു വിഷയം. 4-ാംരങ്ഗത്തിൽ, ശന്തനുവും മാധവനുംകൂടി, ദാശരാജാവിൻെറ അടുക്കൽ ചെന്നു സത്യവതിയെ കിട്ടുവാനപേക്ഷിക്കയും, അപേക്ഷ ഫലിക്കാതെ മടങ്ങുകയും ചെയ്യുന്നു.

2-ാമങ്കത്തിൽ "പരാൎത്ഥമായി സ്വാൎത്ഥത്യാഗം"—എന്ന് 'ഉരുവിട്ടു' കൊണ്ടു ഭീഷ്മൻ പ്രവേശിയ്ക്കുന്നു. അച്ഛൻെറ സുഖക്കേടിൻെറ സ്ഥിതി മാധവങ്കൽനിന്നു മനസ്സിലാക്കി, "പരാൎത്ഥമായി സ്വാൎത്ഥത്യാഗം" സാധിച്ചുതുടങ്ങുകയായി പിന്നെ!

ഗ്രന്ഥാവസാനംവരെ, ഈ "പരാൎത്ഥമായി സ്വാൎത്ഥത്യാഗം" സാധിക്കലിൻെറ വിലാസം തന്നെയാണ് എന്നു പറയാം. കാമികൾ, ധൎമ്മവ്ര

തന്മാർ, ഭക്തന്മാർ, ജ്ഞാനികൾ എന്നിങ്ങനെ ഓരോതരത്തിലുള്ള വായനക്കാരേയും ആഹ്ലാദതുന്ദിലന്മാരാക്കി തീൎക്കുന്ന വിവിധരംഗങ്ങൾ യഥോചിതം സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. അശ്ലീലമായിട്ട് ഒരു പങ്ക്തിയും ഇതിലില്ലതാനും. വൎഗ്ഗവിദ്വേഷം, വൎണ്ണാശ്രമവൈരം, ദുരഭിമാനം, ഡംഭം മുതലായവയെ വളൎത്തിവിടുന്ന ഒരു വക ഗദ്യനാടകങ്ങളെ രംഗപ്രയോഗം ചെയ്തു ജനസാമാന്യത്തെ വഴിതെററിക്കുന്ന നടനകലാസംഘക്കാർ, ധീരവ്രതത്തെപ്പോലുള്ള വിശിഷ്ടനാടകങ്ങൾ അഭിനയിച്ചു തുടങ്ങിയാൽ അതെത്രയോ ഉത്തമമായിരിക്കുമെന്നുള്ളതിനു സന്ദേഹമില്ല. അനവധി മഹാപാഠശാലകളുടേയും ബഹുവിധ മതപ്രസംഗങ്ങളുടേയും സ്പൃഹണീയഫലങ്ങളെ പ്രദാനം ചെയ്യുവാൻ പൎയ്യാപ്തമാണ് ഈ വക കൃതികളുടെ രംഗപ്രയോഗം. മഹാനുഭാവനായ മഹിമഭട്ടൻ പറഞ്ഞിരിയ്ക്കുന്നതായ ഒരു സാഹിത്യ മഹാരഹസ്യം ഇവിടെ അനുസന്ധേയമാകുന്നു. അതായതു്:— "രസാഭിവ്യക്തിക്ക് അനുഗുണമാംവണ്ണം വിഭാവാനുഭാവാദികളെ സംഘടിപ്പിക്കുന്ന കവികൎമ്മമാണല്ലോ കാവ്യമെന്നു പറയുന്നതു്. അതു് അഭിനേയാൎത്ഥം (ദൃശ്യം) അനഭിനേയാൎത്ഥം (ശ്രവ്യം) എന്നു രണ്ടുതരം. രണ്ടും സാമാന്യേന ശാസ്ത്രമെന്നപോലെ വിധിനിഷേധ (കൃത്യാകൃത്യ)ങ്ങളെ ഉപദേശിക്കുകയാണ് ചെയ്യുന്നതു്; അതാണു കാവ്യത്തിന്റെ പ്രയോജനം. ഉപദേശ്യന്മാരായ ജനങ്ങളുടെ ഗ്രഹണധാരണാദിശക്തികളുടെ താരതമ്യമനുസരിച്ചു്, ശ്രവ്യം, ദൃശ്യം എന്നിങ്ങനെ കാവ്യം രണ്ടായിപ്പിരിഞ്ഞിരിക്കുന്നു എന്നേയുള്ളു. ശാസ്ത്രംകൊണ്ടു സാധിക്കേണ്ടുന്നതേതൊ അതുതന്നെയാണു കാവ്യംകൊണ്ടും സാധിക്കുവാനുള്ളതു്. ഉപദേശസിദ്ധിക്കുള്ള ഉപായഭേദങ്ങൾ മാത്രമാണു കാവ്യം, നാട്യം, ശാസ്ത്രം എന്നിവ. മൂന്നിന്റെയും പ്രധാനഫലം ഉപദേശം (വ്യുത്പത്തി=അറിവു്) സിദ്ധിക്കുകതന്നെയാകുന്നു. കാവ്യം (ശ്രവ്യം) ലോകപ്രസിദ്ധരായ രാമരാവണാദി നായകപ്രതിനായകന്മാരെ മുൻനിൎത്തി പ്രധാനപ്പെട്ട വിധിനിഷേധങ്ങൾക്കു വിഷയങ്ങളായ ചരിതങ്ങളെ വൎണ്ണിക്കുന്നതു മാത്രമാണ്. നാട്യം, (ദൃശ്യം) അപ്രകാരമുള്ള ചരിതങ്ങളെ ശരിയായി അനുകരിച്ചു കാണിക്കുന്നതത്രേ.

"അനുഭാവവിഭാവാദി-
വൎണ്ണനം കാവ്യസംജ്ഞകം;
* അവ ഗീതാദി ചേൎത്തിട്ടു
കാട്ടുമ്പോൾ നാട്യമെന്നുപേർ."

എന്നിങ്ങനെ ആചാൎയ്യന്മാർ പറഞ്ഞിരിക്കുന്നതു നോക്കുക. സുകുമാരബുദ്ധികളും ക്ലേശാസഹിഷ്ണുക്കളും സുഖികളും ആയിരിക്കും അധികവും

* അനുഭാവവിഭാവാദികൾ.

പ്രഭുകുമാരാദികൾ. അവർക്കു ശാസ്ത്രപാഠാദിയിൽ താത്പര്യമുണ്ടായിരിക്കയില്ല. അങ്ങനെയുള്ളവർക്കു കൃത്യാകൃത്യജ്ഞാനമുണ്ടാക്കുകയാണു്, ശ്രവ്യകാവ്യങ്ങളുടെ പരമപ്രയോജനം. അതുകൊണ്ടു് അത്തരക്കാരാണു്, താദൃശകാവ്യാധികാരികൾ. തീരെ മന്ദമതികളായ കൂട്ടർക്കു്, പ്രസ്തുത വർണ്ണനാത്മകമായ കാവ്യത്തിൽനിന്നു വ്യുത്പത്തി സിദ്ധിക്കുക 'വിഷമം'തന്നെ. സ്വല്പം ബുദ്ധിയുള്ളവരാണെങ്കിലും, സ്ത്രീനൃത്ത്യാതോദ്യാദിപ്രസക്തന്മാരായിത്തീർന്നുപോയ മറെറാരു കൂട്ടരും ലോകത്തിലുണ്ടു്. ആ രണ്ടു വകക്കാർക്കും, അഭിമതങ്ങളായ വസ്തുക്കളെ കാണിച്ചുകൊടുത്തു് തദ്ദ്വാരാ വേണം കാവ്യത്തിൽ താത്പര്യമുദിപ്പിക്കുവാൻ. അല്ലെങ്കിൽ അവർക്കു കാര്യത്തിൽ പ്രവൃത്തിതന്നെ ഉണ്ടാവുകയില്ല. വ്യുത്പത്തിയുടെ കാര്യം പിന്നെപ്പറയേണ്ടതുമില്ലല്ലൊ. അങ്ങനെ എല്ലാത്തരക്കാർക്കും വ്യുത്പത്തി (ഉപദേശം) നല്കുവാൻ പര്യാപ്തമായ പ്രസ്ഥാനം ദൃശ്യകാവ്യമത്രേ"

നല്ല നാടകങ്ങൾ അഭിനയിച്ചാലുണ്ടാകുന്ന ലോകോപകാരം എത്ര മഹത്തരമാണെന്നു് ഇതിനാൽ വിശദമാണല്ലൊ. 'ധീരവ്രതം' അഭിനയിച്ചു പ്രചരിപ്പിച്ചു നാടു നന്നാക്കുവാൻ പ്രമാണികൾ പരിശ്രമിക്കേണ്ടതാണു്.

സാധാരണ വായനക്കാർ അച്ചടിപ്പിഴയെന്നു വിചാരിച്ചുപോകുന്ന പല പ്രയോഗങ്ങളും അവിടവിടെയായി ഇതിൽ കാണാം. എന്നാൽ മി: പിഷാരടിയുടെ 'സാഹിത്യചരിതം' മുതലായവയിലെ സിദ്ധാന്തങ്ങൾ ഗ്രഹിച്ചിട്ടുള്ളവർക്കു്, ആവക പ്രയോഗങ്ങളെപ്പററി തെററിദ്ധാരണയുണ്ടാവുന്നതല്ല. നിവൃത്തിയുള്ളവരെല്ലാം ഈ പുസ്തകം വായിക്കേണ്ടതാണെന്നും ഇനിയും ഈദൃശഗ്രന്ഥങ്ങളെഴുതി മലയാളഭാഷയേയും മലയാളികളേയും അനുഗ്രഹിപ്പാൻ മി: പിഷാരടി ഉത്സാഹിക്കേണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

# പ്രായോഗികവിദ്യാഭ്യാസത്തിൻെറ പുതിയ ഗതികൾ

(ജെ. എം. കുമരപ്പ എം. എ., പിഎച്ച്. ഡി.)

നമുക്ക് ഇന്നു സുപരിചിതങ്ങളായ നാനാതരത്തിലുമുള്ള സാമുദായികസ്ഥാപനങ്ങൾ മനുഷ്യവർഗ്ഗത്തിൻെറ ആവശ്യങ്ങളെ നിവർത്തിക്കുന്നതിനുവേണ്ടി സമുദായപരിണാമപ്രവർത്തനങ്ങൾ മൂലം ഉത്ഭവിച്ച് അഭിവൃദ്ധിപ്പെട്ടിട്ടുള്ളവയാണ്. ഇവയിൽവച്ച് ഏററവും പ്രാധാന്യമുള്ളവ ഗൃഹം, ദേവാലയം, വിദ്യാലയം, രാഷ്ട്രം ഇവകളാകുന്നു. ഇവയിൽ ഓരോന്നും സമുദായത്തിനോടു പൊതുവേയും അതിൻെറ അംഗങ്ങളായ വ്യക്തികളോടു പ്രത്യേകിച്ചും ഭിന്നങ്ങളും വ്യക്തങ്ങളുമായ ബന്ധങ്ങൾകൊണ്ടു സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. അവ മനുഷ്യൻെറ പ്രത്യേകആവശ്യങ്ങളെ നിർവ്വഹിക്കുന്നതിനും അവരുടെ ആകാംക്ഷകളെ തൃപ്തിപ്പെടുത്തുന്നതിനും ഉള്ള ഉപായങ്ങളായി ഉത്ഭവിച്ചിട്ടുള്ളതിനാൽ അവ ഓരോന്നിൻേറയും ഭിന്നധർമ്മങ്ങൾ സുവ്യക്തങ്ങളും സുഗ്രാഹ്യങ്ങളുമാണ്. നാഗരികത്വം ശാഖോപശാഖമായി വർദ്ധിക്കുകയും തന്മൂലം തൽസ്ഥാപനങ്ങളുടെ ഉപയോഗം നാനാവിധത്തിൽ കൂടിക്കൂടി വരികയും ചെയ്യുതോടുകൂടി മാറിമാറിക്കൊണ്ടിരിക്കുന്നവയും വർദ്ധിച്ചുവരുന്നവയുമായ സാമുദായികാവശ്യങ്ങളോട് ഇണക്കുന്നതിന് അവയെ കാലാനുസൃതമായി ഭേദപ്പെടുത്തുകയും അവയുടെ കൃത്യങ്ങളുടെ വ്യാപ്തി വിസ്തൃതമാക്കുകയും ചെയ്യപ്പെട്ടു. ഈ സ്ഥാപനങ്ങൾ അവയുടെ ഉദ്ദേശ്യങ്ങളെ കാര്യക്ഷമമാകുംവണ്ണം നിർവ്വഹിക്കുന്നതിനു നമ്മുടെ ബഹുമുഖമായ പരിഷ്കാരത്തോട് ഈ സ്ഥാപനങ്ങളുടെ ഇപ്രകാരം കൂടക്കൂടെയുള്ള പുനസ്സംഘടനം അത്യാവശ്യമാണെന്നു സ്പഷ്ടമാണല്ലൊ. എന്തെന്നാൽ അവ അവയുടെ കൃത്യങ്ങളെ തൃപ്തികരമാംവണ്ണം നിർവ്വഹിക്കുന്നിടത്തോളം കാലം മാത്രമെ അവയുടെ നിലനില്പു നീതീകരിക്കപ്പെടുവാൻ പാടുള്ളു.

ജരാജീർണ്ണങ്ങളായ വിദ്യാഭ്യാസമാമൂലുകളാലും സാമുദായികാചാരങ്ങളാലും നിബദ്ധന്മാരായിരിക്കുന്നതുകൊണ്ടു നമ്മുടെ വിദ്യാഭ്യാസരീതിയെ ആധുനികജീവിതക്രമത്തോടു സംയോജിപ്പിക്കുന്നതിൽ നാം ക്രമത്തിലധികം അമാന്തക്കാരായിട്ടാണു കാണപ്പെടുന്നതു്. ഇതിൻെറ ഫലമായി അഭ്യസ്തവിദ്യരായ യുവാക്കന്മാരുടെ ഇടയിലെ തൊഴിലില്ലായ്മപ്രശ്നം ലോകത്തിലെ മറേറതു രാജ്യത്തെ അപേക്ഷിച്ചും ഇൻഡ്യയിൽ ഏററവും നിശിതമായിരിക്കുന്നു. എന്നിരുന്നിട്ടും വിദ്യാഭ്യാസനവീകരണപ്രശ്നത്തെപ്പററി ചിന്തി

ക്കുന്നവരുടെ സംഖ്യ നമ്മുടെ നാട്ടിൽ എത്രയോ തുച്ഛമാണ്! ലോകത്തി ലുള്ള പരിഷ്കൃതരാഷ്ട്രങ്ങളെല്ലാം ഇന്നത്തെ സാമുദായികവും സാമ്പത്തികവുമായ ആവശ്യങ്ങഠക്കനുസൃതമായി തങ്ങളുടെ വിദ്യാഭ്യാസാദൎശങ്ങളുടെ ഗുരുലഘുത്വം വീണ്ടും നിൎണ്ണയിക്കുകയും അവരുടെ വിദ്യാഭ്യാസലക്ഷ്യത്തെ മാററുകയും ചെയ്തുവരുന്നു. ലോകത്തിലെ പ്രധാനവും ധനപുഷ്ടിയുമുള്ള രാജ്യങ്ങളുടെ ഇടയിൽ അമേരിക്ക പ്രഥമസ്ഥാനം വഹിക്കുന്നു എന്നുള്ളതിനു സംശയമില്ല. ഭൂരിപക്ഷം ജനങ്ങളും വിദ്യാഭ്യാസത്തെ അതിൻെറ ഭൗതികപ്രയോജനത്തിനായിട്ടാണ്, സംസ്കാരപരമായ പ്രയോജനത്തിനായിട്ടല്ല, വരിക്കുന്നതു് എന്ന വസ്തുത അമേരിക്കക്കൂടി പൂൎവ്വാധികം ഗ്രഹിച്ചുകഴിഞ്ഞിരിക്കുന്നു. ഇതിനുംപുറമെ അവിടത്തെ യുവാക്കന്മാൎക്കു ലഭിക്കുന്ന വിദ്യാഭ്യാസത്തെ ആശ്രയിച്ചാണ് അവിടത്തെ വ്യാവസായികജീവിതത്തിൻെറ ശരിയായ പരിപുഷ്ടി സ്ഥിതിചെയ്യുന്നതു് എന്ന വസ്തുതക്കൂടി അമേരിക്കയ്ക്കു ബോദ്ധ്യമായിട്ടുണ്ടു്. ഈ സമീക്ഷണം അമേരിക്കയിലെ വിദ്യാഭ്യാസരീതിയെ ശാസ്ത്രീയം മാത്രമല്ല കൂടുതൽ പ്രയോജനകരവുമാക്കിത്തീൎക്കുന്നു. എന്നുതന്നെയുമല്ല, പ്രായോഗികവിദ്യാഭ്യാസത്തിൻെറ ആവശ്യം അമേരിക്കയുടെ വ്യാവസായികവും വാണിജ്യപരവുമായ അഭിവൃദ്ധിക്ക് അനുസരണമായി വൎദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

## പാഠപദ്ധതിനിൎമ്മാണത്തിൽ വ്യവസായികഠം സഹായിക്കുന്നു.

ലോകമഹായുദ്ധത്തിനുശേഷം അമേരിക്കയിലെ വിദ്യാഭ്യാസവിദഗ്ദ്ധന്മാർ വിദ്യാഭ്യാസപുനസ്സംഘടനപ്രശ്നത്തേയും പാഠപദ്ധതിനിൎമ്മാണത്തേയും കുറിച്ചു ഗൗരവതരമായി ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. പോരെങ്കിൽ അഭൂതപൂൎവ്വമായ സാമ്പത്തികാധഃപതനവും വിദ്യാലയങ്ങളിൽ പ്രായോഗികപരിശീലനത്തിൻെറ അതിയായ ആവശ്യകതയെ വൎദ്ധിപ്പിച്ചിട്ടുണ്ടു്. ഈ പുതിയ പരിതസ്ഥിതിയെ പുരസ്കരിച്ചു പഴയ ഹൈസ്കൂഠ കെട്ടിടങ്ങഠ നവീകരിക്കപ്പെടുകയും, പുതുതായി തീൎത്തുവരുന്ന കെട്ടിടങ്ങഠ, ക്ലാസ്സുമുറികഠ, ഗ്രന്ഥശാലകഠ, ലാബറട്ടറികഠ മുതലായവയ്ക്കു പുറമെ പണിസ്ഥലങ്ങഠക്കൂടി വ്യവസ്ഥ ചെയ്യുന്നതിനു തക്കവണ്ണം നിൎമ്മിക്കപ്പെടുകയും ചെയ്തുവരുന്നു.

ഒരോ വിദ്യാലയത്തിലും കരപരിശീലനാൎത്ഥം ഏതാനും ഉപകരണങ്ങളോടുക്കൂടിയ ഒരു പ്രത്യേകമുറിയെ സജ്ജീകരിക്കുന്ന പഴയ സമ്പ്രദായം ഇപ്പോഠ ആവശ്യമായി തീൎന്നിരിക്കുന്ന പരിശീലനം നൽകുന്നതിനു അസമൎത്ഥമെന്നു സ്പഷ്ടമായിരിക്കുന്നു. ഇന്നത്തെ ഹൈസ്കൂളിൽ ഒരു പൂൎണ്ണമായ വ്യവസായവിദ്യാഭ്യാസവകുപ്പുക്കൂടി അത്യാവശ്യമായിരിക്കുന്നു. ഭാഷ,

കണക്കു ഇവയ്ക്കു പുറമെ ഏതാനും വൃത്തികളുടെ മൗലികതത്വങ്ങളെക്കൂടി വിദ്യാർത്ഥികൾ പരിശീലിക്കുന്ന വാണിജ്യവിദ്യാലയങ്ങൾ പുതിയതല്ലതന്നെ. എന്നാൽ ചെറിയ നഗരങ്ങളിൽക്കൂടി സാധാരണ ഹൈസ്കൂളുകളെ ഈവിധത്തിൽ മാററുന്നതു ആപേക്ഷികമായ പുതിയ രീതിയാണു്. വാസ്തവത്തിൽ ഇതു് സ്കൂൾവിദ്യാഭ്യാസത്തിൽ ഒരു പുതിയ വ്യതിയാനത്തെയാണു കുറിക്കുന്നതു്. ഹൈസ്കൂളുകളെ വ്യവസായോന്മുഖമായി മാററുന്നതിൽ കാണുന്ന ഈ പ്രവണത ഇതേവരെ ഒരു ഹൈസ്കൂൾപാഠപദ്ധതിയിൽ ഉൾപ്പെടുമെന്നു സ്വപ്നേപി വിചാരിക്കാത്ത പല പാഠപദ്ധതികളും കൂടുതൽ കൂടുതലായി ഇപ്പോൾ ഉൾപ്പെടുത്തിവരുന്നതിൽനിന്നു നല്ലപോലെ സ്പഷ്ടമായി കാണപ്പെടുന്നു. ഈ മാററം നിമിത്തം സ്കൂളുകളിൽ വൃത്തിപരമായ പരിശീലനപദ്ധതികൾ രൂപവൽക്കരിക്കുന്നതിൽ സഹായിക്കുന്നതിനു വ്യവസായപ്രധാനികളുടെ സ്ഥിരമായ ഒരു ഉപദേശകസംഘത്തെ നിയമിക്കേണ്ട ആവശ്യംകൂടി നേരിട്ടിരിക്കുന്നു.

സാങ്കേതികവിദ്യാഭ്യാസത്തെ രൂപീകരിക്കുന്ന ചുമതല മുഴുവൻ വിദ്യാലയങ്ങളെ ഭരമേല്പിക്കുന്ന പഴയ സമ്പ്രദായം ഗുണപ്രദമല്ലെന്നു മാത്രമല്ല ആധുനികവ്യവസായാവശ്യങ്ങളെ നിർവ്വഹിക്കുന്നതിന് അനുയോജ്യമല്ലെന്നും ഉള്ള ഒരു ബോധം വ്യവസായികളുടെയിടയിലും വർദ്ധിച്ചുവരുന്നുണ്ടു്. തന്നിമിത്തം വ്യവസായവിദഗ്ദ്ധന്മാരും വിദ്യാലയങ്ങളിൽ നൽകിവരുന്ന സാങ്കേതികവിദ്യാഭ്യാസത്തിൽ പൂർവ്വാധികം ശ്രദ്ധ പതിപ്പിക്കുന്നതിൽ നിർബന്ധിതരായി തീർന്നിരിക്കുന്നു.

(തുടരും)